V റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എം. മുരളി: സർ, ലോക്കൽഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സപീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI റിപ്പോർട്ട് പരിഗണന

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാര്യോപദേശകസമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ.കെ.കെ. രാമചന്ദ്രൻ മാസ്റ്റർ):

പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : കാര്യോപദേശകസമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VII ധനകാര്യം

2005-2006 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. വളരെ അഭിമാനത്തോടുകൂടിയാണ് ഞാൻ ഈ ബഡ്ജറ്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിക്കുന്നത്. വളരെ അഭിമാനകരമായി ജനാധിപത്യത്തിന്റെ ഉന്നത നിലവാരം പുലർത്തിക്കൊണ്ട് ഈ ഗവൺമെന്റിലെ ഒരു മന്ത്രി ഇന്ന് രാജിപ്രഖ്യാപിച്ചു. നിയമസഭയുടെ ചരിത്രത്തിൽത്തന്നെ സുവർണ്ണലിപികളിൽ എഴുതിച്ചേർക്കേണ്ട ഒരു പ്രഖ്യാപനമാണിത്. ചെയ്യാത്ത തെറ്റിനെത്തുടർന്ന് തന്നെ കേൾക്കാതെ കോടതി നടത്തിയ ഒരു പരാമർശം. ആ പരാമർശത്തിന്റെ പേരിലാണെങ്കിൽ പോലും രാജിവയ്ക്കാൻ ശ്രീ. കെ. പി. വിശ്വനാഥൻ തയ്യാറായതിൽ തീർച്ചയായും അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ സഭയിൽ ഇതിനുമുൻപും ഇതുപോലുള്ള പല കാര്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അന്നാരും ആ ജനാധിപത്യമൂല്യം ഉൾക്കൊള്ളാൻ തയ്യാറായിട്ടില്ലായെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സർ, ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽത്തന്നെ ഇ.എം.എസ്. മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 1958-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കപ്പെട്ട ആന്ധ്രാ അരി കുംഭകോണക്കേസ്, ജസ്റ്റിസ്. പി. റ്റി. രാമൻ നായർ സിറ്റിംങ് ജഡ്ജി അന്വേഷിച്ച് അന്നത്തെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, ശ്രീ. കെ.സി. ജോർജ് കുറ്റക്കാരനാണെന്ന് വ്യക്തമാക്കിയ കേസ് ഈ നിയമസഭയിൽ, അന്ന് നിയമസഭാഹാൾ അപ്പുറത്തായിരുന്നു എന്നുള്ള വ്യത്യാസമേയുള്ളൂ. ചർച്ച നടത്തി അത് തള്ളിക്കളഞ്ഞ പാരമ്പര്യമുള്ള ഈ നിയമസഭയിലാണ് ശ്രീ. കെ. പി. വിശ്വനാഥൻ ഉന്നത നിലവാരം പുലർത്തിയതെന്ന് വരുമ്പോൾ ഞങ്ങൾക്ക് വളരെയധികം അഭിമാനമുണ്ട്. ഞാൻ അത് സാന്ദർഭികമായി സൂചിപ്പിച്ചു എന്നേയുള്ളൂ.

ശ്രീ. സി.പി. മുഹമ്മദ്: അഞ്ച് പറഞ്ഞത് ആന്ധ്രാ അരി കുംഭകോണത്തിന്റെ കാര്യമാണ്. മുഖ്യമന്ത്രിയായിരിക്കുമ്പോൾ കോടതിയ ലക്ഷ്യക്കേസിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ കേരള ഹൈക്കോടതി ശിക്ഷിച്ചു. ശിക്ഷിച്ചയുടനെ ഇ.എം.എസ്. രാജിവച്ചില്ല എന്ന് അങ്ങോക്കറിയാമോ?.

ശ്രീ. പി. ജെ. ജോയി: അന്ന് പി.റ്റി. രാമൻ നായർ ആയിരുന്നു ജസ്റ്റിസ് എന്നാണ് എന്റെ ഓർമ്മ. ഏതായാലും ആ പാരമ്പര്യം ഇന്നുവരെ ഈ നിയമസഭയിൽ ഉണ്ടായിട്ടില്ല സർ. രാഷ്ട്രീയവും അതുപോലെതന്നെ സാമ്പത്തികവുമായ ഒട്ടേറെ പരിമിതികൾക്കിടയിൽ നിന്നുകൊണ്ടാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ കന്നി ബഡ്ജറ്റ് അവതരിപ്പിച്ചത്. നാഴിയുരി പാലുകൊണ്ട് നാടാകെ കല്യാണം അതാണ് അദ്ദേഹം ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് എന്നു ചുരുക്കിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എത്രയോ പ്രതിസന്ധികളെ അതിജീവിക്കുന്ന ഒരു കാലഘട്ടമാണിത്. സാമ്പത്തികമായി എല്ലാ ബുദ്ധിമുട്ടുകളും തീർന്നുവെന്ന് ധനകാര്യവകുപ്പ്മന്ത്രി പറഞ്ഞതായി വരുത്താനുള്ള ശ്രമം, ഇന്ന് ചോദ്യോത്തരവേളയിൽ ഒരു മെമ്പർ നടത്തുകയുണ്ടായി. സാമ്പത്തിക പ്രയാസങ്ങൾ വളരെയധികം നിലനിൽക്കുന്ന ഒരു സന്ദർഭത്തിൽ ലോട്ടറി പോലുള്ള പദ്ധതികൾ നിറുത്തിവയ്ക്കേണ്ടുന്ന ഒരു സാഹചര്യത്തിൽ, അതിൽനിന്ന് കിട്ടേണ്ടുന്ന വരുമാനം പോലും ഇല്ലാത്ത സമയത്താണ് ഇങ്ങനെ ഒരു ബഡ്ജറ്റ്. സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെ യാതൊരു തരത്തിലും നികുതി ചുമത്താതെ സാധാരണക്കാർക്ക് ഗുണകരമായ ഒരു ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചതെന്ന് ഈ സന്ദർഭത്തിൽ നമുക്കെല്ലാപേർക്കും അറിയാം. കമ്മി കുറച്ചുകൊണ്ടുവരാനുള്ള ഒരു പരിശ്രമം മന്ത്രി നടത്തുന്നുണ്ട്. പുതിയ നികുതി നിർദ്ദേശങ്ങൾ വന്നാൽ അതിനെ എതിർക്കും; പുതിയ അലോട്ട്മെന്റ് ഇല്ലെങ്കിൽ അതിനെയും എതിർക്കും. അങ്ങനെയുള്ള സാഹചര്യത്തിൽ സ്വാഭാവികമായും ഒരു ധനകാര്യമന്ത്രിക്ക് കമ്മിയില്ലാതെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നുള്ളത് പ്രായോഗികമായി വിഷമമുള്ള കാര്യമാണ്; എങ്കിൽത്തന്നെ കമ്മി കുറച്ചു കൊണ്ടുവരാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം വളരെ ശ്ലാഘനീയമാണെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.നമുക്കറിയാം നമ്മുടെ ഗവൺമെന്റിന്റെ ഒരു പ്രധാന നേട്ടം ഈ വർഷങ്ങളിലൊക്കെത്തന്നെ ശ്രീ. ശങ്കരനാരായണൻ ധനകാര്യവകുപ്പുമന്ത്രി ആയിരുന്നപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ശ്രീ. വക്കം പുരുഷോത്തമൻ ധനകാര്യവകുപ്പ് മന്ത്രിയായിരിക്കുമ്പോഴും നടത്തുന്ന ടാക്സ് കളക്ഷനുള്ള താൽപ്പര്യമാണ് ഗവൺമെന്റിന്റെ നിലനിൽപ്പിന് ആധാരം അടച്ചുപൂട്ടിയ ട്രഷറികൾ തുറപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യം. ഇന്ന് ചെക്കുകൾ കൊണ്ടുനടക്കേണ്ട ഗതികേടില്ലാത്ത സാഹചര്യം. സ്വാഭാവികമായി വരുത്തി വച്ചത്. ഈ ടാക്സ് കളക്ഷനുള്ള ഏറ്റവും നല്ല പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നു എന്നുള്ളതാണ്. അതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. വാറ്റ് നടപ്പിലാക്കുന്ന. അടുത്ത സാമ്പത്തികവർഷം പുതിയ നികുതി നിർദ്ദേശങ്ങളുമായി മുന്നോട്ടുവരേണ്ടുന്ന ഒരു വർഷമാണ് ഈ കാലഘട്ടത്തിലാണ് ഇങ്ങനെയുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചത്.

സർ. വാറ്റ് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസം ചെറുതായിരിക്കുകയില്ല. ഒരു സംരംഭം തുടങ്ങുമ്പോഴാണ് അതിനുള്ള പ്രയാസങ്ങൾ ഏറ്റവും കൂടുതൽ നമ്മുടെ സമൂഹം അനുഭവിക്കാൻ പോകുന്നത്. വ്യാപാരി വ്യവസായികളെ വിശ്വാസത്തിലെടുത്ത് അവരെക്കൂടി വിളിച്ചു ചർച്ച നടത്തി ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള. വാറ്റ് നടപ്പിലാക്കുമ്പോഴുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

സാധാരണക്കാർക്ക് പതിക്കേൽക്കാതെ. വരവുചെലവു കണക്കുകൾ കൂട്ടി മുട്ടിക്കാൻ പരമാവധി ശ്രമിക്കുന്ന ബഡ്ജറ്റിൽ കൃഷിക്കാരെ ഒരു തരത്തിലും ഉപദ്രവിക്കാതെ കൃഷിക്കാർക്ക് കുറേക്കൂടി പ്രയോജനം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിച്ചിട്ടുണ്ട് എന്നു ഉള്ളത്മനസ്സിലാക്കാൻ സാധിക്കും. നാളികേര കർഷകരെ സഹായിക്കാൻ 64.56 കോടി രൂപയും കുരുമുളക് കൃഷിക്കാർക്കുവേണ്ടി 20 കോടി രൂപയും നീക്കിവയ്ക്കുന്നതോടൊപ്പം തരിശായിക്കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷിയോഗ്യമാക്കാനുള്ള തീവ്രശ്രമം നടത്തുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ ശ്ലാഘനീയമാണെന്നത് എടുത്തു പറയേണ്ടതാണ്. നമ്മുടെ നാട്ടിലെ കാർഷിക മേഖലയിൽ പൊതുവേ ഉണ്ടാകുന്നത്. കർഷകർ വളരെയധികം പരിശ്രമം നടത്തിയാൽപോലും ഉൽപ്പന്നങ്ങൾ പലതും നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. പ്രകൃതിക്ഷോഭംകൊണ്ടും രോഗംകൊണ്ടും അങ്ങേയറ്റം കൃഷി നാശം സംഭവിക്കുന്ന സാഹചര്യമുണ്ടെന്ന് നമുക്കറിയാം. അത് ഒഴിവാക്കാൻ പലപ്പോഴും പല വിധത്തിലുള്ള പദ്ധതികളൊക്കെ ഗവണ്മെന്റ് ആവിഷ്കരിക്കുന്നുണ്ടെങ്കിലും അതൊന്നും പ്രായോഗികമായി ഫലപ്രദമായി കൃഷിക്കാർക്ക് ലഭിക്കുന്നില്ല. പ്രകൃതിക്ഷോഭം നേരിടാനോ അത് ഇല്ലാതാക്കാനോ ശ്രമിച്ചാൽ അത് നടക്കുന്ന കാര്യമല്ല. പല രോഗങ്ങളും ഇല്ലാതാക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്നുണ്ട്. രോഗങ്ങളില്ലാതാക്കാൻ കഴിയുന്ന സാഹചര്യമെന്ന് പറയുന്നത്. അതിന് വ്യക്തമായ ഗവേഷണം നടത്തി, ഫലപ്രദമായ മരുന്ന് കണ്ടെത്തി രോഗപ്രതിരോധം നടത്താൻ പലപ്പോഴും കഴിയുന്നില്ല എന്നുള്ളത് വളരെ ഖേദകരമാണ്. നമുക്ക് സെൻട്രൽ ഗവേഷണകേന്ദ്രങ്ങളുണ്ട്. അതുപോലെ സംസ്ഥാനാടിസ്ഥാനത്തിൽ ഗവേഷണ കേന്ദ്രങ്ങളുണ്ട്. ഫലപ്രദമായ മരുന്നുകൾ കണ്ടെത്തി ചികിൽസ നടത്താൻ കഴിയുന്ന ഈ രംഗത്ത്. കാർഷിക മേഖലയെ സമ്പുഷ്ടമാക്കാൻ കഴിയുന്നില്ല എന്നുള്ള നിർഭാഗ്യകരമായ അവസ്ഥയുണ്ട്. ഈ ഗവണ്മെന്റ് ഇക്കാര്യത്തിൽ കുറേക്കൂടി ശുഷ്കാന്തി കാണിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ജീവനക്കാരുടെ പ്രശ്നം. ഇവിടെ ഇന്നലേയും മിനിഞ്ഞാന്നുമൊക്കെ നടന്ന പ്രസംഗങ്ങളിൽ വന്ന അഭിപ്രായപ്രകടനങ്ങൾ. ജീവനക്കാരുടെ പ്രശ്നങ്ങൾ സർക്കാർ കാണുന്നില്ല എന്നാണ്. ഗവർണ്ണർ നയപ്രഖ്യാപനം നടത്തുമ്പോൾ, അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ ചുവടുപിടിച്ചുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ എന്നും ജീവനക്കാർക്കുവേണ്ടി നിന്നിട്ടുള്ള യു.ഡി.എഫ്. ഗവണ്മെന്റ് ജീവനക്കാർക്കുവേണ്ടി എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണമെന്ന് പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. വാറ്റ് നടപ്പിലാക്കുമ്പോൾ നിത്യോപയോഗ സാധനങ്ങളെ പരമാവധി നികുതിയിൽനിന്നും ഒഴിവാക്കാനുള്ള നടപടി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. പല പരമ്പരാഗത വ്യവസായങ്ങളും ഇന്ന് പ്രതിസന്ധിയിലാണ്. അതിന്റെ അസംസ്കൃത വസ്തുക്കളെ സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത തൊഴിലാണ് പനമ്പുനെയ്ത്ത്. അവർ പനമ്പ് കൊണ്ടു പോകുമ്പോൾ, ഈറ്റ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ, ബാംബൂ പ്ലൈ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ കൊണ്ടുപോകുമ്പോൾ 4 ശതമാനം സെയിൽസ് ടാക്സ് ചുമത്തിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. വാറ്റ് നടപ്പിലാക്കുമ്പോൾ ഈറ്റ ഉൽപ്പന്നങ്ങളെ സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ വളരെ നല്ല താൽപര്യം അങ്ങ് എടുത്തതിനെ ഞാൻ കൃതജ്ഞതയോടുകൂടി കാണുകയാണ്. 1375 കോടി രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വാർഷിക വിഹിതമായി കൊടുക്കുന്നു എന്നു മാത്രമല്ല, ജനറൽ ഫണ്ടിന് പർപ്പസിനത്തിനും ഗ്രാന്റ് നൽകാൻ ഈ ഗവണ്മെന്റ് തയ്യാറാകുന്നു. അതുപോലെ പൊതു ആസ്തികളുടെ മെയിന്റനൻസിനുള്ള 491 കോടി രൂപ നീക്കി വയ്ക്കാൻ ഗവണ്മെന്റ് തയ്യാറാകുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു നിർദ്ദേശമുണ്ട്, ആസ്തികളുടെ മെയിന്റനൻസിന് എന്നതിനേക്കാൾ റോഡുകളുടെ റീ-ടാറിംഗിന് ഉപയോഗിക്കത്തക്കവിധത്തിൽ സമിതി തീരുമാനിച്ചാൽ മാറ്റം വരുത്തി ഫണ്ട് വിനിയോഗിക്കാൻ കഴിയണം. ഈ സാമ്പത്തികവർഷം ചില പഞ്ചായത്തുകൾക്ക് മെയിന്റനൻസിന് കൊടുത്ത ഫണ്ടുകൾ ചെലവഴിക്കാൻ പറ്റാതിരിക്കുകയാണ്. കാരണം, അവർക്ക് ബിൽഡിംഗ്സ് ഉണ്ടാകില്ല, സ്വന്തമായി മറ്റേതെങ്കിലും സംവിധാനങ്ങളും ഉണ്ടാകില്ല. അതുകൊണ്ട് പഞ്ചായത്തുകൾ തീരുമാനിച്ചാൽ അത് റോഡുകളുടെ റീ-ടാറിംഗിനുള്ള, വികസന കാര്യങ്ങൾക്കുവേണ്ടി മാറ്റാൻ കഴിയത്തക്ക വിധത്തിൽ അതിനുള്ള നിർദ്ദേശം കൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഇറിഗേഷൻ വകുപ്പിന് 138 കോടി രൂപ വക കൊള്ളിച്ചതായിട്ടാണ് ബഡ്ജറ്റിൽ കാണുന്നത്. കുടിവെള്ള പദ്ധതിക്ക് അതേ ഫണ്ടിൽനിന്നും തുക കണ്ടെത്തണം. എന്റെ നിയോജക മണ്ഡലത്തെക്കൂടി ബാധിക്കുന്ന, കേരളത്തിലെ ആറേഴ് എം.എൽ.എ.-മാരെക്കൂടി ബാധിക്കുന്ന, വളരെ വിപുലമായ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് രൂപം

കൊടുത്ത ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരികയാണ്. ഈ സാമ്പത്തികവർഷം തന്നെ 75 കോടി രൂപയുടെ വർക്ക് നടക്കുകയാണ് പ്ലാനിംഗ് ബോർഡ് ഇക്കാര്യത്തെ സംബന്ധിച്ച് എന്താണ് ഉദ്ദേശിച്ചത് എന്ന് മനസ്സിലാകുന്നില്ല. ഓൺ ഗോയിംഗ് വർക്ക് തീർക്കാൻ ഗവണ്മെന്റ് മുൻഗണന കൊടുക്കണം. മൂവാറ്റുപുഴവാലി പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ് പ്രോജക്ട് ഫണ്ടിൽനിന്നും സഹായം കിട്ടാനുള്ള സാഹചര്യമുണ്ട്. അതിന് ഫണ്ട് കൊള്ളിച്ചാൽ സഹായം കിട്ടും. ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് സെൻട്രൽ ഗവണ്മെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. തമിഴ്നാടുമായി അന്തർസംസ്ഥാന നദീജലക്കരാറിന്റെ ഭാഗമായി കിടക്കുന്ന ഡിസ്പ്യൂട്ടഡ് ഇഷ്യൂ ആയതുകൊണ്ട് കേന്ദ്ര ഗവണ്മെന്റ് ഇതുവരെ അംഗീകരിക്കാത്ത സാഹചര്യമുണ്ട്. ആ സാഹചര്യത്തിൽ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് 2006-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. അത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. അതുകൊണ്ട് എല്ലാ വിഷയങ്ങളും ടച്ച് ചെയ്തുകൊണ്ട് എല്ലാ നിലയിലും സാധാരണക്കാർക്ക് പ്രയോജനകരമായ രീതിയിൽ രൂപം കൊടുത്ത ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. പി. നാരായണൻ: സർ, ഇന്ന് രാവിലെയുള്ള അടിയന്തര പ്രമേയത്തിന്റെ ചർച്ചയെത്തുടർന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, ശ്രീ. കെ.പി. വിശ്വനാഥൻ രാജിവച്ചതായിട്ടാണ് അറിയുന്നത്. അതുപോലെ എത്ര മന്ത്രിമാർ രാജിവയ്ക്കും എന്നുള്ളത് കണ്ടറിയണം. ഈ കിഴ്വഴക്കം എല്ലാപേരും കാത്തു സൂക്ഷിച്ചാൽ വളരെ നന്നായിരിക്കും. എനിക്ക് അതിനെക്കുറിച്ച് അത്രയേ പറയാനുള്ളൂ.

ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. ഈ സർക്കാർ 2001 മേയ് 17-ന് അധികാരത്തിൽ വന്നതാണ്. 2001 ജൂൺ മാസത്തിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിച്ചിരുന്നു. മുൻ എൽ.ഡി.എഫ്. സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ ഉദ്ദേശിച്ചുകൊണ്ട് പുറത്തിറക്കിയ ധവളപത്രം അനുസരിച്ച് കേരളത്തിന്റെ പൊതുക്കടം 20176 കോടി രൂപയാണ്. ഇത് 1957 മുതൽ 2001 മേയ് വരെയുള്ള 44 വർഷത്തെ കണക്കാണ്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 31-3-2004 വരെയുള്ള പൊതുക്കടം 37,452 കോടി രൂപയാണ്. 31-3-2005 ആകുമ്പോൾ ഇത് 44,942 കോടി രൂപയാകുമെന്നാണ് കണക്ക്. ഇങ്ങനെ ഒരു വർഷംകൂടി ഈ സർക്കാരിനെ സഹിക്കേണ്ടിവന്നാൽ പൊതുക്കടം 53,930 കോടി രൂപയാകുമെന്ന് ഉറപ്പാണ്. ഈ കണക്ക് ഗിന്നസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇത്രയധികം പൊതുക്കടം വർദ്ധിച്ചിട്ടില്ല. ഈ സർക്കാരിന്റെ പിടിപ്പുകേടിന് ഏറ്റവും വലിയ ഉദാഹരണമാണിത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റിനെ ശക്തിയായി ഏതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യം കാർഷിക രാജ്യമാണ്. കൃഷിയെ അവഗണിച്ചുകൊണ്ട് ഏത് ഗവണ്മെന്റിന് മുന്നോട്ടുപോകാൻ കഴിയും? കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലിരുന്ന അവസരത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി പാലക്കാട്, കുട്ടനാട്, വൈക്കം എന്നീ സ്ഥലങ്ങളിൽ മൂന്ന് മോഡേൺ റൈസ് മില്ലുകൾക്ക് തുടക്കമിട്ടിരുന്നു. ആ ഗവണ്മെന്റിന്റെ കാലത്ത് 50 ശതമാനത്തിലധികം വർക്ക് നടന്നിരുന്നു. ഗവണ്മെന്റ് മാറി വന്നതിനുശേഷം മോഡേൺ റൈസ് മില്ലുകളെ മുന്നോട്ടു കൊണ്ടുപോകാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ വിഷയം പലവട്ടം സബ്മിഷനിലൂടെയും ശ്രദ്ധക്ഷണിക്കലിലൂടെയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷേ ഒരു നടപടിയും സ്വീകരിക്കുന്നില്ല. അത് കേരളത്തിലെ കർഷകരോട് കാണിക്കുന്ന ഏറ്റവും വലിയ ദ്രോഹമാണ്.

അതുപോലെതന്നെ കർഷകർ ഇന്ന് കൊയ്ത്ത് ആരംഭിച്ചുവെങ്കിലും നല്ല് എടുക്കാൻ ആളില്ല. പാടശേഖര സമിതികളും സഹകരണ സംഘങ്ങളും നെല്ല് സംഭരിക്കണമെന്ന് പറയുന്നുണ്ടെങ്കിലും നെല്ല് സംഭരിച്ചതിന് ശേഷം അത് വിറ്റഴിക്കാനുള്ള ഏർപ്പാടുണ്ടായിട്ടില്ല. ഗവൺമെന്റ് അക്കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല. നിരവധി പ്രാവശ്യം കൃഷിക്കാർ ഇതിനെക്കുറിച്ച് നിവേദനം കൊടുക്കുകയും ഗവൺമെന്റിനെ നേരിട്ട് വിവരമറിയിക്കുകയും ചെയ്തിട്ടുപോലും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നില്ല. കഴിഞ്ഞ ദിവസം ഈ സഭയിൽ നിരവധി മെമ്പർമാർ ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. കൊയ്ത്ത് ആരംഭിക്കുമ്പോൾ തന്നെ ധാരാളം നെല്ല് വെളിയിൽ നിന്ന് വരാറുണ്ട്. ഒരു നിയന്ത്രണം ഏർപ്പെടുത്തിയാൽ നമ്മുടെ കൃഷിക്കാർക്ക് ഇതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ സാധിക്കും. ഇന്ന് ഓപ്പൺ മാർക്കറ്റിൽ തന്നെ അരിയുടെ വില കിലോഗ്രാമിന് രൂപ 13-ഉം 14-ഉം ഉള്ളപ്പോൾ നെല്ലിന് വില ഇല്ലെന്ന് പറയുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇതിനെക്കുറിച്ചൊരു പഠനം നടത്തണ്ടേ? കൃത്രിമക്ഷാമം സൃഷ്ടിച്ചുകൊണ്ട് കുത്തകമില്ലുകാർ ഇതിന്റെ നിയന്ത്രണം ഏറ്റെടുത്തിരിക്കുകയാണ്. പൊതുമേഖലയിലുള്ള മോഡേൺ റൈസ് മില്ലുകൾ വന്നുകഴിഞ്ഞാൽ കൃഷിക്കാർക്ക് ധാരാളം പ്രയോജനമുണ്ടാകും. എന്തുകൊണ്ടാണ് ഗവൺമെന്റ് അതിന്റെ പണികളുമായി മുന്നോട്ട് പോകാൻ തയ്യാറാകാത്തത് എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കാരണം ഇനിയും 40% ബാക്കിയുള്ള മില്ലുകളുണ്ട്. അതിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തീകരിച്ചാൽ കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും രക്ഷിക്കാനുള്ള എല്ലാ നടപടികളും ഉണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം കൂടി പറയാനുണ്ട്. വൈക്കം ആഗ്മെന്റേഷൻ പദ്ധതി എന്നൊരു പദ്ധതി എന്റെ നിയോജക മണ്ഡലത്തിലും അതുപോലെതന്നെ തൊട്ടടുത്ത കടുത്തുരുത്തി മണ്ഡലത്തിലും കഴിഞ്ഞ ഗവൺമെന്റ് രൂപം കൊടുത്തതാണ്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ മന്ദഗതിയിലാണ്. അത് പൂർത്തീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഉദ്യോഗസ്ഥൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൂടുതൽ കാര്യങ്ങളിലേക്കൊന്നും കടക്കാതെ ഒരിക്കൽ കൂടി ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ബാലേട്ടൻ ഇന്നലെ പ്രസംഗിച്ചു നിർത്തിയ സ്ഥലത്തു നിന്ന് തുടങ്ങാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. '100 ദിവസം ജനങ്ങളോടൊത്ത്' എന്ന പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പുസ്തകമാണ് എന്റെ കയ്യിലുള്ളത്. ഇന്നലെ ബാലേട്ടൻ പ്രസംഗിച്ചതിന് ശേഷമാണ് ഞാൻ ഈ പുസ്തകം കാണുന്നത്. 96 പേജുകളുള്ള 52 ഇനങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ബുക്കാണ്. 100 ദിവസത്തെ പരിപാടികളിൽ വിജയകരമായ നേട്ടം കൈവരിച്ചതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ പതിനെട്ടാമത്തെ പേജിലെ ഒരു മാമ്പഴം മുഖ്യമന്ത്രിക്ക് എന്ന കാര്യം മാത്രമാണ് ശ്രീ. ബാലേട്ടൻ ഇവിടെ പറഞ്ഞത്. എനിക്ക് ഇങ്ങനെ ഒരു അവസരം കിട്ടിയതിൽ സന്തോഷമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ച് പത്രങ്ങൾ എഴുതിയ ഒരുപാട് കാര്യങ്ങളുണ്ട്. ഈ പുസ്തകത്തിന്റെ അവസാന പേജിൽ കേരള കൗമുദി പറഞ്ഞത്, 'അശരണരുടെ ചീഫ് മിനിസ്റ്ററാണ് ശ്രീ. ഉമ്മൻചാണ്ടി എന്നാണ്.' ഇത് ഞങ്ങളുടെ പത്രമല്ല. യു.ഡി.എഫ്-നെ അനുകൂലിക്കുന്ന പത്രമല്ല. മാതൃഭൂമി എഴുതിയിരിക്കുന്നു, 'ദുർബലവിഭാഗങ്ങളുടെ ക്ഷേമത്തിനും ഭേദപ്പെട്ട ജനസേവനത്തിനുമായിരിക്കും ജനുവരി 1-ന് തുടങ്ങുന്ന ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഊന്നൽ നൽകുന്നത്. ഒപ്പം ഉയർന്ന തോതിലുള്ള സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നുണ്ട്' എന്നാണ്. ദേശാഭിമാനി പറഞ്ഞത്, '100 ദിവസം മുൻപ് ഒന്നേകാൽ ലക്ഷം ഫയലുകൾ ബാക്കിയുണ്ടായിരുന്നു. അവയിൽ 68,180 ഫയലുകൾ തീർപ്പാക്കി. ബാക്കിയുള്ള 56,820 ഫയലുകളിൽ 36,180 ഫയലുകൾ കോടതി കേസുകളുമായി ബന്ധപ്പെട്ടവയാണ്. ജനസമ്പർക്ക പരിപാടിയിൽ 96,000 പരാതികൾ ലഭിച്ചു. ഇവയിലധികം ഫയലുകളായി മാറിയിട്ടുണ്ടാകാം' എന്നാണ്. ഫയലുകൾ വേഗം തീർപ്പാക്കി എന്നു പറഞ്ഞാൽ ഫയലുകൾ ഇല്ലാതാക്കുക എന്നർത്ഥമില്ല. ദേശാഭിമാനി എഴുതിയത് ഫയലുകൾ ഇനി വേണ്ട എന്നുള്ള അഭിപ്രായമാണ്. ഫയലുകൾ ഉണ്ടായില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്ക് ഗുണം ചെയ്യാൻ കഴിയില്ല. ശ്രീ. എ.കെ. ആന്റണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഞാൻ തദ്ദേശസ്വയംഭരണ വകുപ്പിൽ ഫയൽ അദാലത്ത് ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കി. 74% ഫയലുകൾ തീർപ്പാക്കിയ ഒരു ചരിത്ര സംഭവമായിരുന്നു അത്. മാധ്യമം പറയുന്നത്, "മുഖ്യമന്ത്രി കേരളം മുഴുവൻ ഓടിനടത്തിയ ജനസമ്പർക്ക പരിപാടിമൂലം കൂടുതൽ ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചതും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുണ്ടാക്കിയതുമടക്കം അനവധി നേട്ടങ്ങൾ ഈ കർമ്മ പരിപാടികൊണ്ട് നാടിനുണ്ടായി" എന്നാണ്. ഈ പത്രങ്ങളൊക്കെ പറയുന്ന കാര്യം മുഖവിലയ്ക്ക് എടുക്കേണ്ടതല്ല എന്നുള്ളത് ബഹുമാനപ്പെട്ട ശ്രീ. ബാലേട്ടൻ മനസ്സിലാക്കിയില്ല എന്നതാണ് ഇതുകൊണ്ട് മനസ്സിലാകുന്നത്. 96 പേജുകളുള്ള ഈ പുസ്തകത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ സംബന്ധിച്ച 52 ഇനങ്ങളിൽ ഇവിടെ നടപ്പിലാക്കിയ കാര്യങ്ങളെ സംബന്ധിച്ച് പറയുകയാണ്. വികസനം മുന്നോട്ട്, വിവാദങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പിന്നോട്ട്, ലക്ഷ്യം കവിഞ്ഞ പ്രയാണം, ജനങ്ങളുമായി നേരിട്ടുള്ള സമ്പർക്കം, 19976 പേർക്ക് ജോലി, ജനകീയ ഭരണത്തിന്റെ പുതുവഴികൾ, മൺചിരാതുകൾ മിഴി തുറന്നു. മെട്രോ റെയിലിന് അംഗീകാരം, ജനജീവിതത്തിന്റെ വെളിപാട്. 23 വർഷത്തെ കാത്തിരിപ്പ്, ഹർത്താലിനെതിരെ ബി.ബി.സി, എൻഡോസൾഫാനെ നാടുകടത്തി, ഒളവണ്ണയുടെ മുഖച്ഛായ മാറി, ശബരിമല തീർത്ഥാടകർക്ക് ആശ്വാസം, കുരുമുളക് സംഭരണം, എൽ.എൻ.ജി ടെർമിനൽ, സ്മാർട്ട് സിറ്റി, സുതാര്യ കേരളം, ശരിയായ ദിശാബോധം, 25535 പേർക്ക് ഭൂരേഖ, ഫാസ്റ്റ് ട്രാക്ക്, കരയാത്ത കുട്ടിക്കും പാൽ, വ്യാപാരികൾക്ക് ഐ.ഡി കാർഡ്, ഈ മണ്ണ് സ്വന്തം, കാർട്ടൂൺ, വെളിച്ച വിപ്ലവം, കൽപ്പകവൃക്ഷങ്ങൾക്ക് കായ്ഫല കാലം, ജനാധിപത്യത്തിലെ രാജാക്കൻമാർ, കുടിവെള്ളം സുഭിക്ഷം, കടലാസില്ലാത്ത കളക്ടറേറ്റ്, തുറക്കുന്ന കവാടങ്ങൾ, സാസ്കാരിക സമൂഹത്തിലെ വെളിച്ചങ്ങൾ, കുടംബശ്രീ എന്ന മുഖശ്രീ, ഓർമ്മകളുടെ ഓളപരപ്പിലൂടെ, ശബരിമലയിലെ സൗകര്യങ്ങൾ ഒരുക്കുക, ജയിക്ക മലയാളമേ, സ്വർണ്ണ പതക്കം, സുതാര്യമായ മരുന്ന് സംഭരണം, ഒരു സെന്റിന് 100 രൂപ, മാനുഷിക ആരോഗ്യകേന്ദ്രങ്ങൾക്ക് 6.32 കോടി രൂപ, സൗജന്യറേഷൻ വ്യാപകമാക്കി, കാട് കാക്കാൻ കാടിന്റെ മക്കൾ, മലയോര വികസന ഏജൻസി, തീരദേശ വികസന ഏജൻസി, ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹം, 15,103 പേർക്ക് തൊഴിൽ, സ്കൂൾ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണം, വികസനത്തിന്റെ രാജപാതകൾ, ഉഷാ സ്കൂളിന് 30 ഏക്കർ, ആദിവാസിജനതയുടെ ഉയർത്തെഴുന്നേൽപ്പ്, പുതിയ ലോകം പുതിയ ചിന്ത. ജനസമ്പർക്കം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് വളരെ വിശദമായി പ്രതിപാദിക്കുന്ന ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഈ പുസ്തകത്തിലെ ഒരു പേജ് മാത്രം എടുത്തുകൊണ്ട് ഈ ഗവൺമെന്റിനെ ആക്ഷേപിക്കുന്ന നയം ഒരിക്കലും ഒരു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ല. ഒരു മുന്നണിയെ സംബന്ധിച്ചിടത്തോളം അത് വളരെ മോശമായ നിലപാടാണ് എന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് തുടങ്ങി ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിൽ എത്തിനിൽക്കുന്ന കേരളത്തിന്റെ ജനമുന്നേറ്റത്തിന്റെ നാളുകളാണ് കടന്നുവരുന്നത്. സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് ജനക്ഷേമകരവും ജനോപകാരപ്രദവുമായ പദ്ധതികളും പരിപാടികളുമാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ അഞ്ചാമത്തെ ബഡ്ജറ്റാണിത്. അധിക നികുതി ബാദ്ധ്യതകളൊന്നും വരുത്താതെ സാമ്പത്തിക അച്ചടക്കം പൂർണ്ണമായി ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചെലവുകൾ കൂടിക്കൊണ്ടിരിക്കുന്നു, വരുമാനം കുറഞ്ഞുവരുന്നു. ഇതാണ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലപാട്. എന്നിട്ടും കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കുതിച്ചുച്ചാട്ടമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിലൂടെയാണ് ആന്റണി സർക്കാർ അധികാരത്തിൽ വന്നത്. വളരെ പെട്ടെന്ന് തന്നെ അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണ് കാർഷികോൽപ്പന്നങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുള്ളത് എന്നുള്ളത് അപ്പുറത്തിരിക്കുന്ന ആളുകൾ മറക്കരുത്. അപ്പുറത്ത് ആരും ഇല്ലാത്തതുകൊണ്ട് ഇത് കേൾക്കാൻ കഴിയില്ല എന്നതാണ് സത്യം. അതിരൂക്ഷമായ വരൾച്ചമൂലം കൃഷിനാശമുണ്ടായപ്പോൾ കർഷകർക്ക് ആശ്വാസമുണ്ടാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി. കുരുമുളകിനും അടയ്ക്കക്കും സബ്സിഡി നൽകി. കാസർഗോട്ടെ പ്രധാന കാർഷികോൽപ്പന്നമായ അടയ്ക്ക കൃഷി നടത്തുന്ന 10 രൂപ വച്ച് വച്ചുകൃഷിക്കാർക്ക് നൽകുന്ന സബ്സിഡി നൽകാൻ തുടങ്ങിയത് കഴിഞ്ഞ വർഷമാണ്. ഈ കൊല്ലവും അടയ്ക്കക്ക് സബ്സിഡി കൊടുത്തു തുടങ്ങി. ഗവൺമെന്റ് നിശ്ചയിച്ച ഒരു കിലോയ്ക്ക് കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നില്ല എന്നുള്ള സത്യം ഞാൻ ഇവിടെ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. വില എത്രയാണെങ്കിലും കൃഷിക്കാർക്ക് ഒരു കിലോ അടയ്ക്കയ്ക്ക് 10 രൂപ വച്ച് സബ്സിഡി കിട്ടുന്ന തരത്തിൽ ഉത്തരവ് മോഡിഫൈ ചെയ്തുകൊണ്ട് ഏജൻസിയായ കാംകോയ്ക്ക് നൽകണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കാംകോ മുഖേന അടയ്ക്ക സംഭരിക്കുന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ ആവശ്യക്കാർക്ക് ഈ ആനുകൂല്യം ഒരു കാരണവശാലും ലഭിക്കാത്തത്. അവർ കർണ്ണാടകയിൽനിന്നും അടയ്ക്ക കൊണ്ടുവന്ന് സബ്സിഡി കളവായി എഴുതി എടുക്കുകയാണ് ചെയ്യുന്നത്. സഹകരണസംഘങ്ങൾ മുഖേന അടയ്ക്ക സംഭരിക്കാൻ ഒരു സംവിധാനം ഉണ്ടാക്കിയാൽ അടയ്ക്ക കൃഷിക്കാർക്ക് അത് വലിയ ഗുണമാകും. അങ്ങനെയൊരു നിർദ്ദേശം അങ്ങ് വയ്ക്കുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഞാൻ ഈ അപാകതകൾ നേരത്തെ തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. കേരള അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് സൊസൈറ്റിയെ ഇത് ഏൽപ്പിക്കണം എന്നുള്ള ഒരു വ്യക്തമായ അഭിപ്രായം എനിക്കുണ്ട്. അതിനിടയിലാണ് ഗവണ്മെന്റ് കാംകോയ്ക്കുതന്നെ വീണ്ടും കൊടുത്തു എന്ന് പറയുന്നത്. നിരവധി ആക്ഷേപങ്ങൾ ഇത് സംബന്ധിച്ച് വന്നിട്ടുണ്ട്. എന്തുതന്നെയായാലും ഇതിനൊരു മോഡിഫൈയിംഗ് ഓർഡർ അടിയന്തരമായി ആവശ്യമാണ്. എത്ര വിലയാണെങ്കിലും തരക്കേടില്ല; വിലയുടെ മുകളിൽ 10/ രൂപ അടയ്ക്കയ്ക്ക് സബ്സിഡി കിട്ടത്തക്കരീതിയിലുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. കാർഷിക-വ്യാവസായിക-സ്വയം തൊഴിൽ രംഗത്ത് തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തി. വിവിധ മേഖലകൾ വികസിച്ചു വരുമ്പോൾ തൊഴിലില്ലായ്മയ്ക്ക് കൂടുതൽ പരിഹാരം കാണാൻ കഴിയും. സുനാമി നമ്മുടെ നാടിനെ അപകടത്തിലാക്കി. മൽസ്യത്തൊഴിലാളികൾ ഇന്ന് പ്രയാസം അനുഭവിക്കുകയാണ്. തെറ്റായ പ്രചരണങ്ങൾ വഴി സംസ്ഥാനത്തിന്റെ പല ഭാഗത്തും മത്സ്യം വാങ്ങുന്നത് ആളുകൾ നിർത്തിയിരിക്കുകയാണ്. വളരെ പ്രയാസം അനുഭവിക്കുന്ന ഒരു സാഹചര്യത്തിൽ അവർ അസംബ്ലിയിൽ ഒരു മത്സ്യവിരുന്നു നടത്തി. അതുകൊണ്ട് മാത്രം കാര്യമില്ല. എല്ലാ സ്ഥലത്തും ഇത് സംബന്ധിച്ച വ്യാപകമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രചാരണം നടത്തി മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ അവർക്ക് സൗജന്യറേഷൻ നൽകുന്നത് തുടർന്ന് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. യുദ്ധകാലാടിസ്ഥാനത്തിൽ സുനാമി ബാധിതരുടെ പുനരധിവാസവും പുനരുദ്ധാരണവും നടത്തിക്കൊണ്ടിരിക്കുന്ന ഗവണ്മെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. പ്രതിപക്ഷം അതിന്റെ പേരിൽപ്പോലും സർക്കാരിനെ പഴിക്കുകയാണ്. ആ പഴിക്കുന്നത് എത്രത്തോളം ശരിയാണെന്നുള്ളത് സ്വയം മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. വിദ്യാഭ്യാസ മേഖല വികസിപ്പിച്ചു. പ്രൊഫഷണൽ കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ധാരാളം കേരളത്തിൽ സ്ഥാപിച്ചു. കേരളത്തിന്റെ മക്കൾ അന്യ സംസ്ഥാനങ്ങളിൽ പോയി അനുഭവിച്ച സാമ്പത്തികവും ശാരീരികവുമായ പ്രയാസം ഇനി തുടരേണ്ടതില്ലെന്നുള്ളതാണ് യു.ഡി.എഫ്. ഗവണ്മെന്റ് ആഗ്രഹിച്ചത്. അതിനുവേണ്ടിയുള്ള ശ്രമങ്ങളും ഈ സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അത് തുടർന്നുവരികയാണ്. സംസ്ഥാനത്തെ ജനങ്ങളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി വികസന മേഖലയിൽ വലിയ മാറ്റം വരുത്താനും സാമ്പത്തിക അച്ചടക്കം പൂർണ്ണമായും ഉറപ്പുവരുത്തിക്കൊണ്ട് മുന്നോട്ടുപോകാനും സർക്കാരിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു; എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ബഡ്ജറ്റിനെ പൊതുവെ സ്വാഗതം ചെയ്യുകയാണ്. പറയുന്ന കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കണമെന്നും പ്രാവർത്തികമാക്കാവുന്ന കാര്യങ്ങളേ പറയാവൂ എന്നും നിർബന്ധമുള്ള ഒരാളാണ് ശ്രീ. വക്കം പുരുഷോത്തമൻ. അദ്ദേഹം കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോഴും. ആരോഗ്യ വകുപ്പുമന്ത്രി ആയിരുന്നപ്പോഴും സ്പീക്കറായിരുന്നപ്പോഴും, ലെഫ്റ്റനന്റ് ഗവർണ്ണറായിരുന്നപ്പോഴുമൊക്കെ ഈ 'വക്കംടച്ച്' അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളിലും വന്നിട്ടുണ്ട്. എന്നാൽ ഈ ബഡ്ജറ്റിൽ അത് എന്തോ പൂർണ്ണമായി പ്രതിഫലിച്ചിട്ടില്ല എന്ന് എനിക്ക് തോന്നുന്നു അദ്ദേഹത്തിന് പരിമിതികൾ ഏറെ ഉണ്ടാകും. അതുകൊണ്ടാണോയെന്ന് എനിക്കറിയില്ല, അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ മൂന്നാമത്തെ പാരഗ്രാഫിൽ ശ്രീ. എ.കെ. ആന്റണിയെ കുബേരനായും ശ്രീ. ഉമ്മൻ ചാണ്ടിയെ അനുജസ്ഥാനീയനായ വ്യക്തിയായും പറഞ്ഞിരിക്കുന്നു. പുരാണം പറയുന്നത് ലോകത്തിലെ ഏറ്റവും വലിയ ധനികൻ കുബേരനും ഏറ്റവും വലിയ ദരിദ്രൻ കുചേലനുമാണെന്നാണ്. ബ്രഹ്മാവിനടുക്കൽ തപസ്സിരുന്ന് വരം വാങ്ങിയ അനുജനായ രാവണൻ ആദ്യം ചെയ്തത് ജ്യേഷ്ഠനായ കുബേരനെ നാടുകടത്തുകയായിരുന്നു. എന്നിട്ട് എല്ലാം കൈക്കലാക്കി. അതിനുശേഷം അദ്ദേഹം മരണം തുടർന്നു. ആ മരണം ദുഷ്ടത നിറഞ്ഞ മരണമായിരുന്നു എന്നാണ് പുരാണം പറയുന്നത്. പിന്നെ ആ മരണം അവസാനിപ്പിക്കാൻ ശ്രീരാമൻ അവതരിക്കേണ്ടിവന്നു. അങ്ങനെയാണ് രാവണന്റെ വധം നടക്കുന്നത്. എന്നാൽ അങ്ങ് അതൊന്നും ഉദ്ദേശിച്ചുകൊണ്ടല്ല ഇത് പറഞ്ഞതെന്ന് ഞാൻ കരുതുന്നു; ആ രീതിയിലായിരിക്കില്ല ഈ ഉപമ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണെങ്കിലും കഴിഞ്ഞ ഗവണ്മെന്റിന്റെ പിന്തുടർച്ച എന്നുള്ള നിലയിൽ കൊണ്ടുവന്നിരിക്കുന്ന ബഡ്ജറ്റിനകത്ത് പല കാര്യങ്ങളും സ്വാഗതാർഹ മായിട്ടുള്ളതുണ്ട്. കുറേക്കൂടി മാറ്റങ്ങൾ നമുക്കാവശ്യമാണ്. 33 വർഷങ്ങൾക്കു ശേഷമാണ് ഒരു സംപൂർണ്ണ ബഡ്ജറ്റ് ഇവിടെ വരുന്നത്. അത് കൊണ്ടുവരാ നുള്ള ഭാഗ്യം അദ്ദേഹത്തിന് കിട്ടി. വളരെ നല്ല കാര്യമാണ്. അതുകൊണ്ട് അങ്ങനെ നമുക്ക് വോട്ട് ഓൺ അക്കൗണ്ടും 4 മാസം കഴിയുമ്പോൾ പിന്നെ പണം കിട്ടുമോയെന്നുള്ള പ്രശ്നങ്ങളുമൊക്കെ മാറ്റി ഇതിലൂടെ നമ്മുടെ ഓരോ ഡിപ്പാർട്ടുമെന്റിനും, അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിനും മുന്നോട്ടു പോകാനുള്ള അവസരം ഉണ്ടാകുന്നുണ്ട്. അതുപോലെതന്നെ മൂല്യവർദ്ധിത നികുതി (VAT) ഏർപ്പെടുത്തിയതിനുശേഷമുള്ള ആദ്യത്തെ ബഡ്ജറ്റാണിത്. അത് എങ്ങനെ നമ്മളെ ബാധിക്കാൻ പോകുന്നു എന്നുള്ളത് ഫലത്തിൽ നമുക്ക് കാത്തിരുന്നേ കാണാൻ കഴിയൂ. ഇപ്പോൾ അതേക്കുറിച്ച് പറയുന്നത് ശരിയായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പല തരത്തിലുള്ള ആശങ്കകൾ ആളുകളുടെ മനസ്സിലുണ്ട്. അത് ദൂരീകരിക്കാൻ അദ്ദേഹം ശ്രമിക്കണം. കാതലായ ഒരു കാര്യം ബഡ്ജറ്റിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് റവന്യൂ കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരണമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതിനെക്കുറിച്ചാണ്. 4072 കോടി രൂപയുടെ റവന്യൂ കമ്മിയും 997.18 കോടി രൂപയുടെ വർഷാന്ത്യ കമ്മിയും ഈ ബഡ്ജറ്റിൽ കാണുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയും കടഭാരവും ആശങ്ക ഉണർത്തുന്നു എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. അതിപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കുറ്റം കൊണ്ട് വന്നതല്ല. കുറേ കാലങ്ങളായി അങ്ങനെ വന്നുകൊണ്ടേയിരിക്കുന്നു. 2004 നവംബർ വരെ കേരളത്തിന്റെ പൊതുക്കടം 40,101 കോടി രൂപയാണ്. ഇത് പ്രതിവർഷം 20.58 ശതമാനം എന്ന നിരക്കിൽ വർദ്ധിക്കുകയും ചെയ്യുന്നു. സമീപകാലത്ത് പലിശനിരക്കിൽ കാര്യമായ കുറവ് വന്നിട്ടും ഈ സ്ഥിതിക്ക് മാറ്റം വരുന്നില്ല. 2004 മാർച്ച് 31 വരെയുള്ള ആകെ കടബാദ്ധ്യത 37,452.21 കോടി രൂപയാണ്. 8 മാസംകൊണ്ട് ഇതിൽ മൂവായിരം കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. മാർച്ച് 31 വരെ യുള്ള കണക്കുകൾ പ്രകാരം കേരളത്തിലെ ഓരോ പൗരന്റേയും കട ബാദ്ധ്യത 11736 രൂപയാണ്. ഇപ്പോൾ ഇത് 12,500 രൂപയുടെ അടുത്ത് വരും. ആളോഹരി കടബാദ്ധ്യതയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിട്ടുണ്ട്. ഈ പ്രതിസന്ധി എങ്ങനെ തരണം ചെയ്യാൻ സാധിക്കു മെന്നുള്ള കാര്യം വളരെ ഗൗരവമായി ആലോചിക്കണം എന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ള ഒരു സംഗതി, അതുപോലെ കേന്ദ്ര ഗവണ്മെന്റ് എടുത്തിരിക്കുന്ന നിലപാടിനോട് നമുക്ക് പൂർണ്ണമായും യോജിക്കാൻ സാദ്ധ്യമല്ല. വായ്പകളുടെ ബലത്തിലുള്ള വികസനം നമ്മുടെ സംസ്ഥാനത്തിന് ഇല്ലാതാക്കുന്ന സമീപനം കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കുന്നുണ്ട്. വികസന പ്രവർത്തനത്തിന് ആഭ്യന്തര വിദേശ ഏജൻസികളിൽനിന്നും കേന്ദ്ര സർക്കാർ വഴിയാണ് നമ്മൾ ഇപ്പോൾ വായ്പ എടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വന്നിമിക്കുന്ന രീതി അനുസരിച്ച് ഈ വായ്പാ തുകയുടെ 30 ശതമാനം കേന്ദ്ര ഗവണ്മെന്റ് ഗ്രാന്റായിട്ടാണ് അനുവദിക്കുന്നത്. ഈ സംവിധാനം അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികവർഷം മുതൽ നിർത്തലാക്കുകയാണ്. അങ്ങനെ വരുമ്പോൾ ആവശ്യമായ വായ്പകൾ ഇനി സംസ്ഥാനസർക്കാരുകൾ നേരിട്ട് വാങ്ങേണ്ടിവരും. അത് മാത്രമല്ല, ഇതിന്റെ തിരിച്ചടവിന് വരുന്ന ചെലവ് 30 ശതമാനം വർദ്ധിക്കുകയും ചെയ്യും. ഇത് സംസ്ഥാന സർക്കാരിന്റെ ചെലവുകളുടെ ഭീമമായ വർദ്ധനയ്ക്ക് കാരണമാകും. അതുപോലെതന്നെ വായ്പ ലഭ്യമാക്കുന്ന ഏജൻസികൾ വായ്പ തേടുന്ന സംസ്ഥാനങ്ങളുടെ സാമ്പത്തികനില പരിശോധിക്കുന്ന സംവിധാനമുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ധനകാര്യ ഏജൻസികൾ വായ്പകൾ നിർത്തലാക്കാനുള്ള സാദ്ധ്യത ഏറെയാണ്. ഇതൊരു വലിയ പ്രതിസന്ധിയാണ്. അത് എങ്ങനെ തരണം ചെയ്യുമെന്നുള്ള കാര്യം അങ്ങ് ആലോചിക്കണം. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത്, ലാന്റ് അക്വിസിഷന്റെ കാര്യത്തിൽ കോടതി വിധി ആയതെല്ലാം കോടിക്കണക്കിന് രൂപ കുടിശ്ശികയായി കിടക്കുകയാണ്. 15 ശതമാനം ഇന്റെറസ്റ്റ് നമ്മൾ അവർക്ക് കൊടുക്കണം. അതിപ്പോൾ എത്ര കോടി രൂപ വരുമെന്ന് ചോദിച്ചാൽ അന്തമില്ലാത്ത നിലയിൽ നിൽക്കുന്നു. ഈ അടുത്ത ദിവസമാണ് തിരുവനന്തപുരത്തെ പി.ഡബ്ല്യു.ഡി. ടി.ബി. കോടതി അറ്റാച്ച് ചെയ്തത്. കാര്യങ്ങൾ ഈ നിലയിലേയ്ക്ക് വന്നത് വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. ഇതിനകത്ത് അങ്ങ് കാർഷിക മേഖലയ്ക്ക് കുറേയേറെ സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ചെയ്ത കാര്യങ്ങളെ കാണാൻ ഞാൻ സന്നദ്ധനുമാണ്. തെങ്ങ് കൃഷിക്ക് 64 കോടി രൂപ. കുരുമുളക് കൃഷിക്ക് 20 കോടി രൂപ. ജൈവ സാങ്കേതിക മേഖലയ്ക്ക് ഒരു കോടി രൂപ. തീരദേശ വനവൽക്കരണത്തിന് പ്രത്യേക പദ്ധതി. എരുമ വളർത്തുന്നതിനുള്ള സഹായം. മൽസ്യകൃഷി വികസനത്തിന് മാസ്റ്റർ പ്ലാൻ തുടങ്ങി കുറേയേറെ കാര്യങ്ങൾ പറയുന്നുണ്ട്. 200203-ൽ കാർഷിക വളർച്ചാ നിരക്കിലെ വർദ്ധനവ് പിന്നോട്ടായിരിക്കുന്നു. വളർച്ചാ നിരക്ക് 2.1 ശതമാനം പിന്നോട്ടു പോയി. 2004-05-ൽ വളർച്ചാ നിരക്ക് അതിൽ കൂടിയ നിരക്കിൽ (2.88 ശതമാനം) പിന്നോട്ടു പോയി. അതിന്റെ പ്രത്യാഘാതം സമ്പദ്‌വ്യവസ്ഥയെ ആകെ ബാധിക്കും. കൃഷി പ്രധാനപ്പെട്ട ഉൽപ്പാദന മേഖല മാത്രമല്ല, അത് പ്രമുഖ തൊഴിൽ മേഖല കൂടിയാണ്. സാധാരണക്കാരുടെ ഉപജീവനത്തിന്റെ ഉപാധിയായി കൃഷിയെ നമ്മൾ കാണേണ്ടതായിട്ടുണ്ട്. നെൽക്കൃഷിയുടെ വിസ്തീർണ്ണവും പാടത്തിന്റെ വിസ്തൃതിയും ഇപ്പോൾ കുറഞ്ഞു വരികയാണ്. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിനെക്കുറിച്ച് സ്വാമിന്റെ കാര്യം അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിലെ പേജ് 36-ൽ പറഞ്ഞിട്ടുണ്ട്. അത് പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. എന്റെ അഭിപ്രായത്തിൽ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. കൃഷിക്കാരനെ കൂടുതൽ ടാക്സ് ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാകരുത്.

ചെറുകിട വ്യവസായങ്ങൾക്ക് കാര്യമായ ഊന്നൽ ബഡ്ജറ്റിൽ കാണുന്നില്ല. ഇപ്പോൾ സംസ്ഥാന ഖജനാവിന് പ്രതിവർഷം 1500 കോടി രൂപയാണ് പൊതുമേഖലയിൽ നിന്ന് കിട്ടുന്നത്. അതിന് ബഡ്ജറ്റിൽ വിഹിതം ഇല്ലാതെ പോയത് എന്താണെന്ന് മനസ്സിലാകുന്നില്ല. അഖിലേന്ത്യാ ശരാശരിയുടെ ഇരട്ടിയാണ് കേരളത്തിലെ തൊഴിലില്ലായ്മ. ഈ പ്രശ്നം പരിഹരിക്കുന്നതിന് കുറച്ചുകൂടി കാര്യങ്ങൾ ചെയ്യണം. പതിനായിരം ഹെക്ടർ നെൽകൃഷിയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. നല്ല കാര്യം. പക്ഷേ നെൽകൃഷി ചെയ്യാനും മെതിക്കാനും കൊയ്യാനും ഒന്നും ആളില്ല. ഇതൊക്കെ യന്ത്രങ്ങളിലേക്ക് പോവുകയാണ്. കൂടുതൽ ഇൻസെന്റീവ്സ് കൊടുത്താൽ എങ്ങനെ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ഒരു പ്ലാൻ തയ്യാറാക്കിയാൽ കുഴപ്പമില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ പൊതുവിതരണ ശൃംഖലയ്ക്ക് കഴിഞ്ഞ വർഷം 115 കോടി രൂപ നീക്കിവച്ചിരുന്നു. ഈ വർഷം അത് 7.5 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. പല സാധനങ്ങളുടേയും വില വളരെ കൂടിയിട്ടുണ്ട്. അതി വില മാർക്കറ്റിലുള്ളിൽ കിലോഗ്രാമിന് 2 രൂപയും ഉള്ളി വില 3 രൂപയും കൂടി. കഴിഞ്ഞ മാസം 16 രൂപയായിരുന്ന പഞ്ചസാര ഇപ്പോൾ 20 രൂപയായിരിക്കുകയാണ്. കിലോയ്ക്ക് 13 രൂപ വിലയുണ്ടായിരുന്ന അരിക്ക് ഇപ്പോൾ 16 രൂപയായത് നിയന്ത്രിച്ചില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടാകും.

ലോട്ടറിക്കാരെക്കുറിച്ച് പറഞ്ഞു. അതു സംബന്ധിച്ച് ഞാൻ ചോദിച്ച 199-ാം നമ്പർ ചോദ്യത്തിന് അങ്ങ് മറുപടി തന്നിട്ടുണ്ട്. ലോട്ടറി നിർത്തലാക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് വിവരം ശേഖരിച്ചു വരുന്നു എന്നാണ് മറുപടി തന്നത്. സ്റ്റാമ്പ് ഡ്യൂട്ടി 8.5 ശതമാനവും സർചാർജ്ജ് 5 ശതമാനവും ആകുന്ന ഒരു ലക്ഷം രൂപയുടെ ഭൂമി ഇടപാടിന് 13,500 രൂപയുടെ മുദ്രപത്രം വേണ്ടിവരും. രജിസ്ട്രേഷൻ ഫീസ് 2 ശതമാനമായതിനാൽ ഇതിനു പുറമെ 2000 രൂപ കൂടി അടയ്ക്കണം. ഫലത്തിൽ 15.5 ശതമാനമാണ് ഇടപാടുകാരൻ മുടക്കേണ്ടി വരിക. ഇത് ആധാരത്തിൽ വില കുറച്ച് കാണിക്കുന്ന പ്രവണത കൂട്ടും. ശ്രീ. എ.കെ.ആന്റണിയുടെ ഗവണ്മെന്റിന്റെ കാലത്ത് ഞങ്ങൾ ചർച്ച ചെയ്ത് ഇത് കുറയ്ക്കാൻ തീരുമാനിച്ചതാണ്. പിന്നെ ഇപ്പോൾ അത് കൂട്ടുന്നത് ശരിയല്ല. അങ്ങ് മറുപടി പ്രസംഗത്തിൽ അതിനെക്കുറിച്ച് പറയണം. 3000 രൂപയിൽ കൂടുതൽ പ്രതിദിനം വാടകയുള്ള കല്യാണമണ്ഡപങ്ങൾക്ക് ആഡംബര നികുതി ഏർപ്പെടുത്തുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശം അങ്ങ് പിൻവലിക്കണം. കുറഞ്ഞ വാടകയ്ക്കുള്ള സദ്യാലയങ്ങളോ വിവാഹ മണ്ഡപങ്ങളോ ഗ്രാമങ്ങളിൽപ്പോലും ഇല്ല എന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് അങ്ങ് ഒരു കാരുണ്യം കാണിച്ച് അത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണം. ആഭരണ നികുതി 4.5 ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറച്ചു. വളരെ നല്ല കാര്യം. കൂടുതൽ വരുമാനമുണ്ടാകും. പക്ഷേ അങ്ങ് ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട കാര്യം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശം കൊടുത്ത് സ്വർണ്ണ വ്യാപാരികളിൽ നിന്നും അത് കൃത്യമായി വാങ്ങണം. അതിന്റെ പ്രയോജനം കൂടി കിട്ടണം. കുറെയേറെ കാര്യങ്ങൾ ചെയ്യാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. നമ്മുടെ സാമ്പത്തിക ഭദ്രത കൂടി ഭംഗിയായി നിലനിർത്തിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിയട്ടെ എന്ന ആഗ്രഹത്തോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. തികളാഴ്ച ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അങ്ങ് പറഞ്ഞത് 'ബഡ്ജറ്റ് വായിച്ചപ്പോൾ ഞാൻ ചിരിച്ചുപോയി' എന്നാണ്. എനിക്ക് ചിരിയല്ല ഉണ്ടാകുന്നത്. ഇതൊരു പ്രഹസനമാണ്. ഇവിടെ ചർച്ച തന്നെ ഒരു പ്രഹസനമാണ്. ഇന്നലെ കോൺഗ്രസ്സ് നിയമസഭാ കക്ഷി യോഗത്തിൽ ഈ ചർച്ച നടന്നു. അതിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. കെ. സി. വേണുഗോപാലും ഒക്കെത്തന്നെ ഇതിനെ ശക്തിയായി വിമർശിക്കുകയാണുണ്ടായത്..... . (ബഹളം) ..... ബഡ്ജറ്റിനെക്കുറിച്ച് എന്തൊക്കെയോ തീരുമാനമായെന്നറിഞ്ഞു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കഷ്ടമാണ്. കൃഷി ചെയ്യണമെങ്കിൽ ഇറിഗേഷൻ ആവശ്യമാണ്. കാർഷിക മേഖലയേയും പരമ്പരാഗത മേഖലയേയും പാടെ മറന്നു. വാറ്റ് നടപ്പാക്കാൻ പോകുന്നു. ഇന്ന് സമരമാണ്. ഇന്നലെയും സമരമായിരുന്നു. മൂല്യവർദ്ധിത നികുതി നടപ്പാക്കുന്നതോടുകൂടി ചെറുകിട വ്യാപാരികളുടെ മേൽ സർക്കാർ വീശുന്ന മറ്റൊരു സുനാമിയായി അത് മാറും. ഇപ്പോൾ ഒരു സുനാമിയുണ്ടായി. ലോട്ടറിക്കാരുടെ നേർക്ക് മറ്റൊരു സുനാമിയാണ് ഇനി ഉണ്ടാകാൻ പോകുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് ജീവനക്കാർക്ക് ശമ്പള പരിഷ്കരണവും അതുപോലെ ഫാമിലി പെൻഷൻ ആനുകൂല്യങ്ങളും നടപ്പാക്കണം. അതൊന്നും ഇവിടെ സൂചിപ്പിച്ചിട്ടില്ല. ബഡ്ജറ്റ് പ്രസംഗത്തിന്റെ 21-ാം പേജിൽ 130 തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക ഭരണകൂടങ്ങൾ ഗ്രാമ നഗര വ്യത്യാസമില്ലാതെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന അപൂർവ്വ സ്ഥിതി കേരളത്തിലുണ്ട്. അതിന് ഫണ്ട് നീക്കിവച്ചതായി അറിയുന്നു. കണ്ണൂർ ജില്ലയിൽ വികസന പദ്ധതികൾക്ക് കേന്ദ്രം കൊടുത്ത 134 ലക്ഷം രൂപയാണ് ലാപ്സായിരിക്കുന്നത്. 20 ശതമാനം കേന്ദ്രത്തിൽ അടച്ചില്ല എന്നുള്ളതുകൊണ്ടാണ് ലാപ്സായത്. നമ്മുടെ സംസ്ഥാനത്ത് വിളിക്കപ്പെടേണ്ട ഒരുപാട് വില്ലേജുകളുണ്ട്. ഞാൻ ഈ സഭയിൽ ആദ്യം വന്നപ്പോൾ കൊടുത്ത ചോദ്യത്തിന് ഇതുവരെ ഉത്തരമില്ല. ആദിവാസി മേഖലയിൽ ഊരുകൂട്ടങ്ങൾക്ക് ഫണ്ട് നൽകുന്നുണ്ട്. അത് വിനിയോഗിക്കാൻ അവർക്ക് കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാർ നേരിട്ട് അവർക്ക് ഇത് കൊടുക്കുകയാണ്. അവർക്ക് എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ല. ഉദ്യോഗസ്ഥന്മാർ പറഞ്ഞുകൊടുക്കുന്നുമില്ല. അതുകൊണ്ട് പഞ്ചായത്തുകൾ മുഖേന ഈ ഫണ്ട് നൽകണം. കേരളത്തിലെ വിവിധ ജില്ലകളിൽ ആയിരക്കണക്കിന് അനാഥരും അനാഥാലയങ്ങളും ഉണ്ട്. അതിലേക്കായി ഫണ്ടൊന്നും നീക്കിവച്ചതായി കാണുന്നില്ല. അവർക്ക് എന്തെങ്കിലും നൽകി അവരെ സംരക്ഷിക്കണം. അതിന് പുണ്യം കിട്ടും. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഫയർസ്റ്റേഷൻ അനുവദിക്കാൻ ഭൂമി നൽകണമെന്ന് പറഞ്ഞു. ഭൂമി നൽകാത്തിടത്ത് ഒരുപാട് സ്ഥലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. പാനൂരിൽ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പോലീസിന്റെ സബ്-ഡിവിഷണൽ ഓഫീസ് വന്നിട്ടുള്ളത്. ഇത്

വളരെ സ്തുത്യർഹമായ പ്രവർത്തനമാണ് കാഴ്ച വച്ചത്. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇത് നിലനിർത്തിയതാണ്. ശ്രീ. ഉമ്മൻ ചാണ്ടി വന്നപ്പോൾ പെട്ടെന്നു തന്നെ അത് അവിടെ നിന്ന് എടുത്തു മാറ്റി. ഏറ്റവും നല്ല ഒരു ഗുണം എന്റെ മണ്ഡലത്തിന് കിട്ടിയത് അതാണ്. തീർത്ഥാടകർ ധാരാളം പോകുന്ന സ്ഥലമാണ് ശബരിമല. ഒരു രൂപ പോലും ശബരിമലയുടെ വികസനത്തിനായി നീക്കിവച്ചിട്ടില്ല. അവിടെ വാഹനാപകടത്തിൽപ്പെടുന്നവർ, വെള്ളത്തിൽ മുങ്ങുന്നവർ ഇവരെ ആശുപത്രികളിൽ കൊണ്ടുപോയി രക്ഷിക്കാൻ കഴിയുന്നില്ല. ആശുപത്രിയിൽ എത്തണമെങ്കിൽ കോട്ടയത്ത് എത്തണം. റാന്നിയിൽ തന്നെ താലൂക്ക് ആശുപത്രി ഉണ്ട്. ഇത് കുറച്ചുകൂടി വികസിപ്പിച്ച് കൂടുതൽ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റണം. മൂല്യവർദ്ധിത നികുതി പിൻവലിച്ചുകൊണ്ട് വ്യാപാരികളെ രക്ഷപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒന്നുകൂടി ഞാൻ എതിർക്കുന്നു.

ശ്രീ. കെ. മോഹൻ കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. പൗരുഷങ്ങളായ സാമ്പത്തിക യാഥാർത്ഥ്യങ്ങളെ പൗരുഷത്തോടെ നേരിടുന്ന ഒരു റിയലിസ്റ്റിക് ബഡ്ജറ്റ് ആണിത്. പതിറ്റാണ്ടുകൾക്കു ശേഷം അവതരിപ്പിക്കപ്പെടുന്ന പൂർണ്ണ ബഡ്ജറ്റിനെ യാഥാർത്ഥ്യബോധത്തോടെയല്ല പലരും വിലയിരുത്തുന്നത്. ശമ്പളവും പെൻഷനും പലിശയും കൊടുത്തു തീർത്തു കഴിഞ്ഞാൽ വികസന പ്രവർത്തനങ്ങൾക്ക് അവശേഷിക്കുന്ന തുക, പതിറ്റാണ്ടുകളായി മാറി മാറി വന്ന നിരവധി ഭരണകൂടങ്ങൾ അവശേഷിപ്പിച്ച ദുരവസ്ഥയുടെ പ്രതീകമായി ലഭിക്കുന്ന നാമമാത്രമായ തുക വച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കാൻ വേണ്ടി ധനകാര്യവകുപ്പുമന്ത്രി നടത്തിയ യത്നങ്ങൾ എത്രയോ യത്നപൂർണ്ണമാണെന്ന് നമുക്കറിയാം. കേന്ദ്ര വിഹിതം 2003-04-ലെ ബഡ്ജറ്റിനെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശിനും കർണ്ണാടകത്തിനും എത്രയോ പിന്നിലാണ് കേരളത്തിന്റെ സ്ഥാനമെന്ന് മനസ്സിലാക്കാൻ കഴിയും. കേന്ദ്ര വിഹിതം കണക്കുപറഞ്ഞ് വാങ്ങാൻ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഉജ്ജ്വലമായ പരിശ്രമങ്ങൾ നടത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിഭവ സമാഹരണത്തിനായി ജനങ്ങളെ ഞെക്കിപ്പിഴിയാത്ത ഒരു ബഡ്ജറ്റാണിത്. 'സ്വപ്ന സഞ്ചാരീ നിന്റെ മനോരഥം സ്വർഗ്ഗത്തിലോ ഭൂമിയിലോ' എന്ന് പലപ്പോഴും ബഡ്ജറ്റുകൾ അവതരിപ്പിക്കുന്ന ധനകാര്യമന്ത്രിയോട് സഭയ്ക്ക് പുറത്തെങ്കിലും പലരും ചോദിച്ചിട്ടുണ്ടാവും. എവറസ്റ്റിലേക്ക് കയറി പോകുമെന്ന് പറഞ്ഞിട്ട് ഏലാത്തലയ്ക്കലെ മൊട്ടക്കുന്നു പോലും കയറാനാകാതെ ഇറങ്ങിപ്പോരുന്ന എത്രയോ എത്രയോ ധനമന്ത്രിമാരുടെ ചരിത്രമാണ് ഈ നിയമസഭാവേദിക്ക് പറയാനുള്ളത്. ആ മുൻ അനുഭവങ്ങൾ നമ്മുടെ മുമ്പിലുള്ളപ്പോഴാണ് ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച യാഥാർത്ഥ്യപ്രേരിതമായ ഈ ബഡ്ജറ്റിനെ നമുക്ക് ശ്ലാഘിക്കേണ്ടി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജറ്റിന്റെ അവസാന ഭാഗത്ത് അദ്ദേഹം പറയുന്നു നാം അനേക ദൂരം പിന്നിട്ടു കഴിഞ്ഞു. പക്ഷെ എത്രയോ ദൂരം ഇനിയും സഞ്ചരിക്കാൻ ബാക്കിയുണ്ട്. മുന്നോട്ടുള്ള യാത്രയ്ക്ക് ഏറ്റക്കുറച്ചിൽ അനിവാര്യമാണ്. അത് ധനകാര്യവകുപ്പുമന്ത്രി സമ്മതിക്കുന്നു. അദ്ദേഹം സൂചിപ്പിക്കുന്നു അവസാനം എങ്ങനെ തരണം ചെയ്യുന്നു എന്നതനുസരിച്ചാണ് വിജയം. എന്റെ ഈ എളിയ ഉദ്യമം കേരളത്തിന്റെ വികസന പാതയിൽ ഒരു ചെറിയ കാൽവയ്പായിത്തീരട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരത്തെ ജനപ്രതിനിധിയെന്ന നിലയിൽ എനിക്ക് ആത്മാർത്ഥതയോടുകൂടി പറയാൻ സാധിക്കും ഈ നഗരത്തെ സംബന്ധിച്ചിടത്തോളം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഒരു വലിയ കാൽവയ്പ്പാണ് ഈ ബഡ്ജറ്റിലൂടെ നിർവ്വഹിച്ചിരിക്കുന്നത് എന്ന്. ആയിരം വർഷത്തിലേറെ പഴക്കമുള്ള അനന്തപുരിയുടെ മഹാസ്മൃതികളിലേക്ക്, ഐതിഹ്യങ്ങളിലേക്ക് ഒരു വലിയ ചുവടുവയ്പ്പാണ് നിർവ്വഹിച്ചിരിക്കുന്നത് ഇത് വരാനിരിക്കുന്ന പുരുഷാന്തരങ്ങൾ വാഴ്ത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരിക്കലും മറക്കാത്ത ഈ ജനക്ഷേമ നടപടികൾ ഈ നഗരത്തിന്റെ ഭൂപടത്തിൽ പുതിയ ഭാഗ്യരേഖ ഒരുക്കുകയാണ്. നഗരത്തിന്റെ പടിഞ്ഞാറും കിഴക്കും ഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ആനയറയിൽനിന്ന് ശ്രീകാര്യം വഴി മണ്ണന്തല വഴി പേരൂർക്കട വഴി വട്ടിയൂർക്കാവ് വഴി തിരുമലയിലേക്ക് ഈ ഭാഗ്യരേഖ വരാനിരിക്കുന്ന നിരവധി നേട്ടങ്ങൾക്ക് ഒരു ഭാഗ്യാനുഭവമായി മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ ബഡ്ജറ്റിലൂടെ തലസ്ഥാന നഗരിയെ ബഹുമാന്യനായ ധനമന്ത്രി വികസനത്തിന്റെ വക്കത്ത് എത്തിച്ചിരിക്കുകയാണ്. വളർച്ചയുടെ വക്കത്ത് എത്തിച്ചിരിക്കുകയാണ്. തീർച്ചയായും തിരുവനന്തപുരത്തെ ജനലക്ഷങ്ങളുടെ പേരിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. വളരുന്ന ഓരോ നഗരത്തിന്റെയും ജീവിത ഇതിഹാസങ്ങളിൽ വികസിതമായ പാത, നിരത്തുകൾ വരുത്തുന്ന പരിവർത്തനങ്ങൾ കാണാം ചരിത്രമാകെ മാറ്റുന്ന പരിവർത്തനങ്ങളുടെ ഇരമ്പലുകളാണ് ഈ ബഡ്ജറ്റ് രേഖകളിൽ ഉയർത്ത് നിൽക്കുന്നത്.

ആരോഗ്യമേഖല പരിതാവസ്ഥയിലാണ്. അത്യന്താധുനിക ഉപകരണങ്ങളുമായി, സജ്ജീകരണങ്ങളുമായി സ്വകാര്യ സംരംഭകർ ആശുപത്രികളും മെഡിക്കൽ കോളേജുകളും ആരംഭിക്കുമ്പോൾ അതിനെതിരെ പ്രതിഷേധ സമരങ്ങളും അതുപോലെ തന്നെ സെമിനാറുകളും സിമ്പോസിയങ്ങളും സംഘടിപ്പിച്ച് നമ്മളിൽ പലരും ചടങ്ങുകൾ തീർക്കുന്നു. സാധാരണക്കാർക്ക് അപ്രാപ്യമായ ചികിൽസാ സൗകര്യങ്ങൾ സമ്പന്നൻമാർക്ക് ലഭിക്കുമ്പോൾ എന്തിനധികം എക്സ്റെ ഫിലിമില്ലാതെ മന്ത്രിമാരുടെ ചികിൽസകൾ പോലും സർക്കാർ ആശുപത്രികളിൽ വൈകുന്നു. ഗവർണ്ണറുടെ ചികിൽസയിലെ പിഴവുകളെ സംബന്ധിച്ചുള്ള സന്ദേശങ്ങൾ ഇനിയും നീളുന്നു. അത്തരം പശ്ചാത്തലത്തിലാണ് ക്രാന്തദർശിയായ ഒരു ഭരണാധികാരിയുടെ ഉപകാര സ്മരണ നൂറ്റാണ്ടുകൾക്കായി ചൈതന്യമുൾക്കൊള്ളുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ രോഗകാരണങ്ങൾ ഡയഗ്നൊസ് ചെയ്ത മുൻ ആരോഗ്യ മന്ത്രി കൂടിയാണല്ലോ ബഹുമാന്യനായ ശ്രീ. വക്കം

LIBRARY ARCHIVES Kerala Legislative Assembly

പുരുഷോത്തമൻ അദ്ദേഹം സ്വകാര്യ ആശുപത്രികൾക്ക് എതിരെ ഉജ്വലങ്ങളായ പ്രസംഗങ്ങൾ നടത്തി അദ്ദേഹത്തിന്റെ ചുമതല തീർക്കുക മാത്രമല്ല ചെയ്തത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിക്ക് കേരളത്തിലെ ഏറ്റവും വലിയ ഒരു മന്ദിരം കെട്ടിയുയർത്തിക്കൊണ്ട് കഴിഞ്ഞ നാളുകളിൽ സ്വകാര്യ ആശുപത്രിക്ക് നേരെ അപകർഷതാബോധത്തോടെ അന്തർമുഖിയായി നിന്ന നമ്മുടെ മെഡിക്കൽ കോളേജിനെ തലയുയർത്താനുള്ള അവസരം ഒരുക്കിക്കൊടുത്തതിന്റെ പേരിൽ ബഹുമാന്യനായ ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സ്വകാര്യവൽക്കരണത്തേയും ആഗോളവൽക്കരണത്തേയും പഴി പറഞ്ഞുകൊണ്ട് ഒരുപക്ഷെ അദ്ദേഹത്തിന് സ്വന്തം ചുമതലകളിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുമായിരുന്നു. തീർച്ചയായും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് തിരുവനന്തപുരം നഗരത്തിൽ മാത്രമല്ല, കേരളത്തിൽ മാത്രമല്ല വിദേശ രാജ്യങ്ങളിൽനിന്നുപോലും എത്തുന്ന ഒരുപാട് ആർദ്രരും ആലംബഹീനരുമായ ആളുകൾക്ക് ആശ്രയമായിത്തീരുമെന്നുതന്നെ പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം ജില്ലയ്ക്ക് അർപ്പിക്കുന്ന സുഹൃതഹാരങ്ങളിൽ ഒന്നാണ് കുടപ്പനക്കുന്നിലെ സിവിൽസ്റ്റേഷൻ സമുച്ചയം. പാടെ അവഗണിക്കപ്പെട്ട ഈ ജില്ലയ്ക്ക് വികസന മേഖലകളിൽ പുതിയൊരു ഉത്തേജനമായി, ഉണർവായി ഈ കാൽ വയ്പ് മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തലസ്ഥാന നഗരിയിലെ ജനങ്ങൾക്കുവേണ്ടി ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. രാഷ്ട്രീയ പക്ഷപാതങ്ങളുടെ പേരിൽ നഗരത്തിന്റെ മുഖം വെട്ടിയും നീട്ടിയും ചുരുക്കിയും അതിനെ വികൃതമാക്കിയ ആളുകൾ ഇപ്പോൾ മെട്രോ നഗരത്തിന്റെ പേരിൽ മുറവിളികളുമായി രംഗത്തെത്തിയിരിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥൻമാരുടെ എച്ച്.ആർ.എ. കുറഞ്ഞുപോകുമെന്നുള്ള ആശങ്കയും അഭ്യൂഹവും ഈ മെട്രോ നഗരത്തിന്റെ പേരിലുള്ള മുറവിളിയുടെ പിന്നിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ആർക്കും നഷ്ടമുണ്ടാകാത്തവിധത്തിൽ ഈ വികസന പ്രവർത്തനം. സിവിൽസ്റ്റേഷൻ ഉണ്ടാകുമ്പോൾ ഏതെങ്കിലുമൊക്കെ സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ ഉദ്യോഗസ്ഥൻമാർക്ക് നഷ്ടമുണ്ടായി എന്ന് വരാത്ത തരത്തിൽ ഈ ഉദ്യമം സഫലമാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കോൺഗ്രസ് ഗവൺമെന്റിന്റെ ദീർഘകാല പ്രതിബദ്ധതകളിൽ ഒന്നാണ് ചാരായ നിരോധനം. പക്ഷെ ആദരണീയനായ ശ്രീ. എ.കെ. ആന്റണിയെ ആദർശ കുബേരൻ എന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വിശേഷിപ്പിച്ചപ്പോൾ അതിലെ കുബേരൻ എന്ന പദത്തിന് അമിതമായ ഒരു അർത്ഥ പ്രാധാന്യമാണ് ബഹുമാന്യനായ ശ്രീ. ടി. എം. ജേക്കബ് നൽകിയത്. ആദർശം എന്ന ആദ്യ വാക്കിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ധനമന്ത്രി ആ പ്രയോഗം വിശകലനം നടത്തിയത് എന്ന് ഞാൻ മനസ്സിലാക്കുന്നു. ശ്രീ. എ. കെ. ആന്റണി നടത്തിയ ചാരായ നിരോധനത്തിന്റെ നേരായ ഫലങ്ങൾ നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഓൺലൈൻ ലോട്ടറിയുടെ പേരിലാണെങ്കിൽപ്പോലും ഈ നാട്ടിലെ ആയിരക്കണക്കിന് വൃദ്ധരും, വിധവകളും, തൊഴിൽരഹിതരുമായ ആളുകളുടെ കൊച്ചുകൊച്ചു ജീവിതങ്ങളുടെ കൊതുമ്പുവള്ളങ്ങൾ ആ തീരുമാനത്തിൽ തട്ടി താഴ്ന്ന് പോകാതിരിക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. ആ ജീവിതങ്ങൾ കണ്ണീർ

LIBRARY ARCHIVES Kerala Legislative Assembly

കയങ്ങളിലേക്ക് ആണ്ടു പോകുകയാണെങ്കിൽ നമ്മുടെ ഗവൺമെന്റിന്റെ പുനരധിവാസ പദ്ധതികൾക്കൊന്നും ആ ജീവിതങ്ങളെ തടുത്തു നിർത്തുവാൻ, പിടിച്ചുയർത്തുവാൻ സാധിക്കാതെ പോകുകയാണെങ്കിൽ, ഞാൻ അത് പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള നടപടികൾ ആ രംഗത്ത് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നാം പുരോഗതിയുടെ ഉന്നതങ്ങളിലേക്ക് കയറി പോകുമ്പോൾ സാധാരണ മനുഷ്യന്റെ അതി സാധാരണമായ ജീവിതങ്ങൾ ഉടഞ്ഞ് പോകാതിരിക്കാൻ കരുതലുള്ളവരാകണം. ഹൈദ്രാബാദിലും ബാംഗ്ലൂരിലുമൊക്കെ വന്ന ഭരണ മാറ്റങ്ങളുടെ അന്തഃസത്ത ഇതുതന്നെയല്ലേ എന്നു ഞാൻ ചോദിക്കുന്നു. നാമമാത്രമായ കർഷക തൊഴിലാളികൾ നൂറ്റാണ്ടുകളായി നമ്മുടെ നാടിനെ ഊട്ടിയ ആ കൈകൾ ഇന്ന് പതുക്കെ സാമൂഹ്യ ഭൂപടത്തിൽനിന്ന് വിസ്മൃതമായിക്കൊണ്ടിരിക്കുകയാണ്. കർഷക തൊഴിലാളി നിയമം അവതരിപ്പിച്ച് ഒരുപാടൊരുപാട് കുടുംബങ്ങളെയും രക്ഷിച്ച ഐക്യ ജനാധിപത്യ മുന്നണിയുടെ ആ അനുഭവങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ സാധാരണക്കാരായ നാമമാത്രം കർഷകരുടേയും കർഷക തൊഴിലാളികളുടേയും ജീവിതങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുവന്നു. അവ പുഷ്പിക്കുന്നതിനുവേണ്ടി പുതിയ പദ്ധതിക്ക് രൂപം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടുമൂന്ന് ശതമാനം വരുന്ന നമ്മുടെ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരുടെ രക്ഷക്ക് വേണ്ടി ആരംഭിച്ച ആശ്രയ പദ്ധതി, ആ പദ്ധതി കൂടുതൽ ഗ്രാമങ്ങളിലേക്കും, പഞ്ചായത്തുകളിലേക്കുംകൂടി ദീർഘിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവഗണിക്കപ്പെടുന്ന ജനസമൂഹങ്ങളുടേയും അവരുടെ താൽപര്യങ്ങളുടേയും സംരക്ഷണം ഈ ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സർ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ പരിസ്ഥിതിവാദം ശക്തിപ്പെടുക തന്നെ വേണം. പക്ഷെ പരിസ്ഥിതിവാദം മനുഷ്യാവകാശങ്ങളെ ലംഘിച്ചുകൊണ്ട് നമ്മുടെ പരിസരങ്ങളെ അവഗണിച്ചു കൊണ്ട് ആവശ്യങ്ങളെ മറന്നുകൊണ്ട് പരിസ്ഥിതി മൗലീകവാദമായി ഫാഷനായി അവതരിപ്പിക്കുന്നുണ്ട്. ഇത്തരം പശ്ചാത്തലത്തിലാണ് അനന്തപുരിയുടെ ഐതിഹ്യങ്ങളിൽ പൂർവ്വ സ്മൃതികളുടെ ചരിത്രംപേറി ഒഴുകുന്ന ജലവാഹിനികളെ, ജീവവാഹിനികളെ സംരക്ഷിക്കുവാനും സൗന്ദര്യവൽക്കരിക്കുവാനും മുഖ്യമന്ത്രി മുൻകയെടുത്തിരിക്കുന്നത്. പർവ്വത പുത്രിമാരായ കരമന കിള്ളിയാറുകൾ, പാർവ്വതി പുത്തനാർ, മനുഷ്യന്റെ മഹാ പീഡനങ്ങൾ ഏറ്റുവാങ്ങി മലിന പ്രവാഹങ്ങളായി രോഗാണുവാഹികളായി ഇന്ന് മാറിയിരിക്കുന്നു. ഈ പുഴകളെ, നദികളെ സംരക്ഷിക്കുവാൻ അങ്ങെടുത്ത തീരുമാനംമൂലം വരാനിരിക്കുന്ന പുരുഷാന്തരങ്ങൾ അങ്ങയെ പുരുഷോത്തമനായി വാഴ്ത്തും എന്നതിൽ സംശയമില്ല. പക്ഷെ പ്രവർത്തനങ്ങളേക്കാൾ ഏറെ ഒരുപാടൊരുപാട് പ്രസംഗങ്ങൾ കേട്ട് തഴമ്പിച്ചു പോയ ഈ അനന്തപുരിയിലെ ജന സഹസ്രങ്ങൾക്കുമുമ്പിൽ നദികളെ സംരക്ഷിക്കുകയും സൗന്ദര്യ

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരിക്കുകയും ചെയ്യുമെന്ന ഈ തീരുമാനം പ്രവൃത്തിപഥത്തിലേക്ക് എത്തിക്കുവാൻ അങ്ങ് തുനിയുകയാണെങ്കിൽ ഇന്ന് എതിർക്കുന്നവർ പോലും ഒരുപക്ഷെ അഞ്ചോ പത്തോ വർഷം കഴിയുമ്പോൾ ഈ തീരുമാനം അംഗീകരിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. തിരുവനന്തപുരം നഗരത്തിന്റെ സംരക്ഷണത്തിനുവേണ്ടി ശ്രീ. എ.കെ. ആന്റണിയുടെ ഗവൺമെന്റ് അനുവദിച്ച സിവറേജ് വ്യാപന പദ്ധതി നടപ്പിലാക്കുവാൻ ഈ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പേരൂർക്കട കേന്ദ്രമാക്കി പുതിയ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തുന്ന ശ്രമങ്ങൾക്ക് ഈ ഗവൺമെന്റ് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സെക്രട്ടേറിയറ്റിന്റേയും യൂണിവേഴ്സിറ്റിയുടേയും അതുപോലെ നിയമസഭാ മന്ദിരത്തിന്റെയും പിന്നിലും മുൻപിലുമൊക്കെ നിൽക്കേണ്ടിവന്നിരുന്ന അസിസ്റ്റന്റ് പോലീസ് കമ്മിഷണർമാരാണ് ഇന്ന് നഗരത്തിന്റെ വടക്കൻ ഭാഗങ്ങൾ നിയന്ത്രിച്ച് കൊണ്ടിരിക്കുന്നത്. ഒരിക്കലും കാണാൻ കിട്ടാത്ത കറന്റാൺമെന്റ് എ.സി. യുടെ നിയന്ത്രണ പരിധിയിൽനിന്ന് നഗരത്തിന്റെ വടക്കൻ ഭാഗങ്ങൾ മാറ്റി പുതിയ എ.സി. ഓഫീസ് വടക്കൻ മേഖലയ്ക്ക് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 1938-ൽ ചരിത്ര പ്രസിദ്ധമായ വട്ടിയൂർക്കാവ് സമ്മേളനം അരങ്ങേറിയ കേരളത്തിലെ ഏറ്റവും വലിയ പോളി ടെക്നിക്കിന് സ്വതന്ത്ര്യത്തിന് സുവർണ്ണ ജ്യൂബിലി സ്മാരകമായി ഒരു ആഡിറ്റോറിയം അനുവദിച്ചു നൽകാമെന്ന് അന്നത്തെ ഗവൺമെന്റും അന്നത്തെ ഉത്തരവാദപ്പെട്ടവരും വാഗ്ദാനം നൽകിയതാണ്. 1997-ലെ ആ വാഗ്ദാനം 2004-ലും അപൂർണ്ണമായി നിലനിൽക്കുകയാണ്. യാഥാർത്ഥ്യ ബോധത്തിൽ ഊന്നിക്കൊണ്ടുള്ള ബഡ്ജറ്റ് നടപ്പിലാകും എന്ന് ഉറപ്പുള്ള പദ്ധതികൾ മാത്രം അവതരിപ്പിച്ചുകൊണ്ട് ജനസാമാന്യത്തിന്റെ ജീവിത ദുരിതങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് നടപ്പിലാക്കും എന്നുള്ള പ്രത്യാശയോടുകൂടി ഞാൻ പിൻതാങ്ങുന്നു.

12.00

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പൊതുജനങ്ങളുടെ കഞ്ഞികുടി മുട്ടിക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കേരളത്തിൽ നിക്ഷേപം ഉണ്ടാകാത്തത് പ്രതിപക്ഷത്തിന്റെ കുറ്റം കൊണ്ടാണെന്നാണ് ഇവിടെ യു.ഡി.എഫ്. നേതാക്കന്മാർ പറയുന്നത്. 44 മാസത്തിനിടയിൽ 4 മാസം പോലും ഭരണം നടത്താൻ ഇവർക്ക് കഴിയുന്നില്ല. ബാക്കി 40 മാസവും പ്രതിച്ഛായ ചർച്ച, മുഖം മിനുക്കൽ, ഗ്രൂപ്പ് വഴക്ക്, വിഴുപ്പ് അലക്കൽ, മുണ്ട് ഉരിയൽ തുടങ്ങിയ കലാപരിപാടികളിൽ മാത്രം ഒതുങ്ങികൂടുന്ന സർക്കാരാണ് ഈ സർക്കാർ. കോൺഗ്രസ്സിലെ സംഘടനാതെരഞ്ഞെടുപ്പ് ഏറ്റവും അടുത്തുവരാൻ പോകുകയാണ്. വിവിധ ഗ്രൂപ്പ് നേതാക്കന്മാർക്ക് സംരക്ഷണം നൽകുന്നതിന്, ഈ ബഡ്ജറ്റിൽ കൂടുതൽ തുക ഉൾക്കൊള്ളിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ ധനകാര്യമന്ത്രി കൂടുതൽ കശുവണ്ടിപരിപ്പ് കഴിക്കുന്ന ആളാണ്. എന്നാൽ കശുവണ്ടി മേഖലയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഈ ബഡ്ജറ്റിൽ രണ്ടര വരിയിൽ മാത്രം ഒതുക്കി കശുവണ്ടി മേഖലയെപ്പറ്റിയും, മറ്റ് പരമ്പരാഗതമേഖലയെപ്പറ്റിയും പറയാത്തത് എന്താണ്? അവരും ഈ സംസ്ഥാനത്തിന്റെ ഭാഗമല്ലേ? കശുവണ്ടി ഉൾപ്പെടെയുള്ള, പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ആ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ എത്രയുംവേഗം ഉണ്ടാക്കണം. കേരളത്തിലെ 48 ലക്ഷത്തോളം വരുന്ന യുവതീയുവാക്കൾ തൊഴിലില്ലാതെ കേരളത്തിൽ അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുതിരിഞ്ഞുനടക്കുന്ന സാഹചര്യത്തിൽ തീർച്ചയായിട്ടും ഇത്തരത്തിലുള്ള ഒഴിവുള്ള സീറ്റുകളിൽ നിയമനം നടത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്..

ആരോഗ്യ മേഖലയിൽ ഇന്ന് അനാഥാവസ്ഥയാണ് നിലനിൽക്കുന്നത്. കേരളത്തിലെ പി.എച്ച്. സെന്ററുകളിൽ ഐ.പി. യൂണിറ്റുകൾ സ്ഥാപിക്കണം. അതുപോലെത്തന്നെ ജാമ്പവാന്റെ കാലത്തു നിർമ്മിച്ചിട്ടുള്ള പല പോലീസ് സ്റ്റേഷനുകളാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. കേരളത്തിലെ പോലീസ് കോർട്ടേഴ്സുകളിലും പോലീസുകാർക്ക് ഉറങ്ങുവാൻ പോലും പറ്റാത്ത സാഹചര്യമാണുള്ളത്; അത് പുതുക്കി പണിയുന്നതിനുള്ള നടപടി ഉണ്ടാകണം. മെഡലുകൾ വാങ്ങികൂട്ടിയ കായികതാരങ്ങൾക്ക് ഒരുപാട് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഈ മൂന്നര വർഷകാലത്തിനുള്ളിൽ ഒറ്റ വാഗ്ദാനങ്ങൾപോലും നിറവേറ്റാൻ ഗവണ്മെന്റിന് കഴിഞ്ഞില്ല എന്നുള്ള ദുഃഖ സത്യം ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ കർഷകരും കർഷകതൊഴിലാളികളും പൊതുജനങ്ങളും രണ്ട് കയ്യും നീട്ടി സ്വാഗതം ചെയ്ത് ഏറ്റുവാങ്ങിയതാണ് കെ.ഐ.പി. കനാലുകൾ. ആ കെ. ഐ. പി. കനാലുകളിൽകൂടി കുടിവെള്ളം ഒഴുക്കിയാൽ തീർച്ചയായിട്ടും കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കും. അതുകൊണ്ട് നിർത്തിവച്ചിരിക്കുന്ന ആ പണികൾ എത്രയുംവേഗം പുനരാരംഭിച്ച് കേരളത്തിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി ഉണ്ടാകണം എന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ അവസാനിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്താങ്ങുന്നു. ഇന്നത്തെ ദിവസം നമ്മുടെ കേരള ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു നിയമസഭാ സമ്മേളനത്തിന്റെ റെക്കോർഡ് സ്ഥാപിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. ഇന്ന് ഒരു ആരോപണത്തിന്റെ പേരിൽ ഒരു പുകമറയുടെ പേരിൽ ഒരു മന്ത്രി രാജി വച്ചിരിക്കുകയാണ്. അദ്ദേഹത്തെപ്പറ്റി ഉന്നയിക്കപ്പെട്ട ആ ആരോപണത്തെത്തുടർന്ന് അതിൽ നിന്ന് അഗ്നിശുദ്ധി വരുത്തി പുറത്തു കടന്നു കടന്നുവരുന്നതുവരെ ഈ സ്ഥാനത്തു തുടരുന്നത് ശരിയല്ലെന്നതിനാൽ മന്ത്രിസ്ഥാനം രാജി വയ്ക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. പക്ഷേ അങ്ങനെയുള്ള സാഹചര്യത്തിലും ശവത്തിൽ കുത്തി നോവിക്കുന്നതുപോലെയുള്ള പ്രതിപക്ഷനേതാവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗത്തിൽ, ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ എന്റെ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഈ സ്ഥാനത്ത് യു.ഡി.എഫ്. ആയിരുന്നെങ്കിൽ അപ്പുറത്ത് നിന്ന് ശവംതീനികൾ എന്ന് എൽ.ഡി.എഫുകാർ വിളിക്കുമായിരുന്നു. ഞാനത് പ്രയോഗിക്കുന്നില്ലെങ്കിലും ആ സ്ഥിതിയിലേക്ക് പോയ ഒരു ദുഃഖകരമായ സാഹചര്യം കൂടി ഈ സഭ ഇന്ന് കാണുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളാണ് എൽ.ഡി.എഫുകാർ കുറെ കാലങ്ങളായി നടത്തി കൊണ്ടിരിക്കുന്നത്.

കേരളം ഇന്ന് പെൻഷൻകാരുടെ നാടായി മാറിയിരിക്കുന്നു. 2010 ആകുമ്പോഴേയ്ക്കും കേരളം ശമ്പളത്തെക്കാൾ കൂടുതൽ തുക പെൻഷൻ കൊടുക്കുന്ന സംസ്ഥാനമായി മാറും. എത്തെല്ലാം തരത്തിലുള്ള പെൻഷനുകളാണ് ഉള്ളത്. പഞ്ചായത്ത് മെമ്പർമാർ ഒഴികെ ബാക്കി എല്ലാപേർക്കും കേരളത്തിൽ പെൻഷൻ കിട്ടുന്ന. സ്ഥിതിവിശേഷമാണുള്ളത്. ഇതിന് പണം വേണം. ഈ പണം എവിടെനിന്ന് ഉണ്ടാക്കുമെന്ന് ഈ ബഡ്ജറ്റിൽ വിശദമായി പറഞ്ഞിട്ടില്ല. പക്ഷേ വേറെ ചില കാര്യങ്ങൾ സംബന്ധിച്ച് വിവാഹ ധൂർത്ത് അവസാനിപ്പിക്കുന്നതും മറ്റും ഒരു പരാമർശം നടത്തിയിട്ടുണ്ട്. അതുകൊണ്ട് അതിലേയ്ക്ക് കനൃകാശാപം കിട്ടുമെന്നാണ് അതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അതിലേക്ക് ബഹു. ധനകാര്യമന്ത്രി പോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. പതിനായിരം രൂപവരെ വാടകയുള്ള കെട്ടിടങ്ങളിലാണ് ഇപ്പോൾ കല്ല്യാണങ്ങൾ നടക്കുന്നത്. അതിന് നികുതി ഏർപ്പെടുത്തുന്നത് ക്രൂരമാണ്. പക്ഷേ സംസ്ഥാനത്തിന്റെ വികസനത്തിന് പണം കണ്ടെത്തണം. പണം കണ്ടെത്തുന്നതിനുള്ള ചില മാർഗ്ഗങ്ങളുണ്ട് പോലീസ് സ്റ്റേഷനുകളിൽ, എക്സൈസ് ഓഫിസുകളിൽ., ഫോറസ്റ്റ് ഓഫിസുകളിൽ കിടക്കുന്ന കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ കെട്ടിക്കിടക്കുന്നു. സമയത്ത് ലേലം ചെയ്യാത്തതുകൊണ്ട് അത് ദേശീയനഷ്ടമായി മാറുന്നു. എക്സൈസ് ഓഫിസുകളിൽ കിടക്കുന്ന കോടിക്കണക്കിന് രൂപയുടെ തൊണ്ടി സാധനങ്ങളിൽ കൊലക്കേസിൽ തൊണ്ടി സാധനമായതൊഴികെ ബാക്കിയുള്ള സാധനങ്ങൾ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽകൂട്ടിയാൽ തീർച്ചയായും പത്തഞ്ഞൂറു കോടി രൂപ ഉണ്ടാക്കുവാൻ യാതൊരു ബുദ്ധിമുട്ടും കേരളത്തിലുണ്ടാകില്ല. തൊണ്ടിസാധനം തിരിച്ചുകൊടുക്കേണ്ടി വരുന്ന സ്ഥിതിയാണെങ്കിൽ കിട്ടുന്ന തുക തിരിച്ചു കൊടുക്കാം എന്നുള്ള ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ, ലേലം ചെയ്യണം തുരുമ്പിച്ച് നാശായതിനുശേഷം 4000 രൂപയ്ക്ക് 4 ലക്ഷം രൂപയുടെ സാധനം ലേലം ചെയ്യുന്ന ഒരു സ്ഥിതി വിശേഷം നമ്മുടെ ഈ ഓഫിസുകളിൽ ഉണ്ട്. അതുപോലെ മറ്റൊരു സംഗതിയുള്ളത്, പതിനായിരക്കണക്കിന് അബ്ക്കാരി കേസുകൾ ഈ സംസ്ഥാനത്ത് നിലവിലുണ്ട്. ആ അബ്ക്കാരി കേസുകൾ നടത്തുന്നതിന് വേണ്ടി അബ്കാരി കോടതി സ്ഥാപിച്ചിട്ടുണ്ട്. കോടതിയുടെ സ്ഥിതിവിശേഷം നമുക്കറിയാമല്ലോ? കേസ് ഉള്ളിതൊലിച്ച പോലെയാണ്; അവസാനം പ്രതി രക്ഷപ്പെട്ടുപോകും. അതുകൊണ്ട് അബ്കാരി കേസുകൾക്ക് 2 ലക്ഷം രൂപ മുതൽ 25 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ വരെ കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയാൽ ഇപ്പോൾ കെട്ടികിടക്കുന്ന പതിനായിരക്കണക്കിന് കേസുകളിലൂടെ 1000 കോടിരൂപയെങ്കിലും സംസ്ഥാന ഖജനാവിലേയ്ക്ക് വരുന്ന ജനുവരിക്ക് മുമ്പ് എത്തിക്കാൻ കഴിയും. അതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കണം. ധനാഗമമാർഗ്ഗങ്ങൾ ഇങ്ങനെക്കിടക്കുമ്പോൾ കല്ല്യാണമണ്ഡപങ്ങൾക്ക് നികുതി ഏർപ്പെടുത്തി ശിക്ഷിക്കരുതെന്ന ഒരു നിർദ്ദേശമാണ് വയ്ക്കാനുള്ളത്. ദീർഘമായിട്ടൊന്നും സംസാരിക്കാനില്ല. ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 1972-73-ൽ സി. അച്ച്യുതമേനോൻ മന്ത്രിസഭയിലെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന കെ.ടി.ജോർജ്ജ് അവതരിപ്പിച്ച സമ്പൂർണ്ണ ബഡ്ജറ്റിന് ശേഷം കേരള നിയമസഭയിൽ ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ചു എന്ന ഖ്യാതി വക്കംജി-ക്ക് അർഹതപ്പെട്ടത് തന്നെ. ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച സമ്പൂർണ്ണ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ജനാധിപത്യ ചരിത്രത്തിലെ അമൂല്യമായ, അപൂർവ്വമായ നിമിഷത്തിന് സാക്ഷ്യം വഹിച്ച ദിവസമാണ് ഇന്ന്. കുറ്റവാളിയെന്നും നിയമവിരുദ്ധമെന്നും ഉള്ള വിധി പ്രഖ്യാപനങ്ങൾ ഹൈക്കോടതി പല ഘട്ടങ്ങളിലും പരാമർശിച്ചപ്പോഴും മുഖം തിരിഞ്ഞു നിന്ന ഇടതുപക്ഷ നേതാക്കന്മാരുടെ ചരിത്രം നമുക്കറിയാം. വസ്തുതാപരമല്ലെന്നിരിക്കെ കോടതി പരാമർശം ഉണ്ടായപ്പോൾ തന്നെ രാജി വയ്ക്കാൻ മാന്യത പ്രകടിപ്പിച്ച ശ്രീ. കെ. പി. വിശ്വനാഥനെ കലവറയില്ലാതെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

സർ, ഒന്നേമുക്കാൽ മണിക്കൂർ നേരം ഒരു തുള്ളി വെള്ളംപോലും കുടിക്കാതെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ ഒട്ടേറെ പുതിയ വികസനപദ്ധതികൾക്ക് പണം വകയിരുത്തിയിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കിയ ഒരു ബഡ്ജറ്റാണിത്. കർഷകന്റെ നൊമ്പരങ്ങൾക്ക് ആശ്വാസം പകരാൻ ഈ ബഡ്ജറ്റിന് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളെ അപേക്ഷിച്ച് മുന്തിയ പരിഗണന കാർഷിക ഹരിത മേഖലയ്ക്ക് നൽകിയിട്ടുണ്ട്. ഈ മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതാണ് ഈ തീരുമാനം. തെങ്ങുകൃഷിക്ക് 64.55 കോടി രൂപയും കുരുമുളക് കൃഷിക്ക് 20 കോടി രൂപയും മത്സ്യകൃഷി വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാനുമൊക്കെ ശ്രദ്ധേയമായ നടപടികളാണ്. നെൽകൃഷി അപകടകരമാംവിധം കുറഞ്ഞുവരുന്നതിനെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. പതിനായിരം ഹെക്ടർ തരിശുപാടങ്ങളിൽ നെൽകൃഷി ആരംഭിക്കുമെന്ന പ്രഖ്യാപനം ഇതിന് തെളിവാണ്. കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനുള്ള പദ്ധതിക്ക് വേണ്ടി 3.30 കോടി രൂപ വകയിരുത്തിയ ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ കൂടുതൽ കുരുമുളക് ഉൽപ്പാദിപ്പിക്കുന്ന ജില്ലയാണ് ഇടുക്കി. കുരുമുളക് സംഭരണത്തെ സംബന്ധിച്ച് നിലനിൽക്കുന്ന നിബന്ധനകളിൽ ചില മാറ്റങ്ങൾ വരുത്തണമെന്ന് കൃഷിവകുപ്പുമന്ത്രി സഭയിൽ ഉറപ്പു നൽകിയിട്ടുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പം സംഭരണത്തിന്റെ ഗുണം പൂർണ്ണമായി ലഭ്യമാകണമെങ്കിൽ വിദേശത്തു നിന്നുള്ള ഇറക്കുമതി നിയന്ത്രിക്കാനായി കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. കാലാകാലങ്ങളിൽ വിലത്തകർച്ച ഉണ്ടാകുമ്പോൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ മാർക്കറ്റിൽ ഇടപെടാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അതിനൊരു സ്ഥിരം സംവിധാനമെന്ന നിലയിൽ പെപ്പർ മാർക്കറ്റിംഗ് ഫെഡറേഷൻ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാർഷിക വായ്പ തിരികെയടയ്ക്കുന്ന കാലയളവിൽ മരണമടയുന്ന കർഷകരുടെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി നല്ല ഒരു കാഴ്ചപ്പാടാണ്. കാർഷിക വായ്പ ഇരട്ടിയാക്കാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. അതോടൊപ്പം കർഷകരുടെ വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ട കാര്യവും പരിഗണിക്കണം. നഗരത്തിൽ പാർക്കുന്നവരെക്കൂടി കൃഷിയോട് ആഭിമുഖ്യമുള്ളവരാക്കാൻ ഉതകുന്ന പദ്ധതിയാണ് നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി. ഇത് കേരളത്തിന് പുതുമയാണ്. ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക 20 കോടി രൂപയാണ്. അത് അഭിനന്ദനാർഹമാണ്. ഈ ബഡ്ജറ്റിൽ വെള്ളവും മായവും ചേർത്തിട്ടില്ല. സാധാരണക്കാരന്റെ മനസ്സറിഞ്ഞ ബഡ്ജറ്റാണ്. യാതൊരുവിധ നികുതി നിർദ്ദേശങ്ങളും സാധാരണക്കാരുടെ തലയിൽ കെട്ടിവച്ചിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സമീപനമാണ് ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ഉൽപ്പാദനം, വിപണനം എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് 150 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഖാദി വ്യവസായ കമ്മിഷൻ നോട്ടിഫൈ ചെയ്ത ഉൽപ്പന്നങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് പരമ്പരാഗത ഖാദി വ്യവസായ മേഖലയ്ക്ക് ഉണർവ്വ് പകർന്നിട്ടുണ്ട്. കൂടാതെ കയർ വ്യവസായമേഖലയുടെ വികസനത്തിന് ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നീക്കം ഈ മേഖലയുടെ ഉയിർത്തെഴുന്നേൽപ്പിന് സഹായകരമാകും. അതോടൊപ്പം ഒരു നിർദ്ദേശമുള്ളത് തനതുൽപ്പന്നങ്ങളായ കയറും റബ്ബറും ചേർത്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കണം. ഊർജ്ജ മേഖലയ്ക്കുവേണ്ടി 750 കോടി രൂപയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 5 ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുള്ള ഗവൺമെന്റ് തീരുമാനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നു. എന്റെ മണ്ഡലം ഒരു മലയോര പ്രദേശമാണ്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ധാരാളമുള്ള മേഖലയാണിത്. കൂടാതെ ബി.പി.എൽ.-ൽപ്പെട്ട ധാരാളം ആളുകളുമുണ്ട്. 2003 ഡിസംബറിനു മുമ്പ് വൈദ്യുതിക്ക് അപേക്ഷിച്ചവർ, സി.ഡി. അടച്ചവർ ഇന്ന് വൈദ്യുതിക്കുവേണ്ടി കാത്തിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി എന്റെ മണ്ഡലത്തിലാണ്. അവിടെയാണ് ഏറ്റവും കുറച്ച് കൺസ്യൂമേഴ്സ് ഉള്ളതെന്നും ഈ സാഹചര്യത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് വൈദ്യുതി ലഭിക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ 575 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എക്കാലത്തേയും ഉയർന്ന വിഹിതമാണിത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ കണക്കുകൾ ഏവരേയും ഞെട്ടിപ്പിക്കുന്നതാണ്. ജനനത്തേക്കാൾ കൂടുതൽ അപകട മരണങ്ങൾ ഉണ്ടാകുന്നു. ഈ കാര്യത്തിൽ ക്രിയാത്മകമായ പരിഹാരമുണ്ടാകണം. വാഹനങ്ങൾ പെരുകുന്നതിനനുസരിച്ച് റോഡുകൾ പെരുകണം. ഈ കാര്യത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുന്നു. കക്ഷി രാഷ്ട്രീയ ഭേദമെന്യേ അദ്ദേഹം എടുക്കുന്ന നിലപാടുകൾ മാതൃകാപരമാണ്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കരുത്ത് പകരാൻ ഏർപ്പെടുത്തിയ ജനറൽ പർപ്പസ് ഫണ്ട് ഏതാവശ്യത്തിനും ഉപയോഗപ്പെടുത്താവുന്ന ഒന്നാണ്. ഇത് ഏറ്റവും കൂടുതൽ ഗ്രാമീണ മേഖലയുടെ ഉണർവ്വിന് കാരണമാകും എന്നു പ്രതീക്ഷിക്കുന്നു. റവന്യൂ, പട്ടികവർഗ്ഗ വകുപ്പുകളുടെ സഹകരണത്തോടുകൂടി 7,693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് നൽകണമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അതോടൊപ്പം ഒരു പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വൈദ്യുത പദ്ധതി നടത്തിപ്പിനുവേണ്ടി നിരവധി കുടുംബങ്ങളെ കുടിയൊഴിപ്പിച്ചിട്ടുണ്ട്. വീടും പകരം ഭൂമിയും നൽകാമെന്ന വാഗ്ദാനം നൽകിയാണ് വർഷങ്ങൾക്കു മുമ്പ് കുടിയേറി കൃഷി ചെയ്തുവന്ന കർഷകരെ കുടിയിറക്കിയത്. ഈ പാവപ്പെട്ട കുടുംബങ്ങൾ ഇന്ന് വഴിയാധാരമായിരിക്കുകയാണ്. അർഹരായവർ എന്ന് കണ്ട്, കോടതിവിധി അനുകൂലമായിട്ടുള്ളവർക്ക് കിടപ്പാടം നൽകണം. ഈ കാര്യത്തിൽ ഗവൺമെന്റ് ശക്തമായ തീരുമാനം എടുക്കണം. കേരളം കണ്ട ഏറ്റവും നല്ലൊരു ഭരണമാണ് ഇവിടെയുള്ളത്. കാരണമെന്താണ്? പുറമ്പോക്കിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് പുറമ്പോക്കു ഭൂമി പതിച്ചുകൊടുക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം സ്വാഗതാർഹമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പരാമർശിക്കാതിരിക്കാൻ നിർവ്വാഹമില്ല. നല്ല നിലയിൽ മുന്നോട്ടുപോകുന്നു എന്നതിൽ ഏറ്റവും കൂടുതൽ സന്തോഷമുണ്ട്. 600 പുതിയ ബസ്സുകൾ ഓടിക്കാൻ തീരുമാനമെടുത്തിരിക്കുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. പുതിയതായി ഇറക്കിയ അനന്തപുരി ബസ്സുകൾ കാണുമ്പോൾ തലസ്ഥാന നഗരിക്ക് അഭിമാനം തോന്നുന്നു. എന്റെ നിയോജക മണ്ഡലത്തിൽ ഒരു സബ് ഡിപ്പോ തുടങ്ങുന്നതിനുള്ള ആലോചനകൾ നടക്കുന്നു. അതിനുവേണ്ടി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി കാണിക്കുന്ന ശുഷ്ക്കാന്തിയെ പ്രശംസിക്കുന്നു.

കായികരംഗത്ത് ഏറ്റവും കൂടുതൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ള ജില്ലകളിലൊന്നാണ് ഇടുക്കി. ഇടുക്കിയിലെ കായികതാരങ്ങൾ ഏറെ സംഭാവനകൾ ഈ രാജ്യത്തിന് നൽകിയിട്ടുണ്ട്. അവിടെ സായ് സെന്ററും സൈക്കിൾ വെലോഡ്രോമും വോളിബാൾ അക്കാഡമിയും ശുഷ്ക്കാന്തിയോടുകൂടി മുന്നോട്ടു കൊണ്ടുപോകാനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഭാഗമായി, ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഡൊമിനിക് പ്രസന്റേഷൻ ഒരു മീറ്റിംഗ് വിളിച്ചു ചേർത്തിട്ടുണ്ട് എന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം സന്തോഷകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ രംഗത്ത്. ഇടുക്കി പോലുള്ള ജില്ലകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് നല്ല നിലയിൽ തീരുമാനമെടുക്കുന്നു. പക്ഷേ ഇന്ന് പി.എച്ച്.സി.-കൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുന്നില്ലായെന്നുള്ളതാണ്. അത് ധനകാര്യവകുപ്പുമന്ത്രി തീർച്ചയായും ആ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കണം. സാധാരണക്കാരായ അറുപതും എഴുപതും കിലോമീറ്റർ ദൂരം താണ്ടി ആളുകൾ ഹോസ്പിറ്റലിൽ എത്തേണ്ട സ്ഥിതിയാണ് ഹൈറേഞ്ച് പോലുള്ള പ്രദേശങ്ങളിൽ ഉള്ളത്. ഈ ദുരസ്ഥിതി പരിഗണിച്ച് റൂറൽ മേഖലകളിൽ ഒരു പ്രത്യേക പരിഗണന നൽകി അവിടുത്തെ പ്രൈമറി ഹെൽത്ത് സെന്ററുകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഈ ബഡ്ജറ്റ് തീർച്ചയായിട്ടും കേരളം കണ്ട ദിശാബോധമുള്ള ഒരു ബഡ്ജറ്റായി ഞാൻ കാണുന്നു. ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിൻതാങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ഇപ്പോൾ ചെയറിലിരിക്കുന്ന (ഡെപ്യൂട്ടി സ്പീക്കർ)അങ്ങിൽ തുടങ്ങിയ ചർച്ച ശ്രീ. വി.എസ്. അച്ചുതാനനന്നിൽക്കൂടി സമാപിക്കാൻ പോകുകയാണ്. സഭയ്ക്കകത്ത് അസത്യങ്ങൾ പറയാൻ പാടില്ല. സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ലായെന്നുള്ളത് കീഴ് വഴക്കമാണ്. ഇന്നലെ ബഹുമാനപ്പെട്ട ടി. കെ. ബാലന്റെ പ്രസംഗത്തിലൂടെ, സഭാന്തരീക്ഷത്തിൽ വിലയൊരു തെറ്റിദ്ധാരണ പുരാണവുമായി ബന്ധപ്പെട്ട് നിൽക്കുന്നു. അതു മാറണം. ഭാഷയ്ക്ക് ഒരു പ്രയോഗവും ഒരു ധ്വനിയും അതിനൊരു സൗന്ദര്യശാസ്ത്രവുമുണ്ട്. 'മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻമുഖം' എന്നു പറഞ്ഞാൽ നഗ്നനേത്രങ്ങൾ കൊണ്ട് നോക്കിയാൽപ്പോലും കുണ്ടും കുഴിയുമുള്ള ചന്ദ്രനെയല്ല, തെളിഞ്ഞുദിച്ചുനിൽക്കുന്ന മുഖം. അതാണ് അതിന്റെ അർത്ഥം. 'ചന്ദ്രമുഖി' എന്നു പറഞ്ഞാൽ സുന്ദരി, കാണാൻ കൊള്ളാവുന്നവൾ എന്നാണ് അതിന്റെ അർത്ഥം. പ്രയോഗം എവിടെ പറയുന്നു എന്നുള്ളതാണ്. സംസ്കൃതത്തിൽ സൈന്ധവം എന്നു പറഞ്ഞാൽ ഉപ്പ് എന്നും പറയും, കുതിര എന്നും പറയും. ഊണ് കഴിക്കുന്നവൻ സൈന്ധവം കൊണ്ടുവാ എന്നു പറഞ്ഞാൽ കുതിരയെ കൊണ്ടുവാ എന്നല്ല അർത്ഥം. അൽപ്പം ഉപ്പു കൊണ്ടുവാ എന്നുള്ളതാണ്. നമ്മുടെ ലൈബ്രറിയിൽ രണ്ടു ശബ്ദതാരാവലികളുണ്ട്. ബാലേട്ടൻ അതെടുക്കാതെയാണ് പറഞ്ഞത്. ആരോ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചതാണ്. കുബേരൻ എന്ന വാക്കിനെ ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയുമായി ബന്ധപ്പെടുത്തി പറഞ്ഞു. ശ്രീ. വക്കം പുരുഷോത്തമൻ നല്ലൊരു നടനാണെന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഷാ പ്രയോഗം കൊണ്ട് അദ്ദേഹം ഒരു കവിയോ എഴുത്തുകാരനോ ആണ് എന്നുള്ളത് ഇതോടുകൂടിയാണ് മനസ്സിലായത്. അദ്ദേഹത്തിന്റെ പ്രയോഗം നല്ല പ്രയോഗമാണ്. 'അഷ്ടദിക് പാലകന്മാർ' എന്നു പറഞ്ഞാൽ എട്ടു ദിക്കിനേയും

LIBRARY ARCHIVES Kerala Legislative Assembly

കാത്തുസൂക്ഷിക്കുന്ന, പ്രൊട്ടക്ടർ അതിലൊരാളാണ് ശ്രീ. എ. കെ. ആന്റണി ആദർശകുബേരൻ എന്നു പറഞ്ഞാൽ ആദർശം കൊണ്ട് ധനവാനായ വ്യക്തി എന്നാണ്. പക്ഷേ അദ്ദേഹത്തിന്റെ അനുജനായി രാവണൻ മാത്രമല്ല, വിഭീഷണനും കുംഭകർണ്ണനുമുണ്ടായിരുന്നു. വിഭീഷണൻ നന്മകളുടെ പ്രതീകമായിരുന്നു. രാമൻ ലങ്കയെ ഏൽപ്പിച്ചത് വിഭീഷണന്റെ കയ്യിലാണ്. എന്നാലും രാവണനെ തള്ളിപ്പറയേണ്ട കാര്യമില്ല. അദ്ദേഹത്തിന്റേതായ കാരണങ്ങൾ കൊണ്ട് സീതയെ തട്ടിക്കൊണ്ടുപോയിട്ട്. ഇന്നു കാണുന്നതുപോലെ സീതയെ കൊണ്ടുപോയി പീഡിപ്പിക്കുകയോ ബലാൽസംഗം ചെയ്യുകയോ ചെയ്തില്ല. അശോകവനികയിൽ കാത്തുസൂക്ഷിച്ച അന്തസ്സുള്ള മനുഷ്യനായിരുന്നു രാവണൻ. കണ്ണു കാണാൻ വയ്യാത്ത ഭർത്താവിനോടൊപ്പം ജീവിതം മുഴുവൻ കഴിഞ്ഞ ഗാന്ധാരിയേക്കാൾ നമുക്ക് പ്രിയം അഞ്ചു മക്കൾ ഒരു പെണ്ണിനെ കൊണ്ടുവന്നപ്പോൾ അഞ്ചും കൂടി എടുത്തോ എന്നു പറഞ്ഞ കുന്തിയെയാണ്. അതുകൊണ്ട് രാവണനെ തള്ളിപ്പറയേണ്ട കാര്യമില്ല. ശബ്ദതാരാവലിയിൽ 'ബാലൻ 'എന്ന വാക്കിന്റെ അർത്ഥത്തെക്കുറിച്ച് പറയുന്നുണ്ട്. 'ബാലൻ 'എന്നു പറയുന്നത് ഒരു ഓമനപ്പേരാണ്. ഞാൻ അദ്ദേഹത്തെ വിളിക്കുന്നത് ബാലേട്ടൻ എന്നാണ്. 'ബാലൻ'എന്ന വാക്കിന്റെ അർത്ഥം എന്താണെന്നറിയാമോ? അറിവില്ലാത്തവൻ, അധികം പ്രായമാകാത്തവൻ, ചെന്നിനായകം, തേങ്ങ, കറ്റവാഴ, കുറത്തി, ഒരു തരം കത്തി എന്നിവയാണ്. പക്ഷേ കത്തി എന്നതിനോട് ഞാൻ പൂർണ്ണമായി വിയോജിക്കുന്നു.

പരിണതപ്രജ്ഞനായ ഒരു ബഹുമാനപ്പെട്ട വ്യക്തിയാണ് ശ്രീ. ടി. കെ. ബാലൻ. അദ്ദേഹം കത്തിയല്ല. അപ്പോൾ പ്രയോഗത്തിലാണ് പ്രാധാന്യം. അത് എങ്ങനെയിരിക്കുന്നുവെന്നുള്ളതാണ്. ശ്രീ. ടി. എം. ജേക്കബും ഇക്കാര്യം ഇവിടെ ആവർത്തിച്ചു. അദ്ദേഹത്തിന് പറയാനുള്ളത് പറയാം. പക്ഷേ രാവണന്റെ അനുജന്മാരായി കുംഭകർണ്ണനും വിഭീഷണനുമുണ്ട്. വിഭീഷണന്റെ കയ്യിലാണ് പിന്നെ ലങ്കാരാജ്യം വരുന്നത്. അതവിടെ നിൽക്കട്ടെ, ഞാൻ പറഞ്ഞുവെന്നു മാത്രമേയുള്ളൂ.

ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കാനുള്ളതാണോ; നടപ്പാക്കാനുള്ളതാണോ? ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ബഡ്ജറ്റ് നടപ്പാക്കാനുള്ളതാണ്. അതാണ് അതിന്റെ പ്രത്യേകത. അവതരിപ്പിക്കാൻ ശ്രീ. കെ. മോഹൻ കുമാറിനും ആകും. അങ്ങനെ ധാരാളം ബഡ്ജറ്റുകളുണ്ടാകും. ഞാൻ കണക്കുകളിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറിൽ തുടങ്ങി ശ്രീ. കെ. മോഹൻ കുമാറിൽ വന്നുനിൽക്കുന്ന പ്രസംഗങ്ങളിൽ പറഞ്ഞതുപോലെ കണക്കുകളിലേയ്ക്കു പോയാൽ തെറ്റിദ്ധരിക്കും. ഞാൻ അത്ര വലിയ സാമ്പത്തിക വിദഗ്ദ്ധനൊന്നുമല്ല. അതുകൊണ്ട് അതിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്റെ ഒന്നുരണ്ട് നിർദ്ദേശങ്ങൾ മാത്രം പറയുന്നു.....(ബഹളം)..... ഈ സഭയിലെ എന്റെ കന്നി പ്രസംഗമാണ്. അങ്ങയുടെ പ്രൊട്ടക്ഷൻ വേണം. ഞാഴിലവസരങ്ങളുടെ കാര്യം പറയുമ്പോൾ ഇവിടെ കാർഷികമേഖലയിലെ വളർച്ചയിലൂടെ ഒരുലക്ഷം പേർക്ക്, കുടുംബശ്രീ വഴി 10,000 പേർക്ക്, പീഡിത വ്യവസായങ്ങളുടെ പുനരുജ്ജീവനം വഴി

LIBRARY ARCHIVES Kerala Legislative Assembly

40,000 പേർക്ക് തൊഴിലവസരങ്ങളുണ്ട്. തൊഴിലവസരങ്ങളെന്നു പറഞ്ഞാൽ ടൈയും പാന്റും കോട്ടുമിട്ട ആളുകൾക്ക് ചെയ്യാവുന്നത് മാത്രമാണെന്നുള്ള ഒരു തെറ്റിദ്ധാരണ നമുക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല. തൊഴിൽ അവസരങ്ങൾ വരുംവരും എന്നു പറയുമ്പോൾ, നമ്മളിപ്പോൾ പറയുന്ന തൊഴിലവസരങ്ങൾ അവർ കേരളം വിട്ടാലും അവർക്ക് വേണ്ടെന്നുള്ളതല്ല പറയുന്നത്. കുട്ടികൾക്ക് തൊഴിൽ കിട്ടും. ഇന്ത്യക്ക് പുറത്തും കിട്ടും. ആരോഗ്യത്തിന്റെ പ്രശ്നം കൊണ്ടോ വിദ്യാഭ്യാസമില്ലാത്തതു കൊണ്ടോ വിദേശ രാജ്യങ്ങളിൽ സാധ്യതയില്ലാത്തതായ ആളുകൾക്കും ഈ നാട്ടിൽ ജീവിക്കണം. അത്തരം തൊഴിലവസരങ്ങളുടെ കാര്യം ഇവിടെ ആരും പറയുന്നില്ല. കണ്ണാടിപ്പെട്ടിയിലിരിക്കുന്ന, എയർ കണ്ടീഷൻ മുറിയിലിരിക്കുന്ന, മൊബൈൽ ഫോണുമായി നടക്കുന്ന ആളുകൾക്ക് ലഭിക്കുന്ന തൊഴിലവസരങ്ങൾ മാത്രമാണ് ഞാനും നിങ്ങളും ചിന്തിക്കുന്നത്. ആ സമീപനം തെറ്റാണ്. സ്മാർട്ടായ സിറ്റിയേയോ സ്മാർട്ടല്ലാത്ത സിറ്റിയേയോ കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അവസരങ്ങൾ വരണം, അതെല്ലാം ഇവിടെ വേണം. പക്ഷേ അതിന്റെ കൂട്ടത്തിൽ ഈ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നുപറഞ്ഞാൽ മറ്റൊരു മേഖലകൂടി ഈ സംസ്ഥാനത്തുണ്ട്. നമ്മുടെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യ സമ്പത്താണ്. ആ മനുഷ്യസമ്പത്തിനെ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കണം വളരെയധികം highly educated ആയിട്ടുള്ള ചെറുപ്പക്കാർ മാത്രമല്ല, ഇവിടെയുള്ളതെന്ന് ഞാൻ പ്രത്യേകം പറയുകയാണ്. ഇവിടെ ശ്രീ. വക്കം പുരുഷോത്തമനെ വെറുതെ പൊക്കിപ്പറഞ്ഞിട്ട് കാര്യമില്ല, യാഥാർത്ഥ്യം പറയുകയാണ്, അദ്ദേഹം പരിണത പ്രജ്ഞനായ ഒരു മന്ത്രിയാണ്. പിന്നെ ഇവിടെ ശ്രീ. കെ. ശങ്കരനാരായണൻ ഇരിപ്പുണ്ട്. അദ്ദേഹത്തെ ഇരുത്തിക്കൊണ്ട് അദ്ദേഹത്തെപ്പറ്റി പറയേണ്ട സന്ദർഭമല്ല ഇത്. പക്ഷേ മൂന്നുവർഷക്കാലം പിന്നിട്ട അദ്ദേഹത്തിന്റെ പ്രസവവേദന, പ്രസവവേദനയാണ് ഏറ്റവും വലിയ വേദനയെന്നാണ് അമ്മയും ഭാര്യയും പറഞ്ഞിട്ടുള്ളത്, അദ്ദേഹം പ്രസവവേദന അനുഭവിച്ചയാളാണ്. ശ്രീ. എ. കെ. ആന്റണി അധികാരത്തിൽ വന്നപ്പോൾ പ്ലെയിൻ ടിക്കറ്റിനുപോലും പണമില്ലെന്നു പറഞ്ഞപ്പോൾ അത് തമാശയായിരുന്നു. അത് ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ പൂർവ്വകാല ചരിത്രമാണ്. നമുക്ക് പഴയകാലം മറക്കാം. അങ്ങനെയാണല്ലോ. സന്യാസിയായാൽ പിന്നെ പൂർവ്വാശ്രമം ചോദിക്കാൻ പാടില്ലെന്നാണ്. അതുകൊണ്ട് പൂർവ്വാശ്രമത്തിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ആ പൂർവ്വാശ്രമം പിന്നിട്ട ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം അന്ന് പിന്നിട്ട വേദനകൾ, ഭരണവേദനകളായിരുന്നു. യു.ഡി.എഫ്. അല്ല, ഒരു ജനത മുന്നോട്ട് നിങ്ങിക്കൊണ്ടിരുന്നു. അതിനെ മുന്നോട്ടുകൊണ്ടു പോകാനുള്ള ഉത്തരവാദിത്വം ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വക്കം പുരുഷോത്തമനുമടങ്ങുന്ന ആളുകൾക്കാണ്. എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. നികുതി പിരിച്ചേ മതിയാകൂ. പക്ഷേ അപ്പുറത്തിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. വി. എസ്. അച്യുതാനന്ദനുമടക്കമുള്ള ആളുകളും ഞങ്ങളും ഇടയ്ക്കിടയ്ക്ക് വലിയ പുരോഗമനവാദികളാകും. തൊടാൻ സമ്മതിക്കില്ല. പിന്നെ എങ്ങനെയാണ് പണമുണ്ടാകുന്നത്? നികുതി ഏർപ്പെടുത്തേണ്ടിവരും. പക്ഷേ നികുതി വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്താണ് നികുതി ഏർപ്പെടുത്തേണ്ടത്. ഇവിടെ ആർഭാടങ്ങൾ കുറയ്ക്കണമെന്ന് ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞു. വളരെ നല്ലതാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽ 3,000 രൂപയ്ക്കുമുകളിലുള്ള കല്ല്യാണ ഹാളുകൾക്ക് 10% നികുതി എർപ്പെടുത്തിയതുകൊണ്ട് അവിടെ ആർഭാടം കുറയില്ല. ബാംഗ്ലൂരിൽ നിന്നും ഡെൽഹിയിൽ നിന്നും മലേഷ്യയിൽ നിന്നും സിംഗപ്പൂരിൽ നിന്നും കോലാലമ്പൂരിൽ നിന്നും ഓർക്കിഡ് പൂക്കൾവരെ ഇവിടെ കൊണ്ടുവന്ന് നടക്കുന്ന കല്ല്യാണ ആഘോഷങ്ങളില്ലേ? അതാണ് നിയന്ത്രിക്കേണ്ടത്. കിലോക്കണക്കിന് ആഭരണങ്ങളിട്ടിരിക്കുന്നതുകൊണ്ട് കയ്യും കാലുമൊടിഞ്ഞ് മാലയിടാൻപോലും വയ്യാതെ നിൽക്കുന്ന പെൺകുട്ടികളെ ചില കല്ല്യാണങ്ങളിൽ കാണാറില്ലേ? ഒന്നു തൊഴുതാൽ തിരിച്ച് തൊഴാൻ ആഭരണങ്ങളുടെ തൂക്കം കാരണം ആ പെൺകുട്ടിക്ക് കഴിയില്ല. അതാണ് നിർത്തേണ്ടത്. അതുകൊണ്ട് കല്ല്യാണ ഹാളുകൾക്ക് എർപ്പെടുത്തിയിരിക്കുന്ന നികുതി പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. വേണമെങ്കിൽ അതിനൊരു സിസ്റ്റം കൊണ്ടുവരാം. ഇങ്ങനെ നികുതി ഏർപ്പെടുത്തിയാൽ ആളുകൾ അവസാനം കള്ളം ചെയ്യും. നമ്മൾ ബഡ്ജറ്റിൽക്കൂടി ചെയ്യേണ്ടതെന്താണ്? സത്യസന്ധമായി ജനങ്ങളെ ഗവൺമെന്റിനോട് സഹകരിപ്പിക്കുക എന്നതാണ് ചെയ്യേണ്ടത്. ഇവിടെ നികുതി ഏർപ്പെടുത്തിയാൽ അവിടെ 2000 രൂപ വാടക എഴുതിവയ്ക്കും. എന്നിട്ട് ബാക്കി വേറെ വാങ്ങും. നമ്മുടെ ഏർപ്പാട് അങ്ങനെയാണല്ലോ. സ്വർണ്ണക്കടകൾ ചെയ്യുന്നതുപോലെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഫലമുണ്ടാവുകില്ല. ഞാൻ കന്യകാശാപമെന്നു പറയുന്നില്ല, ഏതു ശാപവും ശാപം തന്നെയാണ്. അതുകൊണ്ട് ഞാൻ അക്കാര്യം ശക്തമായി ആവശ്യപ്പെടുന്നു. ഞാൻ ചോദിക്കട്ടെ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണ്ണക്കടകളുള്ളത് കേരളത്തിലല്ലേ? ഈ അടുത്ത കാലത്ത് ഒരു പരസ്യം വന്നു, ഗവൺമെന്റ് നടപടി എടുക്കേണ്ടതായിരുന്നു. ലോകത്ത് 7 അത്ഭുതങ്ങൾ മാത്രമെന്നുപറയുന്നത് തെറ്റാണ്. 8-ാമത്തെ അത്ഭുതം വരുന്നു. ഒരു സ്ഥലത്ത് ഒരു സ്വർണ്ണക്കട തുടങ്ങുന്നതിനെക്കുറിച്ചാണ്. നിങ്ങൾ ആ പരസ്യം കണ്ടില്ലേ? കണ്ടുകാണും. അപ്പോൾ ലോകത്തെ 8-ാമത്തെ അത്ഭുതമായിട്ടാണ് ആ സ്വർണ്ണക്കട വരുന്നത്. ആ സ്വർണ്ണക്കടയിൽ നിന്നും സ്വർണ്ണം വാങ്ങിയാൽ മമ്മൂട്ടി വീട്ടിൽ വന്ന് ഫോട്ടോയ്ക്ക് നിന്നുതരും, അതിന് അവർ അറേഞ്ചു ചെയ്യും. ആ നിലയിൽ ആളുകളെ മോഹിപ്പിച്ചുകൊണ്ട് വരികയാണ്. ഇവിടെ വാറ്റ് ഒരു ശതമാനമെന്നു പറഞ്ഞു. പക്ഷേ നിങ്ങൾക്ക് സ്വർണ്ണ കച്ചവടത്തിൽ നിന്നും സംസ്ഥാനത്തിന് എന്തുകിട്ടുന്നു? പുരയിടം വിറ്റും ആടിനെ വിറ്റും കോഴിയെ വിറ്റും കല്ല്യാണം നടത്തുന്നവന്റെ കല്ല്യാണ ഹാളിന് 3000 രൂപയ്ക്കുമേൽ നൽകുന്ന കല്ല്യാണ ഹാളുകൾക്ക് നികുതി ഏർപ്പെടുത്തുമ്പോൾ ഈ സ്വർണ്ണക്കടക്കാരനിൽ നിന്നും എന്ത് നികുതിയാണ് നിങ്ങൾ വാങ്ങുന്നത്. ഈ സംസ്ഥാനത്തിന് അതിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടോ? ശരിക്കും കിട്ടും; അതിനുള്ള enforce ചെയ്യണം. ഏതു കാലഘട്ടത്തിലെ ഭരണമാണെങ്കിലും സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്നതുപോലെയാണ് സ്വർണ്ണക്കടക്കാരനെ കാണുമ്പോൾ ചെയ്യുന്നത്. ഞാൻ ഏതു ഭരണകാലത്തേയും കാര്യങ്ങൾ പറയുകയാണ്. ആ സ്വർണ്ണം

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയിടുന്ന ആർഭാടങ്ങൾക്കല്ലേ നമ്മൾ നികുതി ഏർപ്പെടുത്തേണ്ടത്? അതല്ലാതെ ഈ ഹാൾ വാടകയ്ക്കെടുക്കുന്നവർക്കാണോ? അതുകൊണ്ട് അക്കാര്യത്തിൽ വേണ്ട നടപടിയുണ്ടാകണം. പിന്നെ ചിലതൊക്കെ പത്രങ്ങളിൽ വന്നതാണ് എനിക്കത് പറയാതിരിക്കാൻ സാധിക്കില്ല. കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം. അതേക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ഒന്നുകൂടി ആലോചിക്കണം. അത് ഉപേക്ഷിക്കണം. പിന്നെ ജീവനക്കാരുടെ ശമ്പളം. നമ്മുടെ സിസ്റ്റമെന്താണ്? എക്സിക്യൂട്ടീവും ഡെമോക്രസിയും. വില്ലേജ് ഓഫീസിലെ പ്യൂൺ മുതൽ ചീഫ് സെക്രട്ടറി വരെയുള്ള സംവിധാനം, പഞ്ചായത്ത് മെമ്പർ മുതൽ മുഖ്യമന്ത്രി വരെയുള്ള സംവിധാനം രണ്ടും കൂടിയുള്ള ഒരു സംയോജനം മാത്രമേ ഭരണകൂടത്തെ മുന്നോട്ടുകൊണ്ടു പോകാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ജീവനക്കാരെ നമ്മൾ വിശ്വാസത്തിലെടുക്കണം. ഒരു ശമ്പള കമ്മിഷനെ വയ്ക്കണം. ചർച്ച നടക്കട്ടെ. അവരുടെ എല്ലാ ആശങ്കകളും തീർക്കണം. മറ്റൊന്ന് കേരളത്തിൽ സ്വാതന്ത്ര്യ സമരസേനാനികൾ വളരെ കുറച്ചുപേരേയുള്ളൂ. 1996-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങളൊക്കെ മന്ത്രിസഭയിലുണ്ടായിരുന്നു. ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് സ്വാതന്ത്ര്യ സമരസേനാനികൾക്ക് 15 ലക്ഷം രൂപയുടെ reimbursement അനുവദിച്ചത്. അത് ഇതുവരെ ആർക്കും കൊടുത്തിട്ടില്ല. 15 ലക്ഷം രൂപതന്നെ കുറവാണ്. അതുകൊണ്ട് അവരുടെ reimbursement തുക വർദ്ധിപ്പിക്കുകയും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലുമാക്കുകയും വേണം. എന്നുമാത്രമല്ല അവരുടെ ബില്ലുകൾ ക്ലിയർ ചെയ്ത് കൊടുക്കണം. സ്വാതന്ത്ര്യ സമരസേനാനികളാണ്. പലരുടേയും റി-ഇംബേഴ്മെന്റിന്റെ കാര്യം പെൻഡിംഗിലാണ്. കേന്ദ്രപെൻഷൻകാർക്ക് 44% ക്ഷാമബത്ത കൊടുക്കുമ്പോൾ ഇവിടെ 20% മാത്രമാണ അനുവദിക്കുന്നത്. അതൊക്കെ അലോചിക്കേണ്ട കാര്യമാണ്. അതുകൊണ്ട് reimbursement തുക നിർബന്ധമായും അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കണം. നമ്മളെല്ലാം productivity വർദ്ധിപ്പിക്കുന്ന കാര്യവും ഉല്പന്നത്തിന്റെ quality-യെക്കുറിച്ചു പറയുന്നു. കാർഷികമേഖലയിലെ ഉല്പന്നങ്ങളും ഫാക്ടറികളിലെ ഉല്പന്നങ്ങളും മാത്രം മതിയോ? നമ്മുടെ സേവനം എന്തെന്നുള്ളതാണ് നാം ശ്രദ്ധിക്കേണ്ടത്. കേരളത്തിൽ സമരം നടക്കുന്നതുകൊണ്ടും ഹർത്താൽ നടക്കുന്നതുകൊണ്ടും മാത്രമാണോ കേരളത്തിന്റെ വളർച്ച മുരടിച്ചുപോയത്? അരാഷ്ട്രീയവാദം ഇന്ത്യയിൽ വളരുന്നു. കേരളത്തിൽ വളരുന്നു. കേരളത്തിലെ കോളേജ് ക്യാംപസ്സുകളിൽ ഇപ്പോൾ എന്താണെന്നറിയാമോ? അവിടെ രാഷ്ട്രീയമില്ലാത്തതു കൊണ്ട് ധ്യാനകേന്ദ്രങ്ങളും ഹോമകുണ്ഠങ്ങളും ഉയരുകയാണ്. ഞാൻ ഒരു വിശ്വാസിയാണ്. അതുവേറെ കാര്യം. പക്ഷേ അതൊരു മതഭ്രാന്താകാൻ പാടില്ല. കേരളത്തിലെ ക്യാംപസ്സുകളിൽ മതങ്ങൾ കടന്നുവന്നിരിക്കുന്നു. സാമുദായിക ശക്തികൾ കടന്നുവന്നിരിക്കുന്നു. രാഷ്ട്രീയക്കാർക്കെതിരെ അരാഷ്ട്രീയവാദം വളരുന്നു. ഇവിടെ രാഷ്ട്രീയക്കാർക്കെതിരെ അനാവശ്യമായ പ്രചരണം നടക്കുമ്പോൾ സിനിമകളിലും കാർട്ടൂണുകളിലും നമ്മൾകഥാപാത്രങ്ങളാകുമ്പോൾ democracy -യുടെ ഒരു structure-ൽ ഇവിടെവന്ന് നമുക്കെതിരായ ഒരു പ്രമേയം നമ്മൾ പാസ്സാക്കുന്നു. ഇത്ര അപഹാസ്യമായ മറ്റെന്തെങ്കിലും കാര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഹർത്താലുകളിലൂടെ നഷ്ടമുണ്ടെങ്കിൽ അതിനു വേറെ വഴി ആലോചിക്കണം. സംസ്ഥാനത്ത് മദ്യ നിരോധനം ഏർപ്പെടുത്താതെ തന്നെ ഇതിൽ നിയന്ത്രണം കൊണ്ടുവരുന്നതിന് കുള്ളു കുടിച്ചാലുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം. മദ്യ നിരോധനം ഇവിടെ സാധ്യമല്ല. ഇവിടെ രാഷ്ട്രീയ പാർട്ടികൾ ഹർത്താൽ നടത്തും. ഹർത്താലിന്റെ അപകടങ്ങളെക്കുറിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഇവിടെ ഏറ്റവും കൂടുതൽ ഹർത്താലുകൾ നടത്തുന്നത് പ്രതിപക്ഷപ്പാർട്ടികളാണ് ഹർത്താൽ വേണ്ടെന്നു ഞാൻ പറയുന്നില്ല. പ്രതിഷേധിക്കുവാനും പ്രതിഷേധിക്കുവാനുമുള്ള അവസരങ്ങൾ നിഷേധിക്കപ്പെടാൻ പാടില്ല. പക്ഷേ ഇന്നു നടക്കുന്ന ഹർത്താലുകൾ കേരളത്തിലെ ജനങ്ങളുടെ മനസ്സുകളിൽ മറ്റു ചിന്തകളെ കടത്തിക്കൊണ്ടു വരും. നമ്മുടെ ആരുടെയും കൈകളിൽ അവസാനം അതു നിൽക്കുകയില്ല. അക്രമം അവസാനിപ്പിക്കണം. ഹർത്താൽ നിർത്തിയാൽപ്പോലും നമ്മുടെ സംസ്ഥാനം നന്നാകണമെന്നില്ല. കേരളീയന്റെ രാഷ്ട്രീയ മനസ്സും രാഷ്ട്രീയ സംസ്ക്കാരവും മാറണം. എല്ലാവരും ജോലി ചെയ്യണം. എം.എൽ.എ. എം.എൽ.എ.-യുടെ ജോലി ചെയ്യണം. മന്ത്രി മന്ത്രിയുടെ ജോലി ചെയ്യണം. ഉദ്യോഗസ്ഥന്മാർ ഉദ്യോഗസ്ഥന്മാരുടെ ജോലി ചെയ്യണം. എല്ലാവർക്കും ഉദ്യോഗസ്ഥരാകാൻ കഴിയില്ല. ഞാൻ ടാറ്റാ കുടുംബത്തിൽ ജനിച്ചവനൊന്നുമല്ല. സാഹചര്യങ്ങൾകൊണ്ടും പ്രകൃതിയുടെ താളം കൊണ്ടും പലർക്കും പല ജോലികളാണ് കിട്ടുന്നത്. മിനിഞ്ഞാന്ന് എസ്.എ.ടി. ഹോസ്പിറ്റലിന്റെ വാർഡിൽ വച്ച് ഒരാളെ പാമ്പ് കടിച്ചു. എല്ലാ ആശുപത്രികളിലും ക്ളീനേഴ്സും സ്വീപ്പേഴ്സും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുമില്ലേ? സിനിമയിൽ ഒരു കഥാപാത്രം പറയുന്ന ഒരു ഡയലോഗുണ്ട്, ജോലി കിട്ടിയിട്ടുവേണം ലീവെടുക്കാനെന്ന്. അതുപോലെ ജോലി കിട്ടിയിട്ടുവേണം എനിക്കൊന്നു സമരം ചെയ്യാൻ. ആ പ്രവണതയെ നമ്മൾ പ്രോൽസാഹിപ്പിക്കരുത്. കേരളത്തിലെ ജീവനക്കാരിൽ സിംഹഭാഗവും നിങ്ങളോടൊപ്പമാണ്. ഞാൻ അതു സമ്മതിക്കുന്നു. നിങ്ങൾ അവരെ ജോലി ചെയ്യാൻ പഠിപ്പിക്കുന്നുണ്ടോ? നമ്മൾ അവരെ സമരം ചെയ്യാൻ പഠിപ്പിക്കുന്നു. കേരളത്തിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ പലരും സ്വയം ജോലി ചെയ്യുന്നില്ല. അവർ സബ് കൊടുക്കും. നിങ്ങൾക്കറിയാം. പക്ഷേ നിങ്ങൾ രിണ്ടില്ല. ആ ജീവനക്കാരെല്ലാം ഹൈലി ക്വാളിഫൈഡായിരിക്കാം. പക്ഷേ എന്തു ചെയ്യും? സ്വീപ്പേഴ്സ്, ക്ളീനേഴ്സ്, ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്നവർ, ബാങ്കുകളിൽ ജോലി ചെയ്യുന്നവർ, ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്യുന്നവർ. മൂവ്വായിരം രൂപ ശമ്പളം കൊടുക്കേണ്ടിടത്ത് 500 രൂപ കൊടുക്കും. ഒന്നോ രണ്ടോ മണിക്കൂർ ഇരുന്നിട്ട് അവർ പോകും. പക്ഷേ ഞാനിതു പറയുമ്പോൾ നിങ്ങൾ പറയും ശ്രീ. ജി. കാർത്തികേയൻ . കേരളത്തിലെ തൊഴിലാളികൾക്ക് എതിരാണെന്ന്. അതിൽ എനിക്കു വിഷമമില്ല. ഞാൻ അവർക്ക് എതിരല്ലെന്നു അവർക്കു തന്നെ അറിയാം. നിങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരാളെക്കാണാൻ പോകുമ്പോൾ, ദുർഗന്ധം കൊണ്ട് മൂക്കു പൊത്തേണ്ടിവരുന്നെങ്കിൽ, ആ ദുർഗന്ധം ഇല്ലായ്മ ചെയ്യാനാവശ്യമായ സ്റ്റാഫ് അവിടെ ഇല്ലാത്തതു കൊണ്ടാണോ? സ്റ്റാഫ് അവിടെയുണ്ട്, പക്ഷേ അവർ ജോലി ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മാലിന്യങ്ങൾ മാറ്റാനുള്ള സ്പീഷ്സ് അവിടെയുണ്ട്. പക്ഷേ അവർ ജോലി ചെയ്യുന്നില്ല. അവർ ജോലി ചെയ്യണമെന്നു പറയാൻ സംഘടനകൾ തയ്യാറുണ്ടോ? സ്വതന്ത്ര കേരളത്തിൽ ഒരു ഇടപ്രഭുവർഗ്ഗം വളർന്നു വന്നു. അതാണ് കേരളത്തിലെ ട്രേഡ് യൂണിയൻ ലീഡർഷിപ്പ്. നമുക്കു പലതും നഷ്ടമായിട്ടുണ്ട്. തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ ദൂരദർശൻ കേന്ദ്രം ആരംഭിച്ച സന്ദർഭത്തിലാണ് ആളുകൾ ധാരാളമായി ടി.വി. വാങ്ങാൻ തുടങ്ങിയത്. അങ്ങനെ ഒരു ടി.വി. കൾച്ചർ ഉടലെടുത്തു. ഇന്ത്യയിൽ ആദ്യമായി ഇലക്ട്രോണിക് വ്യവസായം ആരംഭിച്ചത് കേരളത്തിലാണ്. അതിന്റെ ചുവടു പിടിച്ചുകൊണ്ടാണ് ഇന്ത്യയിൽ എല്ലായിടത്തും ഇലക്ട്രോണിക് വ്യവസായം വളർന്നത്. കെൽട്രോണിന്റെ നേതൃത്വത്തിൽ കരകുളത്ത് ഒരു ടി.വി. ഉല്പാദന കേന്ദ്രം ഉണ്ടായി. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ടി.വി. വാങ്ങുന്ന ഒരു കൾച്ചർ വന്നപ്പോൾ കരകുളത്തെ ടി.വി. ഉല്പാദന കേന്ദ്രം അടച്ചു പൂട്ടി. എന്തുകൊണ്ടാണ് ? സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ പ്രേം നസീർ മധുവായും ഷീല ജയഭാരതിയായുമൊക്കെ കാണാൻ തുടങ്ങി.

"ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണമന്തരംഗം.

കേരളമെന്നു കേട്ടാലോ

തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ". കെൽട്രോൺ എന്നു കേട്ടാൽ ചോര തുടിക്കുമോ? കെൽട്രോണിന്റെ മാർക്കറ്റിൽ വന്ന ടി. വി. കളൊന്നും കൊള്ളാത്തതുകൊണ്ട് ആളുകൾ വാങ്ങാതായി. ഡയനോരോയും, ഒനീഡയും സോണിയുമെല്ലാം ആ സ്ഥാനം കയ്യടക്കി. നമ്മൾ തകർത്ത കേരളത്തിലെ വ്യവസായങ്ങളെക്കുറിച്ചു ഞാൻ ചുണ്ടിക്കാണിച്ചു എന്നു മാത്രം. ആരാണ് അതു തകർത്തത്? തമിഴ്നാട്ടിലെ തൊഴിലാളികളാണോ? കേരളത്തിലെ തൊഴിലാളികളുടെ മിസ് മാനേജുമെന്റ്. രാഷ്ട്രീയവും അതിനകത്തുണ്ടെന്നു വരാം. നമ്മൾ നമ്മുടേതായ കാരണങ്ങൾകൊണ്ടും നമ്മുടേതായ ഇടുങ്ങിയ രാഷ്ട്രീയ മനസ്സുകൊണ്ടും എല്ലാം തകർത്തു. നമ്മളാരും മുഖത്തു നോക്കി കാര്യങ്ങൾ പറയുകയില്ല. തോളിൽ തട്ടി അഭിനന്ദിക്കുകയാണ് പതിവ്. നമ്മൾ എല്ലാവരേയും സുഖിപ്പിക്കുകയാണ്. കേരളത്തിലെ രാഷ്ട്രീയ നേതൃത്വം അതു മനസ്സിലാക്കി. സന്ദർഭത്തിനൊത്ത് ഉയർന്നു വന്നില്ലെങ്കിൽ കേരളം മുന്നോട്ടു പോകില്ല. നമ്മൾ നമുക്കെതിരെ പ്രമേയം പാസ്സാക്കിയിട്ട് കാര്യമൊന്നുമില്ല. ജനാധിപത്യത്തിനു ജനാധിപത്യത്തിന്റെതായ ശക്തിയുണ്ട്. ഒരാഴ്ചയ്ക്കു മുമ്പ് കാശ്മീരിൽ നടന്ന തെരഞ്ഞെടുപ്പിൽ മഞ്ഞത്ത് ക്യൂ നിൽക്കുന്ന സ്ത്രീകളുടെ പടം നിങ്ങൾ കണ്ടില്ലേ? വോട്ടു ചെയ്യാൻ പോയാൽ വെടിവയ്ക്കുമെന്നും ബോംബെറിയുമെന്നുമൊക്കെ പറഞ്ഞു. എന്നിട്ടും സ്ത്രീകൾ പോയി.

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്നറിയാമോ? ജനാധിപത്യത്തോടുള്ള അവരുടെ താല്പര്യമാണ്, ജനാധിപത്യം നിലനിൽക്കണം. അതുകൊണ്ടാണവർ പോയത്. ജനാധിപത്യത്തിന്റെ പ്രതിനിധികളായിരിക്കുന്ന നമ്മൾ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ഇരുന്നുകൊണ്ട് നമ്മളെത്തന്നെ കളിയാക്കി, അപഹസിച്ച് കേരളീയ സമൂഹത്തെ നയിക്കുവാൻ പ്രാപ്തരല്ലെന്ന് തെളിയിക്കുകയാണ്. സിനിമയും കണ്ടിറങ്ങുന്നവന്റെ മുമ്പിൽ കൊടി പിടിച്ചുകൊണ്ട് പോകുന്നവനല്ല നേതാവ്. കൊടി പിടിച്ച് ജനങ്ങളെ പുറകിൽ നിർത്തണം. അതിനുള്ള ഒരു ആർജ്ജവം കേരളീയ നേതൃത്വത്തിന് നഷ്ടപ്പെട്ടുവെങ്കിൽ അതിൽ വിലപിച്ചിട്ടു കാര്യമില്ല. കേരളം മുന്നോട്ടു നീങ്ങണമെങ്കിൽ നമ്മുടെ സമീപനങ്ങൾ മാറണം. ഞാൻ രാഷ്ട്രീയ പ്രവാചകനോ പണ്ഡിതനോ ഒന്നുമല്ല. ഇവിടെ ഇപ്പോൾ ഐക്യജനാധിപത്യമുന്നണിയിൽ നൂറു പേരുണ്ട്. അടുത്ത തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ൽ നിന്നും നൂറു പേർ ജയിച്ചു വരുമെന്നു ഞാൻ പറയുന്നില്ല. ആ ഭൂരിപക്ഷം തന്നെ വളരെ അപകടകരമാണ്. പത്തു മുപ്പതു പേർ ഒരുപക്ഷേ തോറ്റുപോയാലും നിങ്ങൾ ആവശ്യമില്ലാതെ മോഹങ്ങൾ കൊടുത്ത് അണികളെ പ്രകോപിപ്പിക്കരുതെന്ന് പറയാൻ വേണ്ടിയാണ് ഞാൻ ഇത്രയും പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ഇപ്പുറത്തിരിക്കുന്നവർക്ക് ഒരു ഉപദേശം തന്നു. ഇപ്പോൾ ഒരു പ്രശ്നം മാത്രമേയുള്ളൂ. ഞങ്ങൾക്ക് ഈ നിയമസഭയിലെ മുൻമന്ത്രിമാരെ വഴിയിൽ തടഞ്ഞിട്ടു നടക്കാൻ വയ്യാതായിട്ടുണ്ട്. ഇന്നും ഒരു മുൻമന്ത്രിയുണ്ടായി. ഇനി മുൻമന്ത്രിമാർ ഇക്കൂട്ടത്തിൽ ഉണ്ടാകില്ലെന്നു പറയാൻ അങ്ങേയ്ക്കു സാധിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഞങ്ങളൊക്കെ ഇതിനുമുമ്പും മന്ത്രിമാരായിരുന്നിട്ടുണ്ട്. ഞങ്ങൾ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു വന്നു. അവിടെ നിന്നും ശ്രീ. കെ. മാധാകൃഷ്ണനൊന്നും മന്ത്രിയായിട്ടു വന്നില്ലല്ലോ? അതു ഞങ്ങളുടെ കുറ്റം കൊണ്ടല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സ്പിരിറ്റ് ഞാൻ ഉൾക്കൊള്ളുന്നു. ഇന്നൊരു മുൻമന്ത്രിയുണ്ടായി എന്നതു സത്യമാണ്. ജനാധിപത്യ കേരളത്തിലെ ആദ്യത്തെ ഒരു സംഭവമാണ്. അതിന്റെയൊരു രാഷ്ട്രീയ കുലീനത, അതാണ് രാഷ്ട്രീയ പ്രവർത്തനത്തിലെ വ്യക്തി ജീവിതത്തിന്റെ സൗന്ദര്യം. നമ്മൾ ഇവിടെ ഇരുന്ന് ആരെക്കുറിച്ചാണ് സംസാരിക്കുന്നത്? ജനങ്ങളെക്കുറിച്ച്. നമ്മൾ സമൂഹത്തിലെ പ്രിവിലേജ്ഡ് ക്ളാസ്സാണ്. നമുക്കൊക്കെ മാസ വരുമാനമുണ്ട്. നമ്മൾ സംഘടിത ന്യൂനപക്ഷമാണ്. അസംഘടിതരായ ഭൂരിപക്ഷമാണ് വെളിയിൽ. അവന്റെ പേരിലാണ് ഇവിടെ നടത്തുന്നതെല്ലാം. അതുകൊണ്ട് നമ്മൾ സംസാരിക്കുമ്പോൾ, സമീപനമെടുക്കുമ്പോൾ, നമ്മുടെ മനസ്സിൽ വെളിയിൽ നിൽക്കുന്ന അസംഘടിതരായ ആ മഹാഭൂരിപക്ഷത്തിന്റെ ചിത്രമുണ്ടാകണം. അവരെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു കൊണ്ടുപോകണം. അതിനു സത്യസന്ധമായ സമീപനം വേണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. ഇ. ഇസ്മയിലായിരുന്നു റവന്യൂ മന്ത്രി. അന്നു കുറെ പുതിയ താലൂക്കുകൾ പ്രഖ്യാപിച്ചു. 1957-ലെ വെള്ളോടി കമ്മീഷൻ മുതൽ കാട്ടാക്കട കേന്ദ്രമാക്കി ഒരു താലൂക്ക് വേണമെന്ന് പറഞ്ഞിരുന്നതാണ്. ശ്രീ. കെ. ഇ. ഇസ്മയിൽ പ്രഖ്യാപിച്ചതിൽ, ഞാൻ അന്ന് പ്രതിപക്ഷ എം.എൽ.എ. ആയിട്ടും കാട്ടാക്കട ഉൾപ്പെട്ടു. അതുകൊണ്ട് താലൂക്ക് പുനർ വിഭജനം കൂടി നടത്തണം, പുതിയ താലൂക്ക് അനുവദിക്കണം. അതിൽ കാട്ടാക്കട ഉണ്ടാകണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: അന്ന് ഉന്നയിക്കാത്ത ഒരു കാര്യം ഇന്നിപ്പോൾ ഉന്നയിക്കുന്നതെന്തിനാണ്?

ശ്രീ. ജി. കാർത്തികേയൻ: ഇന്നിപ്പോൾ ഇതു പറയാനുള്ള കാരണം, ഈ അടുത്തകാലത്ത് ഇടുക്കിയിൽ വച്ച് ബഹുമാനപ്പെട്ട കെ.എം. മാണി പുതിയ താലൂക്ക് വരുമെന്നു പറഞ്ഞപ്പോൾ, ഇക്കാര്യംകൂടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനായതുകൊണ്ട് പറഞ്ഞതാണ്. ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സർ,ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി പ്രതികൂലിക്കേണ്ടി വന്നിരിക്കുന്നു. യു.ഡി.എഫ്. അധികാരത്തിൽ വന്നശേഷം അവതരിപ്പിച്ച കഴിഞ്ഞ ബഡ്ജറ്റുകളിൽ നോക്കുകയാണെങ്കിൽ അതെല്ലാം തന്നെ വികസനത്തെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ തകർക്കുകയായിരുന്നു എന്നു മനസ്സിലാകും. വികസനത്തിന്റെ പുതിയ കേരളം പിറക്കുവാൻ പോകുകയാണ്. മാർക്സിസ്റ്റുകാർ ഭരിച്ചു മുടിച്ച കേരളത്തെ ഇന്ത്യയിലെ ഏറ്റവും വലിയ വികസന സംസ്ഥാനമാക്കി മാറ്റുമെന്നാണ് ഒന്നാം വാർഷികത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇന്നു കടക്കെണിയിൽ ഇന്ത്യയിലെ ഏറ്റവും മുമ്പന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. അതുപോലെ തന്നെ ഇന്ത്യയിലെ സംസ്ഥാന മുഖ്യമന്ത്രിമാരിൽ ഏറ്റവും മോശമായ മുഖ്യമന്ത്രിമാരിൽ ഒന്നാമനാണ് നമ്മുടെ മുഖ്യമന്ത്രി. എന്നു വിലയിരുത്തിയിരിക്കുന്നു. സമസ്ത മേഖലകളിലും കേരളം കൈവരിച്ച നേട്ടങ്ങളാണ് കഴിഞ്ഞ നാലു വർഷംകൊണ്ട് ആദർശകുബേരനും അനുജസ്ഥാനീയനുമായ നേതാവും കൂടി ഇല്ലാതാക്കിയിരിക്കുന്നത്. ഏതൊരു പൗരനും തിരിഞ്ഞു നോക്കിയാൽ സംതൃപ്തിയോടുകൂടി കാണുന്ന, നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്ന, സംതൃപ്തമായ ഒരു ജനതയെന്ന നമ്മുടെ ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ പരാമർശം അത്ഭുതാവഹം തന്നെ. സംതൃപ്തിയുള്ള ഒരു ജനവിഭാഗം, അതാരൊക്കെയാണെന്നു ഞാൻ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ആരോഗ്യ കച്ചവടക്കാർ കാടും, കടലും, കായലും, പുറമ്പോക്കും, കയ്യേറ്റം ചെയ്യുന്നവർ, ചന്ദന ബ്ലേഡ് മാഫിയകൾ, മയക്കുമരുന്നു വിഷമദ്യ വിതരണക്കാർ, ഓൺ ലൈൻ ലോട്ടറി കമ്പനിക്കാർ, വൃക്ക കച്ചവടക്കാർ, പൊതു ഖജനാവു കൊള്ളയടിക്കുന്ന മന്ത്രിമാരും, ഉദ്യോഗസ്ഥൻമാരും. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന കർഷകർ, കർഷക തൊഴിലാളികൾ ചെറുകിട ഇടത്തരം കൃഷിക്കാർ, മത്സ്യത്തൊഴിലാളികൾ, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങിയ ദരിദ്രരും ഇടത്തരക്കാരുമായ കേരളീയർക്ക് തിരിഞ്ഞുനോക്കുമ്പോൾ അസംപ്തൃപ്തി മാത്രം. വികസനപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിൽ ആയിരിക്കുകയാണ്. സമയക്കുറവുമൂലം അതിന്റെയൊക്കെ കണക്കുവായിച്ചു സമയം കളയാൻ ഉദ്ദേശിക്കുന്നില്ല. 23000 കോടിയിൽ പരം രൂപമാത്രമെ പൊതുകടം ആയി ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ഉണ്ടായിരുന്നുള്ളു. ഇന്ന് എവിടെ നിൽക്കുന്നു. ഏകദേശം 50000 കോടിരൂപയിൽ എത്തി നിൽക്കുകയാണ്. പല ഉദ്ധരണികളും ഉദ്ധരിച്ച് ഇതിനെ ചെറുതാക്കി കാണിക്കാൻ ശ്രമിച്ചിട്ടില്ല എന്ന് ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ എത്തി നിൽക്കുന്നത് ഞാനി പറഞ്ഞ തുകയിൽ ആണ്. ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തെ വികസന മുരടിപ്പിലേയ്ക്കും തകർച്ചയിലേയ്ക്കും തള്ളി നീക്കികൊണ്ടിരിക്കുന്ന ഒരു ഭരണമാണ് ബഹുമാനപ്പട്ട ധനകാര്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ഇന്നു നടന്നു കൊണ്ടിരിക്കുന്നത്. അദ്ദേഹം ചുമതല ഏറ്റെടുത്തപ്പോൾത്തന്നെ ആദ്യമായി ചെയ്ത ഒരു മഹത്തായ യജ്ഞം എന്ന് പറയുന്നത് സർക്കാർ ലോട്ടറി വിറ്റ് ഉപജീവനം കഴിച്ചുവന്നവരായ മൂന്നര ലക്ഷം ജനങ്ങളെയും അതിന്റെ ഉദ്യോഗസ്ഥൻമാരെയും പട്ടിണിയിലേക്ക് തള്ളിവിട്ടു എന്നതാണ്. ഇനിയുള്ള അവശേഷിക്കുന്ന കാലത്തുകൂടി അദ്ദേഹം കഴിയാവുന്നതെല്ലാം ചെയ്യും എന്നാണ് ഞാൻ കരുതുന്നത്. ഫലത്തിൽ ഓൺ ലൈൻ ലോട്ടറിക്കാരായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്ന് വന്ന് കേരളത്തിലെ സാധാരണക്കാരായ 15 ലക്ഷം പേരെ ഒരു ദിവസം ചതിക്കുന്ന ആ ലോട്ടറിക്ക് ഒരു കഴിഞ്ഞ കൊല്ലക്കാലമായി എല്ലാ വിധത്തിലുമുള്ള സഹായവും നൽകിയതാണ്, എന്റെ സ്നേഹിതൻ ശ്രീ. ശങ്കര നാരയണൻ. ഇപ്പോഴത്തെ, എനിക്ക് ഏറെ സ്നേഹമുള്ള ധനകാര്യവകുപ്പുമന്ത്രിയുടെ ഭരണത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്താണ്? ഇന്ന് പെൺവാണിഭ രംഗത്ത് കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്. കഴിഞ്ഞ ദിവസം കൊട്ടിയം പെൺവാണിഭത്തെ സംബന്ധിച്ച് സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചിത്രം വരച്ചുകാട്ടി. മോശപ്പെട്ട ദുർനടത്തക്കാരിയായ പെണ്ണ്, ഏതായാലും അവളുടെ മരണത്തിന് കാരണഭൂതനായ ആളെ കണ്ടുകിട്ടി; ആർ; സഹോദരൻ; ഇതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അദ്ദേഹത്തിന് കിട്ടിയ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇവിടെ ആ ചിത്രം വരച്ചുകാട്ടിയത്. എന്നാൽ ഏതാനും വനിതാ പ്രവർത്തകർ കഴിഞ്ഞദിവസം എന്നെ വന്ന് കാണുകയും കുട്ടി മരിക്കുന്നതിനുമുൻപ് ആ കുട്ടിയുമായി ചെയ്ത അഭിമുഖ സംഭാഷണത്തിന്റെ ഒരു കാസറ്റ് ഏൽപ്പിക്കുകയും ചെയ്തു. ഇതൊന്നു കാണണം. മുഖ്യമന്ത്രി പറഞ്ഞ ന്യായീകരണത്തിനു ഒരു മറുവശം ഉണ്ട്. ഞങ്ങൾ ഇതൊക്കെ കൊണ്ടു നടന്നാൽ ആരും ശ്രദ്ധിക്കില്ല. ഞങ്ങൾ ഇത് ശേഖരിച്ച് പ്രതിപക്ഷ നേതാവിന് തരികയാണ് ഇത് കഴിയുന്നത്ര പ്രയോജനപ്പെടുത്താൻ നോക്കണം എന്നു പറഞ്ഞു. ഞാൻ പറഞ്ഞു ഇത് ഞാൻ മുഖ്യമന്ത്രിയെ ഏൽപ്പിക്കാം ഇതിനെ സംബന്ധിച്ചുള്ള അടിയന്തരവും ഗൗരവവുമായ അന്വേഷണം നടത്തണമെന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടാം. തുടർന്ന് അദ്ദേഹം എന്ത് നിലപാടു സ്വീകരിക്കുമെന്ന് പരിശോധിക്കാം എന്ന് ഞാൻ അവർക്ക് ഉറപ്പും നൽകി. ഇതിനുമുൻപ് കേരളത്തിൽ നടന്നിട്ടുള്ള 'സൂര്യനെല്ലി', 'കവിയൂർ' തുടങ്ങിയ പെൺവാണിഭ പ്രശ്നങ്ങളിൽ അപ്പോൾ നടന്ന അന്വേഷണങ്ങൾ അതിനുശേഷം ഉണ്ടായ വിധി, അതുകഴിഞ്ഞു ഇപ്പോൾ ഹൈക്കോടതിയിൽ നിന്നുള്ള വിധി എന്നിവയൊക്കെ നോക്കിയാൽ "ആ പെൺകുട്ടി ദുർനടത്തക്കാരിയാണ് രക്ഷപ്പെടാവുന്ന സാഹചര്യം ആ പെൺകുട്ടി ഉപയോഗിച്ചില്ല" സൂര്യനെല്ലികേസിലെ വിധിയുടെ സ്വഭാവം അങ്ങനെ പോകുന്നു. സാറിന്റെ ശ്രദ്ധയിൽ അത് പെടുകാണും എന്ന് ഞാൻ കരുതുന്നു. കോളേജിൽ പോകുന്ന പെൺകുട്ടികളെ വളഞ്ഞുപിടിച്ച് ഇപ്പോഴത്തെ പുതുമടിശ്ശീലക്കാരായ പ്രമാണിമാർ വളരെ ആനന്ദത്തോടുകൂടി മറ്റു കാര്യങ്ങൾ ആഹരിച്ചശേഷം പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളെ കൈമാറി കൈമാറി ഉപയോഗിച്ചതിനുശേഷം റോഡരികിലേക്ക് വലിച്ചെറിയുമ്പോൾ മാത്രമാണ് അവർക്ക് രക്ഷപ്പടാൻ കഴിയുന്നത്. പിടിച്ചെടുത്തിനുശേഷം ഹോട്ടൽ മുറികളിൽ കൊണ്ടുപോയി പലതരത്തിലുള്ള ഹീനമായ പ്രവർത്തികൾ ചെയ്തതിനുശേഷമാണ് ഇങ്ങനെ വിടുന്നത്. ആ കുട്ടികൾക്ക് ആ നരാധമൻമാരിൽനിന്ന് രക്ഷപ്പെടാനുള്ള സാധ്യത ഉണ്ടോ എന്നൊന്നും കോടതി അന്വേഷിക്കേണ്ടതായിട്ടില്ല. കൊട്ടിയം കേസിലെ കുട്ടിയെ സംബന്ധിച്ച് ആ വനിതാ പ്രവർത്തകർ എടുത്ത കാസറ്റിൽ നിന്ന് ആ കുട്ടി നേരിട്ടു പറയുന്ന കാര്യങ്ങൾ എല്ലാം തന്നെ കേൾക്കാൻ കഴിയും. ദുർനടത്തകാരി അല്ല എന്നു പറഞ്ഞാൽ വിശ്വസിക്കുകയില്ല. കാരണം ആ നരാധമൻമാരെ രക്ഷിക്കണമെങ്കിൽ അവൾ ദുർനടത്തക്കാരിയാവണം. പാങ്ങോട് മിലിറ്ററി ക്യാമ്പിൽ കൊണ്ടുപോയി മലയാളികളായ പട്ടാളക്കാരും ഒരു ഉദ്യോഗസ്ഥനും കൈകാര്യം ചെയ്തതിനെപ്പറ്റി അവൾ പറയുന്നുണ്ട്. അവളെ കൊണ്ടുപോയിട്ടുള്ള സ്ഥലങ്ങൾ എല്ലാം പറയുന്നു. പാങ്ങോട്ടുനിന്നു രക്ഷപ്പട്ടതിനുശേഷം ചവറ പോലീസ് സ്റ്റേഷനിൽ, സന്ധ്യയായെങ്കിലും ചെന്നു എന്നെ രക്ഷിക്കണം എന്നു പറഞ്ഞു., ദുർനടത്തക്കാരി കൊല്ലത്തെ ഡി.വൈ.എസ്.പി. മുതൽ, കൊട്ടിയത്തെ സബ് ഇൻസ്പെക്ടറും, ചവറയിലെ സബ് ഇൻസ്പെക്ടറും വരെ ആരു കണ്ടിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ദുർനടത്തക്കാരി എന്നു പറഞ്ഞ് അവൾക്ക് രക്ഷകൊടുത്തില്ല. ആ നരാധമൻമാർക്ക് എറിഞ്ഞുകൊടുത്തതിന്റെ ഫലമായി അവസാനം ഗത്യന്തരമില്ലാതെ അവരാൽ തന്നെ ആ കുട്ടി മരിച്ചതായാണ് സംഭവഗതികൾ പരിശോധിച്ചുവരുമ്പോൾ, പഠിച്ചുവരുമ്പോൾ കാണാൻ കഴിയുന്നത്. അതുകൊണ്ട് എനിക്കു കിട്ടിയ കാസറ്റ് മുഖ്യമന്ത്രിക്ക് ഈ സഭ കഴിഞ്ഞാലുടൻ കൈമാറുന്നതാണ്. അദ്ദേഹം അത് സംബന്ധിച്ച് നടത്തിയ മുൻ അന്വേഷണത്തിന്റെ സ്വഭാവത്തിൽ ആകാതെ, കിളിരൂർ, കവിയൂർ പോലെ, അദ്ദേഹം അന്വേഷണം നടത്തിയതിന്റെ രൂപം നാട്ടിലുണ്ട്, അതുപോലെ ആകാതെ ശുഷ്കാന്തിയോടെ ഗൗരവത്തോടെ അന്വേഷിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. രണ്ടാമത്തെ കാര്യം ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് എസ്.എസ്.എൽ.സി.....

ശ്രീ. കെ. സി. ജോസഫ് : ഇന്ന് ബഡ്ജറ്റ് ചർച്ചയുടെ അവസാനത്തെ ദിവസമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടുള്ള അങ്ങേയറ്റത്തെ ബഹുമാനത്തോടുകൂടിത്തന്നെ ചോദിക്കുകയാണ് ഈ ചർച്ചകളിൽ ഇവിടെ പല പ്രാവശ്യം കേട്ട പെൺവാണിഭത്തെക്കുറിച്ചുള്ള ആവർത്തനമല്ലാതെ അങ്ങേയ്ക്ക് ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയാനില്ലേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പെൺവാണിഭത്തെപ്പറ്റി പറയുന്നത് ഈ പെൺവാണിഭക്കാർ ആയിട്ടുള്ള, നരാധമൻമാരായിട്ടുള്ളവരുടെ അനുഭാവികളായിട്ടുള്ള പലർക്കും കേൾക്കാൻ ഒക്കുകയില്ല. ഞാൻ പെൺവാണിഭത്തിൽ മാത്രം നിർത്തുന്നില്ല. ഐ.ടി @ സ്കൂൾ എന്ന എഴുതുന്ന ഏതാണ്ട് അഞ്ചുലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ മൈക്രോസോഫ്റ്റ് എന്ന ലോകത്തിലെ ഏറ്റവു വലിയ കമ്പൂട്ടർ കുത്തകയ്ക്ക് വിധേയമാക്കിക്കൊണ്ട് അവരുടെ പരീക്ഷണശാലയായി നമ്മുടെ വിദ്യാഭ്യാസ മേഖലയെ മാറ്റിത്തീർക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും മന്ത്രിയും ശ്രമിച്ചു കൊണ്ടിരിക്കുന്നത് നല്ലതല്ലെന്നും അത് മൈക്രോസോഫ്റ്റെന്ന കുത്തകയെ ഏൽപ്പിക്കുന്നതിനു വിരുദ്ധമായി ചെറിയ ചെലവിൽ കമ്പ്യൂട്ടർ പഠിപ്പിക്കാനും അത് കൈകാര്യം ചെയ്യാനും സഹായകരമായ നിലയിൽ ലിനക്സിനെപ്പോലുള്ള സ്വതന്ത്ര സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ കഴിയണം. ഇത് പിന്നീടാണുണ്ടായതെന്നുള്ളത് ശരിയാണ് അത് മനസ്സിലാക്കുന്നതിനുവേണ്ടി അൽപ്പം സമയമെടുക്കണമെന്നുള്ളതും ശരിയാണ് പക്ഷെ സമയമെടുക്കുന്നതിന്റെ ഫലമായും നമ്മുടെ കുട്ടികൾക്ക്, നമ്മുടെ നാട്ടുകാർക്കെല്ലാംതന്നെ ആ സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ വരവ് വളരെയധികം സഹായകരമാകു നമ്മുടെ 422 സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ പഠിപ്പിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ അവസാനം മൈക്രോസോഫ്റ്റിന്റെ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ഇതിന്റെ ഉപയോഗം വ്യാപിപ്പിച്ചപ്പോൾ 422 എന്നത് വെറും രണ്ടായി ചുരുങ്ങി. മൈക്രോസോഫ്റ്റിന്റെ ആ നീരാളിപ്പിടിത്തത്തിന്റെ ഫലമായി സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രവർത്തനത്തെ വ്യാപിപ്പിക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ രംഗത്തെ ഉദ്യോഗസ്ഥൻമാർ അവർക്ക് വിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി വിധേയമാക്കുന്നതാണെന്ന് ഞാൻ കരുതുന്നില്ല. അതിന് അവർക്ക് അതിന്റേതായിട്ടുള്ള പ്രയോജനമുണ്ടാകും. പക്ഷെ നമ്മുടെ കുട്ടികളുടെ ഭാവിയാണ് തുലയ്ക്കപ്പെടുന്നതെന്നതുകൊണ്ട് അഞ്ച് മാർക്കിന്റെ പേരിൽ അവരുടെ പരീക്ഷണശാലയായി നമ്മുടെ വിദ്യാഭ്യാസ മേഖലയെ മാറ്റാൻ വിദ്യാഭ്യാസ വകുപ്പും ഗവൺമെന്റും കൂട്ടുനിൽക്കരുത്. അത് വളരെ അപകടകരമാണ്. മൂന്നു കൊല്ലമായി കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകൻമാർക്ക് ഇവരുടെ പരീക്ഷയെ സംബന്ധിച്ച് കണിശമായി പരിശോധിക്കാനും മാർക്ക് ഇടാനുമുള്ള കഴിവുണ്ട്. അവരെ വെറും കഴിവുകെട്ടവരായി ചിത്രീകരിച്ച് വലിയ കുത്തക കമ്പനികൾക്ക് അടിയറവയ്ക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കരുത്. അത് അത്യന്തം അപകടകരമാണെന്നാണ് എനിക്ക് പറയാനുള്ളത്.

മൂന്നാമതായി എനിക്ക് പറയാനുള്ളത് നമ്മുടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെക്കൂടി ചേർത്തുകൊണ്ട് ഉണ്ടായ ഹൈക്കോടതിയുടെ പരാമർശത്തെപ്പറ്റിയാണ്. ഇതേ ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചുകൊണ്ട് സമർപ്പിച്ച അടിയന്തിര പ്രമേയ നോട്ടീസിന്റെ ചർച്ച നടന്ന സമയം തന്നെ. അദ്ദേഹം രാജിവച്ചു. മിസ്റ്റർ കെ.പി. വിശ്വനാഥന്റെ ആത്മാർത്ഥതയെ സംബന്ധിച്ച് ഞങ്ങൾക്കാർക്കും സംശയമില്ല. ശ്രീ. കെ. പി. വിശ്വനാഥൻ രാജിവെച്ചു എന്നുള്ളതുകൊണ്ടു മാത്രം ചന്ദനമാഫിയയെ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കൺട്രോൾ ചെയ്യാൻ കഴിയുന്നുയെന്ന് ഞങ്ങളാരും കരുതുന്നില്ല. എനിക്ക് ഏറ്റവും കൂടുതൽ സ്നേഹമുള്ള ബഹുമാനമുള്ള മിസ്റ്റർ എ. കെ. ആന്റണി മൂന്നേകാൽ കൊല്ലം ഭരിച്ചിട്ടും ഈ ചന്ദനമാഫിയയെ കൺട്രോൾ ചെയ്യാൻ കഴിഞ്ഞില്ല. അവർ പ്രബലൻമാർ തന്നെയാണ്. മറയൂരിലെ ചന്ദനത്തോട്ടം, കോടിക്കണക്കിന് രൂപയുടെ കേരളത്തിന്റെ ആസ്തി വിളയുന്ന ചന്ദനത്തോട്ടം, ആ ചന്ദനത്തോട്ടത്തിൽ നിന്നു മോഷ്ടിക്കപ്പെടുന്ന ചന്ദനം കേരളത്തിലെ 24 ഫാക്ടറികളിൽ പ്രോസസ് ചെയ്യുന്നു. ആ നിയമപരമായ കമ്പനികളുടെ ഇടപാട് പല പ്രാവശ്യം മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയോടും അന്നത്തെ വനം വകുപ്പുമന്ത്രി ശ്രീ. കെ. സുധാകരനോടും ഞാൻ പറഞ്ഞു. കേസ് എടുത്തില്ലേ കേസ് എടുത്തു. എന്റെ സ്നേഹിതൻ ശ്രീ. കെ. പി. വിശ്വനാഥൻ പറഞ്ഞു 'ഞാനാണ് പരിശോധനയ്ക്ക് അയച്ചതെന്ന്.' അല്ല, മുൻപിരുന്ന ശ്രീ. കെ. സുധാകരനാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. അവസാനം പരിശോധന എങ്ങനെയാണ് ചെന്നു ഭവിക്കുന്നത് എന്നുചോദിച്ചാൽ വെട്ടിപ്പുകാർക്കും തട്ടിപ്പുകാർക്കും അനുകൂലമായി ചെന്നു ഭവിക്കുന്നു എന്നതാണ് കാണുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് മൂന്നരക്കൊല്ലം എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണിക്ക് കഴിയാതിരുന്നത് ഇപ്പോൾ മൂന്നുമാസക്കാലത്തിലേറെയായി ശ്രീ. ഉമ്മൻചാണ്ടിയുടെ കീഴിൽ മിസ്റ്റർ കെ. പി. വിശ്വനാഥനും അതിനു ശ്രമിച്ചു. ജിഷകപ്പാറയെ സംബന്ധിച്ചുള്ള ആക്ഷേപവും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം നടപടിയെടുത്തില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഫലിച്ചില്ല. നമ്മുടെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ആക്രമണത്തിന് വിധേയരാകുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ചന്ദന മാഫിയ കഴിഞ്ഞ മുന്നരക്കൊല്ലമായി അതിശക്തമായിത്തന്നെ നിലനിൽക്കുകയാണ്. കോടിക്കണക്കിനുള്ള സമ്പത്താണ് കൊള്ളയടിച്ചു കൊണ്ടിരിക്കുന്നത്. ആ നീരാളിയെ ഒതുക്കാൻ യു.ഡി.എഫ്.-ന് കഴിയുമെന്ന് തോന്നുന്നില്ല. നിങ്ങളുടെ ഐക്യമുന്നണി ബന്ധവും ഘടകകക്ഷികളുടെ സമീപനവും വലിയ പ്രമാണിമാർക്ക് കീഴടങ്ങി അവർക്ക് കൂട്ടുനിൽക്കുന്ന ഒരു സമീപനമായതുകൊണ്ട് നിങ്ങൾ എത്ര പരിശ്രമിച്ചാലും ആ നീരാളിയെ ഒതുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കേരളത്തിന്റെ ഖജനാവിൽ വരേണ്ട വൻകോടികൾ എത്തിക്കാൻ കഴിയില്ല. മറയൂർ തോട്ടത്തിൽ ഞാൻ പലപ്രാവശ്യം പോയി. ഉദ്യോഗസ്ഥൻമാരെ കണ്ടു, അവരുടെ വേദനകളും ദുരിതങ്ങളുമെല്ലാം എന്നോട് പറഞ്ഞു. ആകെ അവിടത്തെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ കൈയിൽ രക്ഷയ്ക്കുവേണ്ടി ഏൽപ്പിച്ചിരിക്കുന്നത് ആകെ 30 തോക്കുകളാണ്. ആധുനിക ആയുധങ്ങളോടുകൂടിയാണ് സ്ഥിരം ചന്ദന കൊള്ളക്കാരായിട്ടുള്ള ആളുകൾ വരുന്നത്. അവരുടെ ആക്രമണത്തിൽ പലരും വിധേയരായിട്ടുണ്ട്. ഇവരെ നേരിടാൻ സാധിക്കുന്നില്ല. ഇവരുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന തോക്കുകൊണ്ടു വെടിവയ്ക്കണമെങ്കിൽ ആർ.ഡി.ഒ-യുടെ സാംഗ്ഷൻ വേണം. ഇന്ന് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽവച്ച് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് ചോദിച്ചു സാംഗ്ഷൻ കൊടുത്തേക്കട്ടേയെന്ന്. അപ്പോൾ അന്ന് അവർ എന്നോട് പറഞ്ഞത് ശരിയാണെന്ന് എനിക്ക് ബോദ്ധ്യമായി. ആ തോക്ക് ഉപയോഗിക്കണമെങ്കിൽ ആർ.ഡി.ഒ-യുടെ സാംഗ്ഷൻ വേണം. അപ്പോൾ അക്രമികളായിട്ടുള്ള ആളുകൾ ആധുനികായുധങ്ങളുമായി വന്നുകഴിഞ്ഞാൽ ജീവൻ രക്ഷിക്കണമെങ്കിൽ ഓടണം. ഓടിയാലോ നമ്മുടെ ചന്ദന സമ്പത്ത് നഷ്ടപ്പെടും. ആ വിലപിടിപ്പുള്ള സമ്പത്ത് സംരക്ഷിക്കാൻ നമുക്ക് കഴിയാതെ വന്നതിന്റെ ഫലമായിട്ടാണ് ഇതൊക്കെ സംഭവിച്ചത്. ശക്തമായ ഒരു ഫോഴ്സിനെ നിയോഗിക്കണമെന്ന് ഞാൻ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ അറിയിച്ചു. ഫലമുണ്ടായില്ല. ഇപ്പോഴും ഞാൻ ആവശ്യപ്പെട്ടു. വീണ്ടും വീണ്ടും ആവശ്യപ്പെടുന്നു വളരെ സാമ്പത്തികമായ തകർച്ചയെ അഭിമുഖീകരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് പ്രകൃതിതന്നെ അനുഗ്രഹിച്ച് നൽകിയിട്ടുള്ള സമ്പത്ത് സംരക്ഷിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. അതൊക്കെ ചന്ദനമാഫിയക്കാർ ഊറ്റിക്കൊണ്ടുപോകുന്നുവെന്നുള്ളത് നിങ്ങൾ കാണണം.

അതുപോലെതന്നെ മണലൂറ്റുകാർ എന്നുപറയുന്ന ഒരു വിഭാഗമുണ്ട്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ആറ്റിൽ നിന്നും തോട്ടിൽ നിന്നും മണലൂറ്റിക്കൊണ്ടു പോകുന്നവർ. ഗവൺമെന്റിന്റെ ഫോഴ്സ് നിയന്ത്രിക്കാൻ നോക്കുന്നുണ്ടെങ്കിലും മണലൂറ്റ് വ്യാപകമായ രീതിയിൽ നടക്കുകയാണ്. കേരളത്തിലെ വിവിധ പ്രോജക്ടുകൾ നശിപ്പിക്കുന്ന തരത്തിൽ മണലൂറ്റ് മാഫിയകൾ ശക്തമായി മുന്നോട്ടു പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈയിടെ വെള്ളായണി കായൽ സന്ദർശിച്ചു. മണലൂറ്റുകാരുടെ ഹീനമായ കൊള്ളയടിമൂലം അവിടത്തെ കൃഷി മുഴുവൻ നശിച്ചു കഴിഞ്ഞിരിക്കുകയാണ്. വെള്ളായണി കായൽ ശുദ്ധജലതടാകമായി സംരക്ഷിക്കാൻ കഴിയണം എന്നാണ് ആ നാട്ടിലെ ജനങ്ങൾ പറയുന്നത്. വെള്ളായണി കായൽ ശാസ്താംകോട്ടയിലെ പോലെ ശുദ്ധജല തടാകമായി കാത്ത് സൂക്ഷിച്ചാൽ തിരുവനന്തപുരത്തേയ്ക്ക് ഇന്നുള്ള വാട്ടർ സപ്ലൈയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ വന്നാൽ നമുക്ക് ശുദ്ധജലമെടുക്കാൻ കഴിയുന്ന ഏറ്റവും അനുഗൃഹീതമായ ഒരു സങ്കേതമാക്കി, ശുദ്ധജല തടാകമായി മാറ്റിയെടുക്കാൻ കഴിയും. അതുകൊണ്ട് മണലൂറ്റുകാരുടെ കൊള്ളയ്ക്ക് കൂട്ട് നിൽക്കുക എന്നുള്ള സമീപനം സ്വീകരിക്കാതെ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണം എന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. അതുപോലെ കോവളത്തെ കാര്യത്തെക്കുറിച്ച് ഞാൻ കഴിഞ്ഞ പല സന്ദർഭങ്ങളിലും പറഞ്ഞു. അപ്പോൾ നമ്മുടെ മുഖ്യമന്ത്രി എഴുന്നേറ്റ് നിന്ന് ശക്തമായി പറഞ്ഞു 'അവിടെ കയ്യേറിയിട്ടുള്ള ആളുകൾ എന്റെ ബന്ധുക്കളല്ല ഞാൻ തന്നെയാണ് എന്ന് കരുതിക്കോ അത് അനുവദിക്കില്ല എന്ന് . അത് കേട്ടപ്പോൾ ആശ്വാസം തോന്നി. പക്ഷേ ഒരു തരത്തിലും ആ കയ്യേറ്റക്കാരെ തടയാൻ ആവശ്യമായ നടപടി സ്വീകരിച്ചില്ല എന്ന് മാത്രമല്ല അതിന്റെ തെക്ക് വശത്ത് എന്റെ സ്നേഹിതനും ഈ ഗവൺമെന്റിന്റെ റവന്യൂ വകുപ്പുമന്ത്രിയുമായ മിസ്റ്റർ മാണിയുടെ മരുമക്കളെന്നോ മറ്റോ ബന്ധം വരുന്ന ഒരു സെറ്റുകാർ ഏഴര ഏക്കർ പുറമ്പോക്ക് ഭൂമി കയ്യേറിയിരിക്കുകയാണ്. ഗൾഫാർ മുഹമ്മദ് അവിടെ ഐ.റ്റി.ഡി.സി.യുടെ കോവളം കൊട്ടാരം വാങ്ങിയതിനെത്തുടർന്ന് സർക്കാരിന്റെ സ്ഥലവും കൂടെയുള്ള കൊട്ടാരവും കയ്യടക്കിയതുപോലെ തന്നെ, അത് കഴിഞ്ഞ് അതിന്റെ അരികിലുള്ള പ്രദേശങ്ങളിലെല്ലാം കയ്യേറ്റം നടത്തിയത് ചോദ്യം ചെയ്യാതിരുന്നപ്പോൾ മുത്തൂറ്റുകാരും മറ്റ് ആളുകളും കയറാൻ തുടങ്ങി. അതും ആരും തടയുന്നില്ല എന്ന് വന്നപ്പോൾ മിസ്റ്റർ മാണിയുടെ ബന്ധുക്കളും കയറുകയാണ്. അവർ കയ്യേറി കെട്ടിടം വച്ചിട്ടുള്ളതു സംബന്ധിച്ച് ആളുകൾ പറയുന്നത് മതികെട്ടാനിലെ ആ മരത്തടി ലോറിയിൽ വന്ന് ഇവിടെ പണിതു കൊണ്ടിരിക്കുന്നുവെന്നാണ്. അപ്പോൾ ഈ ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ എന്തും നടത്താം. പ്രമാണിമാർ ആയിട്ടുള്ള ആളുകൾക്ക് എന്തു കൊള്ളയും നടത്താം. സംരക്ഷണം കിട്ടും. പാവപ്പെട്ടവർ എങ്ങാനും ഒരു സെന്റോ രണ്ടു സെന്റോ ഉള്ള ഭൂമിയിൽ കയറിയാൽ ഉടനെ തന്നെ അത് കണ്ടുപിടിച്ച് തടയാൻ പോലീസ് ശക്തമായ നടപടി സ്വീകരിക്കയും. ഈ വൈപരീത്യം എത്രകാലം ഈ നാട്ടിലെ ജനങ്ങൾക്ക് സഹിക്കാൻ കഴിയും എന്നുള്ള കാര്യം ഗവൺമെന്റ് ചിന്തിക്കുന്നില്ല. ഗൗരവമായി എടുക്കുന്നില്ല. അവശേഷിക്കുന്ന കാലം കൂടി ഈ കൊള്ള തുടരട്ടെ എന്നതാണ് ഗവൺമെന്റ് സമീപനം എന്നാണ് മനസ്സിലാകുന്നത്. അതിന്റെയെല്ലാം സംരക്ഷകൻമാരുടെ ഒരു ബഡ്ജറ്റാണ് ഇത് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കടുത്ത മാനസിക സംഘർഷത്തോടുകൂടിയാണ് ഞാൻ ഈ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്നത്. കാരണം 100 ശതമാനം നിരപരാധിയാണ് എന്ന് എല്ലാപേർക്കും അറിയാവുന്ന നമ്മുടെ പ്രിയപ്പെട്ട സഹപ്രവർത്തകൻ വനം വകുപ്പുമന്ത്രി രാജിവച്ചിരിക്കുന്നു. പക്ഷേ അദ്ദേഹം രാജി വച്ചപ്പോൾ എനിക്ക് പുരാണത്തിലെ ഒരു കഥയാണ് ഓർമ്മ വരുന്നത്. അർദ്ധരാത്രി ഒരു ഡോബി ഭാര്യയോട് പറയുന്നത് കേട്ട് അഗ്നിശുദ്ധി വരുത്തിയ ഭാര്യയെ ഉപേക്ഷിച്ച ശ്രീരാമന്റെ കഥ. പക്ഷേ ഭാര്യയെ ഉപേക്ഷിച്ച് ശ്രീരാമനോട് എനിക്ക് ഒരു മതിപ്പുമില്ല. എന്റെ സുഹൃത്ത് ശ്രീ. വിശ്വനാഥനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. എല്ലാവരും സ്വന്തം മനസ്സാക്ഷിയോട് ഒന്ന് ചോദിക്കണം. ഇത് ശരിയാണോ ഇതാണോ രാഷ്ട്രീയം എന്ന് പ്രതിപക്ഷത്തുള്ളവരും ഒന്ന് ചിന്തിക്കണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ആദർശ കുബേരൻ എന്നൊരു വാക്ക് ഉൾപ്പെടുത്തിയത് ഇവിടെ വലിയ ഒരു നിരൂപണത്തിന് ഇടയാക്കിയത്. ഞാൻ വിശ്വസിക്കുന്ന ഒരു കാര്യമുണ്ട്. എനിക്ക് അറിയാവുന്ന കുബേരൻ ധനവാനാണ്. ആദർശം ഒരു ധനമാണ്. ആ ആദർശത്തിന്റെ ധനവാൻ തന്നെയാണ് ശ്രീ. എ.കെ. ആന്റണി എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. കുബേരൻ അത്ര നിസാരക്കാരനൊന്നുമല്ല. മഹാവിഷ്ണുവിന്റെ ഭാര്യ ലക്ഷ്മീദേവി ഒരിക്കൽ മഹാവിഷ്ണുവിനെ ഉപേക്ഷിച്ചുപോയി. അപ്പോൾ ഐശ്വര്യം മുഴുവൻ പോയി. മഹാവിഷ്ണുവിന്റെ കയ്യിൽ കാശില്ലാതായി. അന്ന് മഹാവിഷ്ണു പോയി കടം വാങ്ങിച്ചത് ഒരു കുബേരന്റെ കയ്യിൽ നിന്നാണ്. ലോകംകണ്ട മഹാവിഷ്ണുപോലും കടം വാങ്ങിച്ചത് കുബേരന്റെ കയ്യിൽനിന്നാണ്. ആദർശത്തിന്റെ കുബേരൻ എന്ന് ഞാൻ ആത്മാർത്ഥതയോടുകൂടി തന്നെയാണ് പറഞ്ഞത്. അതേ ശബ്ദതാരാവലിയിൽത്തന്നെ ബാലൻ പറഞ്ഞതാണെങ്കിലും ശ്രീ. കാർത്തികേയൻ ചില അർത്ഥങ്ങൾ വിട്ടു കളഞ്ഞു. എന്നെപ്പറ്റി പറഞ്ഞാൽ ഞാൻ എന്തിന് വിടണം? ബാലൻ എന്നുള്ള വാക്കിന് ശ്രീ. കാർത്തികേയൻ പറഞ്ഞ അർത്ഥം കൂടാതെ വളർച്ച, അധികമാകാത്തത്, അഞ്ച് വർഷമായ തെങ്ങ്, മൂഢൻ എന്നും മാത്രമല്ല, പയ്യൻ എന്നും പറഞ്ഞിട്ട് ബ്രാക്കറ്റിൽ 'ഇളകുന്നവൻ' എന്ന് അർത്ഥം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ എനിക്ക് മനസ്സിലായി കഴിഞ്ഞ തവണ ഇളകിയതാണെന്ന്. ഇതിൽ കൂടുതൽ അതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ഈ വിശദീകരണത്തിൽ വങ്കൻ എന്ന് പറയുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇല്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന് അങ്ങനെ ഒരു അർത്ഥം ഉണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഞാൻ വളരെ യാഥാർത്ഥ്യബോധത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഒരു ജിമ്മിക്സും കാണിച്ചിട്ടില്ല. ഒരു ജാലവിദ്യയും ഈ ബഡ്ജറ്റിൽ കാണിച്ചിട്ടില്ല. ഇത് ഒരു നിറകുടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു ധനകാര്യമന്ത്രിയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക അച്ചടക്കമാണ് ഏറ്റവും പ്രധാനം. ഡോ. തോമസ് ഐസക് തന്നെ പറയുകയുണ്ടായി വളരെ പരിമിതികൾ ഉള്ള ഒരു സാമ്പത്തിക സ്ഥിതിയാണെന്ന്. ഞാൻ അതിനോട് നൂറു ശതമാനം യോജിക്കുന്നു. വളരെ വളരെ പരിമിതികൾ ഉണ്ട്. ആ പരിമിതികൾക്കകത്തു നിന്നുകൊണ്ട് എങ്ങനെ ബഡ്ജറ്റ് ഉണ്ടാക്കാം എന്ന് ആലോചിച്ചു, ഈ രാജ്യത്തെ സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് ഒരു രീതിയിൽ നികുതിയും വരുത് എന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അതേയവസരത്തിൽ ഈ കൊച്ചു കേരളത്തിൽ പരമാവധി എന്തെല്ലാം ചെയ്യാനൊക്കും എങ്ങനെ വികസന പ്രവർത്തനങ്ങൾ ചെയ്യാനൊക്കും അപ്പോൾ ഞാൻ കണ്ട മാർഗ്ഗം രണ്ടാണ്. ഒന്ന് നിലവിലുള്ള നികുതി എങ്ങനെ പരമാവധി നമുക്ക് പിരിച്ചെടുക്കാൻ കഴിയും, അങ്ങനെ കിട്ടുന്ന നികുതി തുക വിനിയോഗിക്കുന്നതിന് പ്രയോറിറ്റി ഏതെല്ലാം സെക്ടറിൽ കൊടുക്കണം ഇതാണ് ഈ ബഡ്ജറ്റിന് അടിസ്ഥാനമാക്കിയിരുന്ന കാര്യം. ഈ വർഷം നികുതിയിനത്തിൽ തന്നെ 1300 കോടി രൂപ കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ പിരിച്ചെടുക്കുന്നുണ്ട്. അവസാനമായില്ല എങ്കിലും നമ്മൾ ടാർജറ്റിൽ എത്തും. 1300 കോടി രൂപ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്, അത് റിക്കോർഡാണ്. അടുത്ത വർഷം 1700 കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടുതലായിട്ട് വലിയ നികുതിയൊന്നും ചുമത്തിയിട്ടില്ല എങ്കിലും ഈ വർഷം കിട്ടുന്നതിനേക്കാൾ 1700 കോടി രൂപ അടുത്തവർഷം പിരിച്ചെടുക്കാനായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കോർ സെക്ടറിൽ കൂടുതൽ പണം വകവച്ചു കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഞാൻ തയ്യാറാക്കിയിരിക്കുന്നത്. ഉദാഹരണമായി അഗ്രിക്കൾച്ചറിന് ലെഫ്റ്റ് ഡെമോക്രാറ്റിക് ഫ്രണ്ട് അധികാരത്തിൽ നിന്നുപോയ വർഷം അവർ വകകൊള്ളിച്ചിരിക്കുന്നത് 430.81 കോടി രൂപയാണ്. കഴിഞ്ഞ വർഷം അത് ശ്രീ. എ.കെ. ആന്റണിയുടെ ഗവൺമെന്റ് 513 കോടി രൂപവരെ ഉയർത്തി അഗ്രിക്കൾച്ചറൽ സെക്ടറിന് പ്രാധാന്യം കൊടുത്തു. അടുത്ത വർഷത്തേക്ക് 575 കോടി രൂപ ആൾ ടൈം റിക്കോർഡ് അഗ്രിക്കൾച്ചർ സെക്ടറിനു മാത്രം വച്ചിട്ടുണ്ട്. ഇവിടെ എല്ലാകാലത്തും നാളികേരത്തിന്റെ കാര്യം എല്ലാവരും അവഗണിച്ചിട്ടേയുള്ളൂ. ഒരു കാലത്തും നാളികേരത്തിന് ആവശ്യമായിട്ടുള്ള പണം വച്ചിട്ടില്ല മറ്റു നാണ്യവിളകൾക്കാണ് കൂടുതൽ വക കൊള്ളിച്ചിട്ടുള്ളത്. അടുത്ത വർഷത്തേക്ക് 64.55 കോടി രൂപ നാളികേര വികസനത്തിനുവേണ്ടി വകകൊള്ളിച്ചിട്ടുണ്ട്. നാണ്യവിളകളെ വിട്ടിട്ടില്ല, പെപ്പറിന് 20 കോടി രൂപ വച്ചിട്ടുണ്ട്. 18 കോടി രൂപ നെല്ലുൽപ്പാദനത്തിന്റെ ഗ്രൂപ്പ് ഫാമിംഗിനുവേണ്ടി വച്ചിട്ടുണ്ട്. വെജിറ്റബിൾസിനും വേണ്ടി 16 കോടി രൂപ വച്ചിട്ടുണ്ട്. ഇതുവരെ വച്ചിട്ടില്ലാത്ത രീതിയിൽ ഒരു quantum jump തന്നെ കൊടുത്തുകൊണ്ട് അഗ്രിക്കൾച്ചറിന് ഏറ്റവും കൂടുതൽ തുക വകയിരുത്താൻ എനിക്ക് കഴിഞ്ഞു, അത് ഞാൻ ചെയ്തിട്ടുണ്ട് എന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. രണ്ടാമത് ഇവിടെ എല്ലാവരും പറഞ്ഞത് ട്രഡീഷണൽ ഇൻഡസ്ട്രിയെ അവഗണിച്ചു എന്നാണ്. ഈ വർഷം 75.96 കോടി രൂപ ട്രഡീഷണൽ ഇൻഡസ്ട്രിക്കു മാത്രം വച്ചിട്ടുണ്ട്. കഴിഞ്ഞ കൊല്ലം വെറും 47.47 കോടി രൂപയായിരുന്നത് ഈ വർഷം 75.96 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കാഷ്യൂവിന്റെത് ഇതിൽ വരുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട് കാഷ്യൂവിന് വേണ്ടി കൂടുതൽ തുക വേണ്ടിവന്നാൽ കൊടുക്കും എന്ന്. ഇപ്പോൾ കണ്ടിജൻസി ഫണ്ട് 25 കോടി രൂപയിൽ നിന്ന് 100 കോടി രൂപയാക്കി ഉയർത്താൻ കാരണം 31 കോടി രൂപ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുവേണ്ടി കൊടുത്തതുകൊണ്ടാണ്. അതുകൊണ്ട് ട്രഡീഷണൽ ഇൻഡസ്ട്രിക്ക് വകകൊള്ളിച്ചിട്ടില്ല എന്നുപറയുന്നത് ശരിയല്ല. ഹാന്റ്ലൂമിന് 28.33 കോടി രൂപ വച്ചിട്ടുണ്ട്. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിക്ക് 15.35 കോടി രൂപ വച്ചിട്ടുണ്ട്. ഇതെല്ലാം ആൾ ടൈം റിക്കോർഡാണ്. കഴിഞ്ഞ കൊല്ലം ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന് 9.53 കോടി രൂപയായിരുന്നു വകകൊള്ളിച്ചിരുന്നത്, ഇത്തവണ അത് 15.35 കോടിരൂപ ആക്കിയിട്ടുണ്ട്. അങ്ങനെ ട്രഡീഷണൽ വ്യവസായമായ കയറിനെ സംബന്ധിച്ചിടത്തോളം എന്നും പരാതിയുള്ളതാണ്, കയറിന്റെ കാര്യത്തിൽ ആരും താൽപ്പര്യം കാണിക്കുന്നില്ല എന്ന്. കയറിനും ആൾ ടൈം റിക്കോർഡ്, 29.78 കോടി രൂപ വച്ചിട്ടുണ്ട്. അത് കഴിഞ്ഞ വർഷം 11.59 കോടി രൂപയായിരുന്നു. അപ്പോൾ 11 കോടിരൂപയിൽ നിന്നാണ് 29 കോടി രൂപയാക്കി നമ്മൾ ഉയർത്തിയത്. ഗ്രാമത്തിലെ ജനങ്ങളെ കാണുന്ന ഒരു ധനകാര്യവകുപ്പുമന്ത്രി ഉണ്ടായെങ്കിൽ മാത്രമേ ഈ രാജ്യം നന്നാകുകയുള്ളൂ എന്നാണ് ശ്രീ. കുറുപ്പ് ഇവിടെ പറഞ്ഞത്. അത് വേറെ പലരും പറഞ്ഞു. ഗ്രാമീണ വികസനത്തിനും ഏറ്റവും കൂടുതൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഉദാഹരണമായി റൂറൽ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് അതിന് ഇടതുമുന്നണി അവസാനവർഷം വച്ചിരുന്നത് 116 കോടി രൂപയാണ്. ഞാൻ അടുത്ത വർഷം 2005-2006-ൽ വച്ചിരിക്കുന്നത് 220.74 കോടി രൂപയാണ്. അത് ഇടതുമുന്നണിയുടെ കാലത്തെന്നു മാത്രമല്ല കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 130 കോടി രൂപ വച്ചിരുന്നസ്ഥാനത്താണ് ഇപ്പോൾ 220 കോടി രൂപ വച്ചത്. അതുപോലെ ഗ്രാമ വികസനത്തിൽ വരുന്നതാണ് പഞ്ചായത്ത്. പഞ്ചായത്തും ആൾ ടൈം റിക്കോർഡാണ്. 1375 കോടി രൂപ വച്ചിരിക്കുന്നു. 759 കോടി രൂപ മാത്രമാണ് പ്ലാനിൽ നിങ്ങൾ അവസാനത്തെ കൊല്ലം വച്ചത്. ഞാൻ 2005-2006 ൽ വച്ചിരിക്കുന്നത് 1375 കോടി രൂപയാണ്. ഇവിടെ പറഞ്ഞു പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടി ഒന്നും ചെയ്തില്ല എന്ന്. എന്റെ ബഡ്ജറ്റിൽ തന്നെ പറഞ്ഞിട്ടുണ്ട് 50 കോടി രൂപ റീവൈറ്റലൈസേഷനു വേണ്ടി വകയിരുത്തിയിട്ടുണ്ടെന്ന്. വാട്ടർ സപ്ലൈ സ്കീമിനെക്കുറിച്ച് ഇവിടെ പറഞ്ഞു, വാട്ടർ സപ്ലൈ സ്കീമിന് 756.88 കോടി രൂപ ഇപ്പോൾ വക കൊള്ളിച്ചിട്ടുണ്ട്. പക്ഷെ അതിൽ 447 കോടി രൂപ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷന്റെ ലോണാണ്. അതുംകൂടി കൂട്ടിയാണ് 756.88 കോടി രൂപ. അത് കഴിച്ചാലും 309.88 കോടി രൂപയുണ്ട്. ഇവിടെ പല അംഗങ്ങളും പറഞ്ഞു മന്ത്രിയും പറഞ്ഞു, നമുക്ക് ഇത് തികയില്ല, ഉണക്ക് വരാൻ പോകുകയാണ് എന്നൊക്കെ. അങ്ങനെ വരാതിരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പക്ഷെ വരികയാണെങ്കിൽ തീർച്ചയായിട്ടും കേരളത്തിലെ ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അങ്ങനെ വരുന്നുണ്ടെങ്കിൽ അതിനാവശ്യമായ പണം ഈ ഗവൺമെന്റ് കണ്ടെത്തുക തന്നെ ചെയ്യും. അതുകൊണ്ട് അതിൽ യാതൊരാശങ്കയ്ക്കും അവകാശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇറിഗേഷനും അതുപോലെ തുക വകകൊള്ളിച്ചിട്ടുണ്ട്. അതു വേണ്ടിവന്നാൽ കൊടുക്കും. പക്ഷെ അതേസമയത്ത് ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന്റെ കാര്യം ശ്രീ. പി.ജെ. ജോയി പലതവണ നിവേദനങ്ങളാലും അല്ലാതെയുമായി പറഞ്ഞു, തീർച്ചയായിട്ടും അതിന് എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഫിഷറീസ് സെക്ടറിൽ അടുത്തവർഷത്തേയ്ക്ക് 67.16 കോടിരൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെങ്കിലും സുനാമി ദുരിതാശ്വാസത്തിന്റെ പേരിൽ ധാരാളം രൂപ നമ്മൾ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. സുനാമിദുരന്തം കൊണ്ട് കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് മാത്രമല്ല, അല്ലാതെ തന്നെ തീരപ്രദേശങ്ങളിലെ ആളുകളെ രക്ഷിക്കാൻവേണ്ടി, നാളെയും അവർക്കിതുപോലെ ഒരു ദുരന്തം ഉണ്ടാകാതിരിക്കാൻവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. സമയച്ചുരുക്കം കൊണ്ട് എല്ലാ കാര്യങ്ങളിലേക്കും കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഡോ. തോമസ് ഐസക്: വിവിധ വകുപ്പുകൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന മൊത്തം ചെലവിന്റെ കണക്കാണ് ഇവിടെ പറയുന്നത്. ചെലവാക്കുന്ന പണം സ്റ്റേറ്റ് പ്ലാനിന്റെ ഭാഗമാകാം, സെൻട്രൽ സ്പോൺസേർഡ് സ്കീമിന്റെ ഭാഗമാകാം. അതല്ലെങ്കിൽ പദ്ധതിയേതര ചെലവുകൾ ആകാം. ഞാൻ ഈ സഭയിൽ പറഞ്ഞത് പദ്ധതി വകയിരുത്തലിനെക്കുറിച്ചാണ്. ഞാൻ പറഞ്ഞ എന്തെങ്കിലും കണക്ക് അങ്ങ് ഡിസ്പ്യൂട്ട് ചെയ്യുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇല്ല, ഒന്നാമത് ഞാൻ പറഞ്ഞതെല്ലാം പ്ലാൻ ആണെന്നു അങ്ങ് പറഞ്ഞതുതന്നെ തെറ്റി. അഗ്രികൾച്ചറിൽ ഞാൻ പറഞ്ഞത് പ്ലാനും നോൺ പ്ലാനുമാണ്.

ഡോ. തോമസ് ഐസക്: പദ്ധതി കണക്കു സംബന്ധിച്ചാണ്. അതിൽ എന്തെങ്കിലും കണക്ക് അങ്ങ് ഡിസ്പ്യൂട്ട് ചെയ്യുന്നുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങ് ഒരു സാമ്പത്തിക വിദഗ്ദ്ധനാണല്ലോ, അതുകൊണ്ട് സാമ്പത്തിക സ്ഥിതിയെക്കുറിച്ചാണ് അങ്ങ് പലതും പറഞ്ഞത്, അതെല്ലാം ഞാൻ ചോദ്യോത്തരവേളയിൽ പറഞ്ഞതാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എവിടെ നിൽക്കുന്നു? നമ്മൾ വളരെ മോശമല്ലാത്ത സ്ഥിതിയിലാണ് നിൽക്കുന്നത്. ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുകളിലാണ്, അതിന്റെ ടോട്ടൽ, സാമ്പത്തികവുമായി ബന്ധമുള്ള എല്ലാ ആസ്പെക്റ്റ്സും കണക്കിലെടുത്തു നോക്കുമ്പോൾ കേരളം നാലാമതോ അഞ്ചാമതോ ആണ് നിൽക്കുന്നത്. പറഞ്ഞതാണ് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

ഡോ. തോമസ് ഐസക്: ഞാൻ സംസാരിച്ചത് അങ്ങയുടെ ബഡ്ജറ്റിൽ പദ്ധതിക്കുവേണ്ടി, പുതിയ പ്രോജക്ടുകൾക്കും സ്കീമുകൾക്കും വേണ്ടി നീക്കിവയ്ക്കുന്ന തുകയുടെ കണക്കുകളെ സംബന്ധിച്ചാണ്. ഞാൻ പറഞ്ഞ ഏതെങ്കിലും കണക്ക് അങ്ങ് ഡിസ്പ്യൂട്ട് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങയുടെ കണക്ക് ഡിസ്പ്യൂട്ട് ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. ഞാൻ എന്റെ കണക്ക് പറയുന്നു എന്നേയുള്ളൂ. അതേസമയത്ത് പ്ലാനിൽ ആൾ ടൈം നിക്കോർഡാണ് ഇപ്പോഴുള്ളത് എന്നാണ് ഞാൻ പറഞ്ഞത്. എല്ലാക്കാലത്തും വച്ചതിൽ നിന്ന് വളരെ കൂടുതലാണ് ഈ ഗവൺമെന്റ് പ്ലാനും, നോൺ പ്ലാനുമായിട്ട് വച്ചിരിക്കുന്നത്. ഇത്രയും വലിയ ഒരു ബഡ്ജറ്റ് ഇതിനുമുൻപ് വച്ചിട്ടില്ല. വലിയ ടാക്സ് നമ്മൾ ചുമത്തുന്നില്ല എങ്കിൽത്തന്നെയും നിലവിലുള്ള ടാക്സ് കാര്യങ്ങൾ പിരിച്ച് നടത്തുമെന്നാണ് പറഞ്ഞത്.

ശ്രീ. ബി. വിജയകുമാർ: സർ, ഡോ. തോമസ് ഐസക്കിന്റെ കണക്കാണ് ഇവിടെ പറഞ്ഞത്. ഡോ. തോമസ് ഐസക്കിന്റെ കണക്കാണ് ശ്രീ. ശിവദാസമേനോനെ കുഴച്ചത്. അതുകൊണ്ട് ഡോ. തോമസ് ഐസക്കിന്റെ കണക്ക് അങ്ങ് കണക്കിലെടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ഞങ്ങൾ സ്വകാര്യമായി ഡിസ്കഷൻസ് നടത്താറുണ്ട്. അദ്ദേഹത്തിന്റെ ചില ഉപദേശങ്ങൾ, സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കണം അതാണ് ഒരു ധനകാര്യവകുപ്പുമന്ത്രി ചെയ്യേണ്ടത്. സർ, അടുത്തത് എംപ്ലോയ്മെന്റാണ്, എല്ലാപേരും പറഞ്ഞു. എംപ്ലോയ്മെന്റിനുവേണ്ടി എന്തു ചെയ്തു എന്ന്. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്രപേർക്ക് ജോലികൊടുത്തു എന്നുള്ളതിന്റെ വിശദമായ കണക്കുകളൊന്നുമില്ലെങ്കിലും ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കുടുംബശ്രീയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടു ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി പത്തുപേർക്ക് ജോലി കൊടുത്തു. എല്ലാറ്റിന്റെയും പ്രത്യേകം പ്രത്യേകം കണക്കൊന്നും എന്റെ കയ്യിലില്ല. അതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതിന്റെ സെക്ടർവൈസ് ആയിട്ടുള്ള ഡീറ്റെയിൽസ് ഞാൻ തരാൻ തയ്യാറാണ്. അടുത്ത വർഷം പല മേഖലകളിലും മൂന്നു നാലു ലക്ഷത്തിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുന്നതിനുള്ള പദ്ധതികൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് പീഡിത വ്യവസായ യൂണിറ്റുകളിൽത്തന്നെ നാൽപ്പതിനായിരം പേർക്ക് പുതുതായി ജോലി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് ലോട്ടറിയുടെ കാര്യം ഇവിടെ പറഞ്ഞു, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇപ്പോൾ ഇവിടെയില്ല. അദ്ദേഹം ലോട്ടറിയെക്കുറിച്ച് സ്പെഷ്യലൈസ് ചെയ്യുകയാണ്. ലോട്ടറിയുടെ കാര്യം, യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, ആദ്യം സർക്കാരിന് തന്നെ ഓൺലൈൻ ലോട്ടറി തുടങ്ങണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു എങ്കിലും സാമൂഹിക രംഗത്ത് അതൊരു വലിയ ശാപമാണെന്ന് തോന്നിയപ്പോൾ അത് മതിയാക്കി ഗവൺമെന്റ് അതിനെതിരായിട്ടുള്ള നിലപാടെടുത്തു. ആന്റണി ഗവൺമെന്റിന്റെ കാലത്തും ഓൺലൈൻ ലോട്ടറിക്ക് എതിരായിട്ടുള്ള നിലപാടാണ് എടുത്തത്. ഓൺലൈൻ ലോട്ടറി നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിന് ശ്രീ. എ. കെ. ആന്റണിയുടെ സർക്കാർ തന്നെ ലെറ്റർ അയച്ചു. നിവേദനങ്ങൾ നൽകി.

LIBRARY ARCHIVES Kerala Legislative Assembly

നിരന്തരമായി ലോട്ടറിക്കെതിരായി, വിശേഷിച്ച് ഓൺലൈൻ ലോട്ടറിക്ക് എതിരായി, അന്യ സംസ്ഥാന ലോട്ടറിക്കെതിരായി, ഗവൺമെന്റ് നിലപാടെടുത്തു. ഒരു കാര്യം പറയാം. അതിനുമുൻപും തുടരുന്ന അതേ പോളിസിയാണെങ്കിലും നിർബന്ധമായി ഈ വിദേശ ലോട്ടറിയും ഓൺലൈൻ ലോട്ടറിയും ഇവിടെ അനുവദിക്കില്ല എന്നുള്ള ഒരു നിലപാടാണ് എടുത്തത്. അനുവദിക്കില്ല അതിനു പ്രധാന കാരണം, ലോട്ടറി ആക്ടിലെ സെക്ഷൻ 4-ന്റെ വയലേഷനാണ് ഇവിടെ നടത്തുന്ന ഓൺലൈൻ ലോട്ടറികളെല്ലാം. അപ്പോൾ സെക്ഷൻ 4-ന്റെ വയലേഷൻ ആയതുകൊണ്ട് അനുവദിക്കില്ല എന്ന ഒരു നിലപാടെടുത്തു. നിരന്തരമായി എടുത്തു. കോൺഫറൻസുകളിൽ ഒരു കാരണവശാലും അനുവദിക്കരുതെന്ന് ഉദ്യോഗസ്ഥൻമാരെ ഉപദേശിച്ചു. കോടതി വിധികൾ അല്ലെങ്കിൽ ഉത്തരവുകൾ അനുകൂലമായി വന്നിട്ടുപോലും ഞാൻ ഈ ഹൗസിൽ തുറന്നുപറയുകയാണ്. കളക്ടേഴ്സിന്റെയും എസ്. പി.-മാരുടേയും കോൺഫറൻസിൽ, അതും കളക്ടേഴ്സും എസ്.പി.-മാരും മാത്രമുള്ള ഇൻ ക്യാമറയോഗത്തിൽ നമുക്ക് ഒരു കാരണവശാലും ഇത് അനുവദിക്കാൻ നിർവാഹമില്ലായെന്ന് ഞാനും മുഖ്യമന്ത്രിയും പറഞ്ഞതാണ്. ഫലമെന്തായി? അതുകൊണ്ട് ഡി.ജി.പി.-യും ചീഫ് സെക്രട്ടറിയും contempt of court-ന് കോടതി കയറേണ്ടിവന്നു. ഞങ്ങളുടെ നിർദ്ദേശപ്രകാരം, അതും സുപ്രീം കോടതിയിൽ. അങ്ങനെ ചില നിർദ്ദേശങ്ങൾ വന്നു. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു ദിവസം കൂടി കാത്തിരുന്നുവെങ്കിൽ കേരളത്തിൽ ഓൺ ലൈൻ ലോട്ടറിയും, അന്യ സംസ്ഥാന ലോട്ടറിയും ഫ്രീഡ് ചെയ്യുമായിരുന്നു. അന്ന് നിങ്ങൾ എന്നെ കുരിശിൽ തറയ്ക്കുമായിരുന്നു; ഈ ഗവൺമെന്റിനെ കുരിശിൽ തറയ്ക്കുമായിരുന്നു. മുഖ്യമന്ത്രിയെ കുരിശിൽ തറയ്ക്കുമായിരുന്നു. ഈ ലോട്ടറിയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളുകളെ സംബന്ധിച്ച് വളരെ പരിഗണനയുള്ള ഗവൺമെന്റാണ് ഇത്. വിശേഷിച്ചും അംഗവൈകല്യമുള്ളവരും ആരോഗ്യഹീനരുമായ പലരും ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. We were very much concerned. ഒരു പോംവഴിയുമില്ലാത്തതുകൊണ്ടാണ് ഈ ലോട്ടറി നിരോധിക്കുമ്പോൾ ആ ഉത്തരവിനോട് കൂടി തന്നെ രണ്ടു കാര്യം പറഞ്ഞു. ഒന്ന് സുപ്രീം കോടതിയിലുള്ള കേസ് ഞങ്ങൾ തുടരും, ആദ്യത്തെ ഡിസിഷനിൽത്തന്നെ പറഞ്ഞു, ആ കേസിൽ ഞങ്ങൾ ഏറ്റവും പ്രഗൽഭരായ വക്കീലൻമാരെ കൊണ്ട് വാദിപ്പിക്കും. ആ കേസ് ജയിച്ചാൽ നമ്മൾ തീർച്ചയായിട്ടും സംസ്ഥാന ലോട്ടറി തുടങ്ങും, അതുപോലെതന്നെ, നമ്മളിത് നിരോധിക്കുന്നെങ്കിലും അതിൽ പണിയെടുക്കുന്ന ആളുകളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അതിൽത്തന്നെ പറഞ്ഞു. അതുകൊണ്ട് ഇപ്പോഴും പറയുന്നു, കേരളാ ലോട്ടറി മാത്രം ആരംഭിക്കാനുള്ള ഞങ്ങളുടെ ഫൈറ്റ് ഞങ്ങൾ മുന്നോട്ടുകൊണ്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും താങ്കളും പ്രതിപക്ഷകക്ഷി നേതാക്കളെ അടക്കം പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ യോഗത്തിൽ ഉണ്ടായ ധാരണ, സുപ്രീം കോടതിയിൽ നിന്ന് ഈ സ്റ്റേറ്റിന്റെ ലോട്ടറി നടത്തുന്നതിന് അനുകൂലമായ വിധിവന്നാൽ ഇത് പുനഃസ്ഥാപിക്കുമെന്നല്ല, സ്റ്റേറ്റിന്റെ ഭാഗ്യക്കുറി തുടരാനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് അടിയന്തിരമായ നടപടികൾ സ്വീകരിക്കുമെന്നാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: കറക്ട്, കൃാബിനറ്റ് എടുത്ത തീരുമാനത്തെ കുറിച്ചാണ് ശ്രീ. സി. കെ. നാണു പറഞ്ഞത്. ഞങ്ങൾ കൃാബിനറ്റിൽ ഇത് നിരോധിക്കുന്ന അന്നേദിവസം തന്നെ എടുത്ത മറ്റ് ചില തീരുമാനങ്ങളാണ്, ഞാൻ പറഞ്ഞത്. ഇപ്പോഴും നമ്മൾ എല്ലാപേരുംകൂടി ആലോചിച്ച് എടുത്ത തീരുമാനത്തിൽ തന്നെയാണ് നിൽക്കുന്നത്. എങ്ങനെ ഇത് തുടങ്ങാൻ കഴിയുമെന്ന് പരിശോധിച്ചുകൊണ്ടും അതിന്റെ നിയമ നിർമ്മാണത്തെ കുറിച്ചെല്ലാം നമ്മൾ ചർച്ച ചെയ്യുന്നുണ്ട്. എന്നിട്ടും യഥാർത്ഥത്തിൽ ഞാൻ ഇതിൽ 20 കോടി രൂപ വച്ചപ്പോൾ ആദ്യം ഞാൻ ഉദ്ദേശിച്ചത് ഈ സംസ്ഥാനത്തിലെ വികലാംഗരായ ആളുകൾക്ക് മുഴുവൻ ജോലി കൊടുക്കണമെന്നാണ് അതിന് വേണ്ടിയാണ് ഞാൻ കുടുംബശ്രീയെക്കൊണ്ട് ഈ പദ്ധതി ഉണ്ടാക്കിച്ചത്. കുടുംബശ്രീയിലെ ശ്രീ. ജോസിനെ വിളിച്ച് ഈ സംസ്ഥാനത്തിലെ വികലാംഗർക്കെല്ലാം ജോലി കൊടുക്കണം അതിനുവേണ്ടി ഒരു പദ്ധതിയുണ്ടാക്കണം പതിനായിരം രൂപ വച്ച് ഓരോ വികലാംഗനും കൊടുക്കാൻ തയ്യാറാണെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രി പദ്ധതി ഉണ്ടാക്കിയത്. അപ്പോഴാണ് ഈ പ്രശ്നംകൂടി വന്നത്. ഈമേഖലയിലും ധാരാളം വികലാംഗരുണ്ട്. 10,000 എന്നുള്ളത് 20,000 ആക്കി മാറ്റി. ഈ 20,000 പേർക്കും ആളൊന്നിന് 10,000 രൂപവീതം ഗവണ്മെന്റ് ഗ്രാന്റായി കൊടുക്കും. ബാക്കി സാമ്പത്തിക സ്ഥാപനങ്ങൾ പത്ത് നാലായിരം രൂപ എത്തിച്ചു കൊടുക്കും. അങ്ങനെ സ്വയം തൊഴിൽ കണ്ടെത്തും. അങ്ങനെയൊരു സ്കീം തയ്യാറാക്കി. 20,000 പേർക്ക് ജോലി കൊടുക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കി. ഇപ്പോഴും ഞാൻ ആവർത്തിക്കുന്നു, അവർക്ക് മുഴുവനും ഏതെങ്കിലും രീതിയിൽ ജോലി നൽകുന്നതിനുള്ള പദ്ധതികൾ ഗവണ്മെന്റ് തയ്യാറാക്കും. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു മൂന്നര ലക്ഷം ആളുകളുണ്ടെന്ന്. എവിടെനിന്നും കിട്ടി ഈ കണക്ക് എന്ന് എനിക്കറിയില്ല. ആകെ ലോട്ടറി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് 34,957 പേരാണ്. 500 രൂപ വച്ച് രജിസ്റ്റർ ചെയ്യണം. അതിനും പുറമേ എല്ലാ വർഷവും 100 രൂപ കൊടുത്ത് റിന്യൂ ചെയ്യണം. റിന്യൂ ചെയ്യുന്ന ആളുകൾ മാത്രമേ ലൈവ് രജിസ്റ്ററിൽ വരികയുള്ളൂ. ലൈവ് രജിസ്റ്ററിൽ 1292 പേർ മാത്രമേയുള്ളൂ. അതിൽ 1272 പേർ മാത്രമേ ടിക്കറ്റെടുക്കുന്നുള്ളൂ. ഇവരുടെ കൈയിൽനിന്നും ടിക്കറ്റ് വാങ്ങി വിൽക്കുന്ന ആളുകളുണ്ട്. അതെത്രയാണെന്ന റിഞ്ഞുകൂടാ. അതിന്റെ കണക്ക് ശേഖരിക്കാൻ ശ്രമിക്കുന്നുണ്ട്. ഒരു മാസം ശരാശരി വിൽക്കുന്ന ടിക്കറ്റ് വെറും ഒരു കോടി 40 ലക്ഷത്തിന് താഴെയാണ്. മൂന്നര ലക്ഷം ആളുകൾ ടിക്കറ്റ് വിൽക്കുന്നുണ്ടെങ്കിൽ ഒരു മാസം ഒരാൾക്ക് കിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് ശരാശരി 40 ടിക്കറ്റാണ്. ഒരു ടിക്കറ്റ് വിറ്റാൽ ശരാശരി ഒരു രൂപ കിട്ടും. ഒരു മാസം വെറും 40 ടിക്കറ്റ് വിറ്റാണോ ഇവർ ജീവിക്കുന്നത്. അപ്പോൾ കണക്ക് തെറ്റാണെന്ന് വേറെ എവിടെയെങ്കിലും പോയി ചോദിക്കണോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ജസ്റ്റിസ് ചെയ്തവർ അതുമല്ല ഉണ്ടാകും. ഇവരുടെ കയിൽനിന്നും ടിക്കറ്റ് വാങ്ങിവിറ്റ് ജീവിക്കുന്ന ആളുകളുണ്ട്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. ശങ്കര നാരായണൻ ഇതുവഴി രണ്ടരലക്ഷം ആളുകൾ ജീവിക്കുന്നു എന്ന കണക്ക് പറഞ്ഞിട്ടുണ്ട്. ഇത് പരിഗണിച്ചു കൊണ്ട്, നമുക്കിന്ന് ലോട്ടറി തുടങ്ങുന്നതിന് നിയമപരമായി ഒരു തടസ്സവുമില്ല. നമുക്കിത് തുടങ്ങാമെന്ന് ഇന്ന് പ്രഖ്യാപിച്ചുകൂടേ? ഐശ്വര്യമായിട്ട് അങ്ങ് അത് പറയണം.

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ലോട്ടറി തുടങ്ങണമെന്ന് നിങ്ങളേക്കാൾ കൂടുതൽ താൽപ്പര്യം ഈ ഗവണ്മെന്റിനുണ്ട്. അതിനുള്ള നിയമപരമായ ചർച്ചകൾ നടക്കുന്നു. അതിനെതിരായിട്ടുള്ള ആർഗ്യുമെന്റ്സ് ഈ സഭയിൽ പറയുന്നില്ല. പ്രചാരണം കൊടുക്കുന്നത് ശരിയല്ല. നിയമപരമായി പല പ്രശ്നങ്ങളുമുണ്ട്. അത് വളരെ കാര്യമായി ആലോചിച്ചുവരികയാണ്. അന്തിമമായ ലക്ഷ്യം ഒന്നാണ്. നമ്മൾ അതിനുവേണ്ടി പ്രവർത്തിക്കും. മൂന്നര ലക്ഷം ഇല്ല എന്നുള്ളതിന്റെ കണക്കിതാണ്. ഒരാൾ 40 ടിക്കറ്റുകളാണ് ഒരു മാസത്തിൽ വിൽക്കുന്നതെങ്കിൽ അത് വച്ച് ജീവിക്കാൻ കഴിയുമോ? കണക്ക് തെറ്റാണ്. എത്രയെന്ന് ആർക്കും അറിഞ്ഞുകൂടാ. അതുപോലെ കുടുംബശ്രീയിൽ വഴി 'സാന്ത്വനം' എന്ന ഒരു പുതിയ സംരംഭം, അഭ്യസ്തവിദ്യരായ 40,000 യുവതികൾക്ക് തൊഴിൽ നൽകുന്നതിനുള്ള സ്കീം ഉണ്ട്. സെൽഫ് എംപ്ലോയ്മെന്റ് സ്കീമാണ്. ഈ ബഡ്ജറ്റിലുള്ള മറ്റൊരു പ്രത്യേകത, എല്ലാം ഗവണ്മെന്റിനുതന്നെ പണം മുടക്കി ചെയ്യാൻ ഒക്കില്ല. അതുകൊണ്ടാണ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ആയിട്ടെടുക്കുന്നത്. രക്ത പരിശോധന, പ്രഷർ എടുക്കുക തുടങ്ങിയവ നടത്തുന്നതിനുവേണ്ടിയുള്ള സ്കീം. 40,000 പേർക്കുവേണ്ടിയുള്ള സ്കീം തയ്യാറാകുന്നു. ഐ.ടി.ഐ.-യും പോളിടെക്നിക്കും പാസ്സായി നിൽക്കുന്ന അനേകം പേർ സംസ്ഥാനത്തുണ്ട്. കേരളത്തിൽ വാഹനങ്ങൾ വിൽക്കുന്ന എല്ലാ മോട്ടോർ കമ്പനികളേയും വിളിച്ച് ഞാൻ തന്നെ ഒരു കോൺഫറൻസ് നടത്തി. അവരോട് പറഞ്ഞു, പഴയ വർക്ക്ഷോപ്പുകളിലുള്ളവർക്ക് പുതിയ കാറുകളുടെ മെയിന്റനൻസറിയില്ല. അവരെല്ലാം നിങ്ങളുടെ അടുത്ത് വരണം. നിങ്ങൾക്കുപോലും അതിനുള്ള സംവിധാനമില്ല. അതുകൊണ്ട് കുറേ ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കണം. ഒരു വർഷം ഉണ്ടെങ്കിൽപോലും അവർ കൊടുക്കാൻ തയ്യാറാണ്. അവർ ആളുകൾക്ക് ഏർണിംഗ്സ് ഉണ്ടാക്കാൻ അവസരം കൊടുക്കും. കുറേ ആളുകൾക്ക് അവർതന്നെ തൊഴിൽ കൊടുക്കും. കുറേ ആളുകൾ സ്വന്തമായി വർക്ക്ഷോപ്പുകൾ തുടങ്ങും. പഴയ ആളുകൾക്ക് അംബാസിഡറും ഫിയറ്റും മാത്രമേ റിപ്പയർ ചെയ്യാൻ അറിയൂ. അങ്ങനെയുള്ള ഒരു സ്കീം നമ്മളിപ്പോൾ നടപ്പിലാക്കുന്നുണ്ട്. മൈക്രോ ഫൈനാൻസ് വഴി 50000 പേർക്ക് തൊഴിൽ വിഭാവന ചെയ്തിട്ടുണ്ട്. നഗരങ്ങളിലെ ചേരിമാലിന്യം സംസ്കരിക്കുന്നതിനുവേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്കീം പ്രകാരം 10,000 പേർക്ക് തൊഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. കയർ മേഖലയെ പുനരുദ്ധരിക്കാൻ ഒരു സ്കീമുണ്ട്. അതുപോലെ കാർഷിക മേഖലയിലും കൃഷിയും കയറും വകുപ്പും മന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ ഒരു വലിയ സ്കീം ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ധാരാളം തൊഴിലവസരങ്ങൾ ഇതിൽ വിഭാവന ചെയ്യപ്പെടുന്നുണ്ട്. മറ്റൊരു കാര്യം, മുമ്പൊരിക്കലും ചെയ്യാത്ത രീതിയിൽ വൃദ്ധരെ പരിചരിക്കുന്നതിന്, വൃദ്ധർ ഇന്നൊരു പ്രശ്നമാണ്.....(ബഹളം)..... സാമ്പത്തികശേഷിയുള്ളവർക്കും പ്രശ്നമാണ്. ഞാൻ ഒരു പ്രശ്നമല്ലെന്നാണ് എന്റെ വിശ്വാസം. പ്രശ്നമാകുന്നതിനുമുമ്പ് പോകും.

മി. സ്പീക്കർ: അങ്ങ് നിത്യഹരിത നായകനാണോ?

ശ്രീ. വക്കം പുരുഷോത്തമൻ: 40 വൃദ്ധസദനങ്ങൾ ഉണ്ടാക്കുന്നതിന് 2 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ഓരോ വൃദ്ധസദനത്തിനും 5 ലക്ഷം രൂപ അല്ലെങ്കിൽ 25% of the cost . ഇത് ഗ്രാന്റായിട്ട് കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അത് ചെയ്യാൻ തയ്യാറുള്ള പഞ്ചായത്തുകളും സോഷ്യൽ ഓർഗനൈസേഷനുകളുമുണ്ടെങ്കിൽ അവരെയെല്ലാം ഏൽപ്പിക്കാൻ 2 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. അതുപോലെതന്നെ ബുദ്ധിമാന്ദ്യമുള്ള ആളുകളുടെ ക്യാമ്പുകളുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കൂളുകളില്ല. അതുകൊണ്ടാണ് ബുദ്ധിമാന്ദ്യം സംഭവിച്ച ആളുകൾക്ക് 40 സ്ഥലങ്ങളിൽ സ്കൂൾ തുടങ്ങുന്നതിന് 5 ലക്ഷം രൂപവീതം കൊടുക്കാൻ തയ്യാറാണെന്ന് പറഞ്ഞത്. ഇത് ആദ്യമായിട്ട് ചെയ്യുന്ന ഒരു കാര്യമാണ്. അതൊക്കെയാണ് പ്രയോറിറ്റി സെക്ടറായി കാണേണ്ടത്. പ്രായമായ ആളുകളുടെ സർവീസിനെക്കുറിച്ച് ഇവിടെ പറഞ്ഞു. 55 വയസ്സിൽ റിട്ടയർ ചെയ്യുന്നു. പിന്നെ ഒരു ജോലിയുമില്ല. അവരൊക്കെ വളരെയധികം വിവരമുള്ളവരാണ്. അവരുടെ അറിവ് പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് കുടുംബശ്രീയിൽ caring and sharing ഇതൊരു പുതിയ സ്കീമാണ്. ഇതൊക്കെകൂടാതെതന്നെ അടുത്ത വർഷം വളരെക്കൂടുതൽ എംപ്ലോയ്മെന്റ് സാദ്ധ്യതകൾ വരുന്നുണ്ട്. സ്മാർട്ട് സിറ്റി. എത്രായിരം പേർക്കാണ് പുതുതായി ജോലി കിട്ടാൻ പോകുന്നത്. വിഴിഞ്ഞം ഹാർബർ ഒരു വിലയ പ്രോജക്ടാണ്. ഇതെല്ലാം പണ്ട് കടലാസിൽ മാത്രം ആയിരുന്നെങ്കിൽ ഇപ്പോൾ പ്രാവർത്തികമാകുകയാണ്. അതുപോലെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ. എൽ. എൻ. ജി., പെട്രോനെറ്റ് ഇങ്ങനെ പലതും. ഈ സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി. അതിന് ഒരു കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. അതിലും തൊഴിലവസരങ്ങൾ ഉണ്ടാകും. 93 കോടി രൂപയുടെ പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ പോകുന്നു. ഇങ്ങനെ ധാരാളം തൊഴിലവസരങ്ങൾ അടുത്ത വർഷം കേരളത്തിൽ ഉണ്ടാകാൻ പോകുകയാണ്. സാമൂഹ്യരംഗത്ത് ക്ഷേമ പെൻഷൻ നൽകിയിരുന്നത് എൽ.ഡി.എഫ്-ന്റെ കാലത്ത് കുടിശ്ശികയുണ്ടായിരുന്നു. അതറിയാമല്ലോ എന്നാൽ കർഷകത്തൊഴിലാളി പെൻഷൻ ഒഴിച്ചുള്ള, അംഗവൈകല്യം ഉള്ളവരുടെ പെൻഷൻ, ബുദ്ധിമാന്ദ്യം ഉള്ളവരുടെ പെൻഷൻ,

LIBRARY ARCHIVES Kerala Legislative Assembly

അഗതികളുടെ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ എല്ലാ പെൻഷനുകളും ഈ മാർച്ച് 31 വരെയുള്ളത് നൽകാൻ ഉത്തരവ് നൽകിക്കഴിഞ്ഞു. ഇനി ബഡ്ജറ്റിലുള്ള ചില കാര്യങ്ങളെപ്പറ്റി സംസാരിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. എ.എൻ. രാജൻ ബാബു:</u> ചാരായത്തൊഴിലാളികളുടെ കാര്യം. സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> ചാരായത്തൊഴിലാളിളെ പുനരധിവസിപ്പിക്കുക എന്നുള്ളത് ഗവണ്മെന്റിന്റെ നയമാണ്. അതിന്റെ അടിസ്ഥാനത്തിൽ നാലായിരത്തിൽ ചിലാനം ചാരായത്തൊഴിലാളികളെ ഓരോ കള്ളുഷാപ്പുകളിലേയ്ക്ക് നിയമിച്ചുകൊണ്ടുള്ള ഉത്തരവ് എക്സൈസ് വകുപ്പ് നൽകിക്കഴിഞ്ഞു. അവിടെയുള്ള പ്രശ്നം തൊഴിലാളി സംഘടനകളെല്ലാം ഒറ്റക്കെട്ടായി അത് ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഇല്ല ഇവരെ പ്രവേശിപ്പിക്കില്ലെന്ന നിലപാടാണ് എടുത്തിരിക്കുന്നത്.

കുറേ കള്ളുഷാപ്പുകൾ നടത്തുന്നത് അവരാണ്. എന്ത് വില കൊടുത്തും ചെറുക്കുമെന്നാണ് പറയുന്നത്. പക്ഷേ എന്ത് വില കൊടുത്തും ഗവൺമെന്റ് ഇത് നടപ്പിലാക്കും. പെട്ടെന്ന് ഒരു കൺഫ്യൂഷൻ ഉണ്ടാക്കാതെ സ്റ്റെപ്പ് ബൈ സ്റ്റെപ്പായിട്ട് നടപടിയെടുക്കുന്നു. ഇപ്പോൾ അങ്ങനെ തൊഴിലാളികളെ എടുക്കാത്ത ഓരോ ജില്ലയിലും ഓരോ ഷാപ്പുവീതം ക്യാൻസൽ ചെയ്യാൻ ഉത്തരവ് കൊടുത്തു കഴിഞ്ഞു. അതുകഴിഞ്ഞതിനുശേഷം പിന്നീട് അടുത്ത സ്റ്റെപ്പ് ആലോചിക്കും. ഗവൺമെന്റിന്റെ നയം അവരെ എടുക്കണമെന്ന് തന്നെയാണ്.....(ബഹളം)..... ഞാനൊന്ന് പറയട്ടെ, ഈ ബഡ്ജറ്റിൽ വലിയ നികുതിയൊന്നും പറഞ്ഞിട്ടില്ലെങ്കിലും കാർഷികാദായ നികുതിയിൽ ചില മാറ്റങ്ങൾ വരുത്തിയതിനെ തെറ്റിദ്ധരിച്ചുകൊണ്ട് ചില വിമർശനങ്ങളുണ്ടായി. ഒന്നുരണ്ട് കാര്യങ്ങൾ ഞാൻ വ്യക്തമാക്കുന്നു. നിലവിലുള്ളതിനേക്കാൾ കൃഷിക്കാർക്ക് കൂടുതൽ സൗജന്യം നൽകുന്ന നിർദ്ദേശമാണ് ഈ ബഡ്ജറ്റിലുള്ളത്. സംശയം അഞ്ച് ഹെക്ടറിന്റെ കാര്യമാണ്. അഞ്ച് ഹെക്ടർ വരെ കൃഷിഭൂമിയുള്ള മുഴുവൻ കർഷകരേയും ഈ ടാക്സിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 500 ഹെക്ടർ വരെയുള്ളവരുടെ കേസുകൾ കോമ്പൗണ്ട് ചെയ്യാനുള്ള വ്യവസ്ഥകളുണ്ട്. നിലവിലുള്ളതിന്റെയും ഇപ്പോൾ പുതിയതായി വന്നതിന്റെയും വ്യത്യാസം ഞാൻ പറയാം. Total Agriculture Income does not exceed 40,000 രണ്ടിലും 40,000 രൂപ വരെയുള്ളത് ഒഴിവാക്കിയിട്ടുണ്ട്. അതുകഴിഞ്ഞാൽ നിലവിലുള്ളതിൽ പറയുന്നത്, 40,000 രൂപ മുതൽ 50,000 രൂപ വരെയാണ് ആദായമെങ്കിൽ അതിന് 20% നികുതി കൊടുക്കണം, 50,000 രൂപ മുതൽ 60,000 രൂപ വരെയുള്ളതിന് 30% നികുതി കൊടുക്കണമെന്നാണ്. ആദ്യത്തെ സ്ലാബ് കഴിഞ്ഞ് അതിനുപുറത്തുള്ളതിനാണ് ഈ വർദ്ധനവ്. 40,000 രൂപ മുതൽ 50,000 രൂപ വരെയുള്ളതിന് 20% കൊടുക്കണമെന്ന നിബന്ധനയ്ക്ക് പകരം രണ്ട് സ്ലാബിലുമുള്ളവർ 10% കൊടുത്താൽ മതിയെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഈ ബില്ലിൽ പറയുന്നത്. 20% കൊടുക്കുന്നവരും 30% കൊടുക്കുന്നവരും 10% കൊടുത്താൽ മതി. അതുകഴിഞ്ഞാൽ 60,000 രൂപ മുതൽ 1,00,000 രൂപ വരെയുള്ളവർ കൂടുതൽ വരുന്നതിന്റെ 40% കൊടുക്കണമെന്നാണ് നിലവിലുള്ള ചട്ടം. അതിനുപകരം 20% കൊടുത്താൽ മതിയെന്നാണ് ഞാൻ കൊണ്ടുവന്ന ബില്ലിൽ പറയുന്നത്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവർ 50% കൊടുക്കണമെന്നാണ് നിലവിലുള്ള ചട്ടം. അതിനുപകരം ഇപ്പോൾ 30% കൊടുത്താൽ മതി. ഇത്രമാത്രം ഇളവ് ചെയ്തിട്ടുണ്ട്. ഇതൊന്നും മനസ്സിലാക്കാതെയാണ് ഇവിടെ കാര്യങ്ങൾ പറഞ്ഞത്. ഇത്രയും കുറവ് ചെയ്തിരിക്കുന്നു. അതിൽ ഗവൺമെന്റിന് നഷ്ടവുമുണ്ട്. ഇതിൽ യാതൊരു ആശങ്കയ്ക്കും വകയില്ല.

ആഡംബര നികുതിയെക്കുറിച്ച് പറഞ്ഞു. ഇക്കാര്യം പ്രതിപക്ഷത്തുള്ളവരടക്കം പലരുമായിട്ടും, വളരെ ഗൗരവമായി ചർച്ച ചെയ്താണ് തീരുമാനമെടുത്തത്. നമ്മുടെ തന്നെ പ്രവർത്തകൻമാരെ പലരേയും കണ്ടിട്ടുണ്ട്. പാവപ്പെട്ട പ്രവർത്തകൻമാരായിരിക്കും. മൂന്ന് നേരം ആഹാരം കഴിക്കാൻ ഇല്ലാത്തവരായിരിക്കും. അവരുടെ കല്ല്യാണത്തിന് പോയിട്ടുണ്ട്. കല്ല്യാണത്തിന് പോകുമ്പോൾ വധു കഴുത്ത് നിറച്ച് ആഭരണം ഇട്ടിരിക്കുന്നു. അതിനെപ്പറ്റിയുള്ള രഹസ്യം അന്വേഷിച്ചാൽ അറിയാം, സ്വന്തം കിടപ്പാടം പണയപ്പെടുത്തിയായിരിക്കും ഈ ആഭരണം മുഴുവനും വാങ്ങിച്ചിരിക്കുന്നത്. ഇതിനൊരു പരിഹാരം കാണണ്ടേ? ഇന്നലെ ഒരു സുഹൃത്ത് എന്നോട് പറഞ്ഞു, ശ്രീനാരായണഗുരു വിചാരിച്ചിട്ട് നന്നാക്കാൻ പറ്റിയില്ല, പിന്നെയാണോ വക്കം വിചാരിച്ചിട്ട് നന്നാകാൻ പോകുന്നത് എന്ന്. ശ്രീനാരായണഗുരു പറഞ്ഞത് നല്ല കാര്യമാണ്. ഏഴ് പേരിൽ കൂടുതൽ ഒരു കല്ല്യാണത്തിന് വേണ്ട. ആഡംബരത്തിന് വേണ്ടി കൂടുതൽ കാശ് കളയരുത് എന്നാണ് ശ്രീനാരായണഗുരു പറഞ്ഞത് നല്ല കാര്യമാണ്. അത് നമ്മളാരും ഇന്ന് ചെയ്യാൻ തയ്യാറല്ല. പക്ഷേ ആഡംബരം മാറ്റണ്ടേ? ശ്രീ. കാർത്തികേയൻ പറഞ്ഞതുപോലെ കഴുത്തടയ്ക്കുന്ന രീതിയിലുള്ള ആഭരണം, ഹാളിന് ഒരു ലക്ഷം രൂപ, 5,000 ആളുകൾക്ക് സദ്യ. ഇത്തരം ആർഭാടങ്ങൾ ഒരു പരിധിവരെ എങ്കിലും നിയന്ത്രിക്കേണ്ടതാണ്. ഹാളിന് മാത്രം നികുതി കൂട്ടിയിട്ട് ഇത്രയും എതിർപ്പാണെങ്കിൽ മുഴുവനും കൂട്ടിയെങ്കിലോ? എന്റെ ആഗ്രഹം മുഴുവനും കൂട്ടണമെന്നാണ്. എല്ലാ ആഡംബരങ്ങൾക്കും നികുതി വേണമെന്നാണ് എന്റെ ആഗ്രഹം. പക്ഷേ സ്റ്റെപ്പ് ബൈ സ്റ്റെപ്പായിട്ടല്ലേ പോകാൻ സാധിക്കൂ. ഇക്കാര്യം ജനങ്ങൾ ചർച്ച ചെയ്യണമെന്ന് പറഞ്ഞു. പല ഫോറത്തിലും ചർച്ച ചെയ്തു. ടി.വി.-യിൽ ചർച്ച നടത്തി. ടി.വി. ചർച്ചയിൽ സ്വർണ്ണ മുതലാളിമാരുടെ പ്രസിഡന്റ് മാത്രമാണ് ഈ കാലഘട്ടത്തിനിടയിൽ ഇതിനെ എതിർത്തത്. ഫസ്റ്റ് സ്റ്റെപ്പ് എന്നുള്ള രീതിയിലാണ് ഹാളിന് നികുതി വച്ചത്. കോടിക്കണക്കിന് കാശ് ചെലവാക്കുമ്പോൾ കുറച്ച് നികുതി ഈ ഇനത്തിൽ വരട്ടെ. സ്റ്റെപ്പ് ബൈസ്റ്റെപ്പായിട്ട് നടത്തി ഈ menace അവസാനിപ്പിക്കണം. എങ്കിലും എന്റെ സുഹൃത്തുക്കൾ പലരും പറഞ്ഞതുകൊണ്ടാണ് വാടകത്തുകയുടെ പരിധി 3,000 രൂപ എന്നുള്ളത് 5,000 രൂപയാക്കി ഉയർത്തിയത്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ കാര്യം പറഞ്ഞു...

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: കേവലം ഈ നികുതി കൊണ്ട് മാത്രം ധൂർത്ത് അവസാനിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അതിനുപകരം അങ്ങ് വിവാഹധൂർത്ത്, ആഡംബരം എന്നീ കാര്യങ്ങൾക്ക് വ്യക്തമായ ഒരു നിയമം കൊണ്ടുവരാൻ മുൻകയ്യെടുത്താൽ ഇത് അവസാനിക്കും എന്നല്ലാതെ ഇത് പൂർണ്ണമായി തിരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇത്തരം നികുതി കടം വർദ്ധിപ്പിക്കാനല്ലേ ഉപകരിക്കൂ.

ശ്രീ. വക്കം പുരുഷോത്തമൻ: അതിനെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കാം. അതിന് വിരോധമില്ല. സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ച് ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിൽ ഒരു തീരുമാനമെടുത്തു. വസ്തുവിന്റെ ഫെയർ പ്രൈസ് തീരുമാനിക്കുക. ഇന്നിപ്പോൾ ആധാരമെഴുതുന്നത് വില കുറച്ചാണ്. അതുകൊണ്ട് ഫെയർ പ്രൈസ് തീരുമാനിക്കുകയും സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുകയും ചെയ്യുക ഒരു ഫാക്റ്റായിരുന്നു. പക്ഷേ നമുക്ക് ഫെയർ പ്രൈസ് തീരുമാനിക്കാൻ കഴിഞ്ഞില്ല. ബിൽ നിയമസഭയിൽ വന്നപ്പോൾ നമുക്ക് അത് പിൻവലിക്കേണ്ടി വന്നു. സ്റ്റാമ്പ് ഡ്യൂട്ടി പ്രത്യേകമായി കുറയ്ക്കുകയും ചെയ്തു. അതിൽ 200 കോടിയോളം രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ചിലർ പറയുന്നത് അങ്ങനെ വന്നിട്ടില്ലെന്നാണ്. യഥാർത്ഥത്തിൽ കുറച്ചതിനനുസരണമായി കുറഞ്ഞിട്ടില്ല. അതിന്റെ കാരണം, സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതുകൊണ്ട് ആളുകൾ കൂടുതൽ വസ്തുവൊന്നും വാങ്ങിച്ചിട്ടില്ല. ബാങ്കുകളിൽ പലിശ കുറഞ്ഞതുകൊണ്ട് സാമ്പത്തിക സ്ഥാപനങ്ങളിൽ കൊണ്ട് പണമിട്ടാൽ പലിശ വളരെ കുറഞ്ഞപ്പോൾ അതിനേക്കാൾ ആദായം വസ്തു വാങ്ങിക്കുന്നതാണെന്ന് ആളുകൾ തീരുമാനിച്ചതുകൊണ്ട് ആളുകൾ വസ്തു വാങ്ങിക്കുന്നുണ്ട്. അതുകൊണ്ട് താരതമ്യേന ട്രാൻസാക്ഷൻ കൂടിയിട്ടുണ്ട്. എങ്കിലും 200 കോടിയോളം രൂപ നഷ്ടമുണ്ടായി. അത് യാതൊരു കാരണവശാലും മാറ്റാൻ സാധിക്കില്ല. വസ്തു കാശുള്ളവരാണ് വാങ്ങുന്നത്. അങ്ങനെ കാശുള്ളവർ വാങ്ങിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി പണ്ട് ഉണ്ടായിരുന്നത് തന്നാൽ മതി, കൂടുതൽ എടുക്കുന്നില്ല. വാറ്റ്-നെപ്പറ്റി പറയുകയാണെങ്കിൽ.....

ഡോ. തോമസ് ഐസക്: സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചതിന്റെ ഫലമായി വരുമാനം കൂടുതലുണ്ടായി. എന്തുകൊണ്ട് ബഡ്ജറ്റ് കണക്കിൽ എ.ആർ.എം ആയിട്ട് അത് ഉൾപ്പെടുത്തിയില്ല?

ശ്രീ. വക്കം പുരുഷോത്തമൻ: ബഡ്ജറ്റ് പ്രസംഗത്തിൽ അത് പറഞ്ഞിട്ടുണ്ട്. Budget in brief þA A(5) Stamps and Registration 2004-05-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 866 ആയിരുന്നു. പക്ഷേ തുക കുറഞ്ഞതുകൊണ്ട് അത് റിവൈസ് ചെയ്ത എസ്റ്റിമേറ്റ് 684. അടുത്ത വർഷത്തിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് 895 ആണ്. ആ വർദ്ധനവ് കൂടി ഇതിൽ കാണിച്ചിട്ടുണ്ട്.

ഡോ. തോമസ് ഐസക്: Budget in brief-ൽ തരുന്നത്, കണക്ക് തയ്യാറാക്കിയതിന് ശേഷമാണ് അങ്ങ് നികുതി നിർദ്ദേശം തയ്യാറാക്കുന്നത്. ആ നികുതി നിർദ്ദേശത്തിലൂടെ കിട്ടുന്ന അധിക വരുമാനം ബഡ്ജറ്റ് സ്പീച്ചിൽ അവസാനം നൽകുന്ന എ.ആർ.എം.ലാണ് ഉൾപ്പെടുത്തുന്നത്. അല്ലെങ്കിൽ ബഡ്ജറ്റ് രഹസ്യം പുറത്തുപോകില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതില്ല. അധിക നികുതിയിനമെന്ന് പറഞ്ഞ് ബഡ്ജറ്റിൽ വയ്ക്കുന്നത് പുതിയതായി കൊണ്ടുവരുന്നതിന് മാത്രമേയുള്ളൂ. അതല്ലാതെ ഇതൊന്നും വയ്ക്കില്ല. For example, സെയിൽസ് ടാക്സ് കഴിഞ്ഞ വർഷത്തേക്കാൾ ഇപ്പോൾ ആയിരത്തിൽ ചിലാനം കോടി രൂപയായി. അതെല്ലാം ഇതിന്റെ importance items of receipt-Â വരികയേയുള്ളൂ. അതാണ് എല്ലാ കൊല്ലവും ചെയ്യുന്നത്. ഡോക്ടറുടെ കാലത്തുണ്ടാക്കിയ അതേ ആളുകൾ തന്നെയാണ് ഇതും ഉണ്ടാക്കിയത്. എല്ലാ കൊല്ലവും ഇങ്ങനെ തന്നെയാണ് ചെയ്യുന്നത്. വാറ്റിന്റെ കാര്യം പറഞ്ഞു. ഇൻഡ്യയിൽ മുഴുവനും വാറ്റ് ഇൻട്രൊഡ്യൂസ് ചെയ്യുകയാണ്. അതിൽ ഒന്നുരണ്ടു സംസ്ഥാനങ്ങൾ മാത്രമാണ് അന്തിമമായ തീരുമാനം എടുക്കാത്തത്. മറ്റെല്ലാപേരും തീരുമാനം എടുത്തു. ഇതിൽ രണ്ട് സംശയമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. (1) ഇതുകാരണം സാർക്കാരിന്റെ വരുമാനത്തിൽ കുറവ് വരുമോ? (2) വാറ്റ് മുഖാന്തിരം സാധനങ്ങളുടെ വില കൂടുമോ? വാറ്റിൽ set off ഉള്ളതുകൊണ്ട് ചിലപ്പോൾ കുറയാൻ സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന് 100 രൂപ കൊടുത്ത് ഒരു സാധനം ഒരു കച്ചവടക്കാരൻ വാങ്ങിയാൽ അയാൾ ടാക്സ് കൊടുക്കുന്നു. പക്ഷേ, 150 രൂപയ്ക്ക് വിറ്റാൽ 150 രൂപയ്ക്ക് ടാക്സില്ല. 50 രൂപയ്ക്ക് മാത്രമേ ടാക്സുള്ളൂ. മറ്റേത് set off ആണ്. അതുപോലെ എതെങ്കിലും ഒരു പ്രോഡക്ട്സ് ഉണ്ടാക്കുമ്പോൾ അതിന്റെ റാ-മെറ്റീരിയൽസ് വാങ്ങിച്ചാൽ, ഒന്നാമതായി അതിന്റെ റാ-മെറ്റീരിയൽസിനെല്ലാം നാല് ശതമാനമായി കുറച്ചിട്ടുണ്ട്. ആ ശതമാനംതന്നെ ഇവർ വിൽക്കുന്ന പ്രോഡക്ടുകൾക്ക് set off ഉണ്ട്. അങ്ങനെ ആ set off ഉള്ളതുകൊണ്ട് കുറയാൻ സാദ്ധ്യതയുണ്ടെന്നു ഒരു നിഗമനം ഉണ്ട്. പക്ഷേ, കേന്ദ്ര ഗവണ്മെന്റ് പറഞ്ഞിട്ടുള്ളത്, അങ്ങനെ നഷ്ടം വരികയാണെങ്കിൽ, നഷ്ടം വരുന്നതിന് അവർ കണക്കെടുക്കുന്നുണ്ട്. 2004-05 base year ആയി എടുത്തുകൊണ്ട് 3 കൊല്ലത്തിലുണ്ടായ ഗ്രോത്ത് റേറ്റിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യത്തെ വർഷം 100 ശതമാനം അവർ കോംപൻസേറ്റ് ചെയ്യും. രണ്ടാമത്തെ വർഷം 75 ശതമാനവും മൂന്നാമത്തെ വർഷം 50 ശതമാനവും കോംപൻസേറ്റ് ചെയ്യാമെന്ന് അവർ ഏറ്റിട്ടുണ്ട്. അതുകൊണ്ട് നമ്മൾ preliminary ആയിട്ട് ഒരു സ്റ്റഡി നടത്തിയിട്ട് 840 കോടി രൂപവരെ നമുക്ക് നഷ്ടം വരുമെന്ന ഒരു കണക്ക് കൊടുത്തിട്ടുണ്ട്. അതേയവസരത്തിൽ അത്രയും നഷ്ടം വരില്ല. കാരണം, വാറ്റ് ഇൻട്രൊഡ്യൂസ് ചെയ്യുമ്പോൾ ഇത് കുറച്ചുകൂടി ട്രാൻസ്പേരന്റാകും, എവേഷൻ വളരെ കുറയും. എവേഷൻ കുറയുന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് കൂടുതൽ വരുമാനം കിട്ടാനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. ഇത് ഇതിന് മുമ്പ് നടപ്പിലാക്കിയ ഒരു സംസ്ഥാനം മാത്രമേയുള്ളൂ. അത് ഹരിയാനയാണ്. ഹരിയാനയിൽ 20 ശതമാനം വർദ്ധനവ് വരുമാനത്തിൽ ഉണ്ടായിട്ടുണ്ട്. പലരും ആശങ്ക പ്രകടിപ്പിച്ചു, വില കൂടുമെന്ന്. വില കൂടില്ല കുറയാനാണ് സാദ്ധ്യത. set off ഉള്ളതുകൊണ്ട് ഉൽപ്പന്നങ്ങൾക്ക് വില കുറയും. കൺസ്യൂമർ ഇന്ന് ഉള്ളതിനേക്കാൾ കുറച്ചു മാത്രം വില നൽകിയാൽ മതിയാകുമെന്നാണ് നമ്മൾ കണക്കാക്കിയിട്ടുള്ളത്. അതുപോലെതന്നെ ഇന്ന് രാവിലെ പറഞ്ഞതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. ചെറുകിട കച്ചവടക്കാർക്ക് ചെയ്തിട്ടുണ്ട്.

5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപവരെയുള്ളവർക്ക് എന്തൊക്കെയായാലും ഒരു ശതമാനം ടാക്സ് മതി. ചെറുകിട കച്ചവടക്കാരെ ഉപദ്രവിക്കുകയില്ല. അവർ തന്നെ അവർക്ക് ടാക്സ് തീരുമാനിക്കട്ടെ! അത് അവർ അടയ്ക്കട്ടെ! അവർ വലിയ വെട്ടിപ്പ് നടത്തുന്നു എന്നറിയാതെ അവരെ ആരും ഒന്ന് പരിശോധിക്കാൻപോലും പോകില്ല എന്ന് തീരുമാനം എടുത്തിട്ടുണ്ട്. വാറ്റിന്റെ പ്രിൻസിപ്പിൾ തന്നെ അതാണ്. സെൽഫ്-ഡിറ്റർമിനേഷൻ, സെൽഫ്-അസസ്മെന്റ്. അത് കൊടുക്കുക എന്നുള്ളതാണ് അതിന്റെ ബേസിക് പ്രിൻസിപ്പിൾ. അത് നടപ്പിലാക്കും. ഉദ്യോഗസ്ഥന്മാരെക്കുറിച്ചാണ് എല്ലാപേർക്കും ഭയം. ഉദ്യോഗസ്ഥന്മാരുടെ ഇന്റർവെൻഷൻ പരമാവധി കുറയ്ക്കുകയെന്നതുകൂടിയാണ് ഈ വാറ്റു നമ്മൾ ഉദ്ദേശിച്ചിട്ടുള്ളത്. അതുപോലെതന്നെ വാറ്റ് നിയമത്തിലെ വ്യവസ്ഥകൾ വളരെ ലളിതവും സുതാര്യവുമാണ്. വ്യാപാരികളും വ്യവസായികളുമായി പല ചർച്ചകളും നടത്തുകയും അവർ നൽകിയ പല നിർദ്ദേശങ്ങളും സ്വീകരിച്ച് ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇനിയും ഇത്തരം ആശയവിനിമയം തുടരുന്നതാണ്. വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾക്ക് 4 ശതമാനം നികുതിയേ വാറ്റിലുള്ളൂ. പരമ്പരാഗത വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പലതിനേയും ഇപ്പോൾത്തന്നെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ ഇനങ്ങൾക്ക് നികുതിയിളവ് നൽകുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രിമാരുടെ ഉന്നതാധികാര സമിതിയാണ് പരിഗണിക്കേണ്ടത്. That empowered committee is still alive. അത് ഇനിയുംകൂടി ഈമാതിരി കാര്യങ്ങൾ, ഇതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, നമ്മൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കേരളത്തെ സംബന്ധിച്ച് സവിശേഷ പ്രാധാന്യമുള്ള ഇനങ്ങൾക്ക് നികുതിയിളവ് നൽകുന്നത് പരിഗണിക്കുന്നുണ്ട്. വാറ്റിനോടൊപ്പംതന്നെ സെയിൽസ് ടാക്സ് നിലനിൽക്കുമെന്ന ഒരു ഭയം പലരും പ്രകടിപ്പിച്ചു. വാറ്റിന്റെ പരിധിയിൽ ലിക്കർ വരുന്നില്ല. പെട്രോളിയം ഉൽപ്പന്നങ്ങൾ വരില്ല. അതുകൊണ്ട് ലിക്കറിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കുംവേണ്ടി മാത്രം സെയിൽസ് ടാക്സ് ആപ്ലിക്കബിളാക്കിക്കൊണ്ടുള്ള അമെന്റ്മെന്റ് നമ്മുടെ സെയിൽസ് ടാക്സ് ആക്ടിൽ കൊണ്ടുവരുന്നുണ്ട്. അതുകൊണ്ട് രണ്ടുംകൂടി ഒന്നിച്ച് കൊടുക്കുന്ന പ്രശ്നമേയില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട വരുമാനത്തിൽ ഗണ്യമായ ഒരു ഭാഗം നഷ്ടപ്പെടുന്ന ഒരു ഘടകമാണ് കേരള നാട്ടിൽ കിടക്കുന്ന, മാഹിയിൽ നടക്കുന്ന പെട്രോളിയം കച്ചവടവും അതുപോലെ മദ്യ വ്യാപാരവും. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് നമുക്ക് സംഭവിക്കുന്നത്. വാറ്റ് വന്നിട്ടും അതിന് പരിഹാരം ഉണ്ടാകില്ല എന്നാണ് ഏതാണ്ട് വ്യക്തമാകുന്നത്. അതിനെന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വക്കം പുരുഷോത്തമൻ:</u> മാഹിയുടെ കാര്യത്തിൽ ഞാൻ ഒരു തീരുമാനം എടുത്തു. മാഹിയിൽ ഇപ്പോൾ ലിക്കർ കൊണ്ടു പോകുന്നതിന് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ പെർമിറ്റ് വേണം. ഇപ്പോൾ അവിടെ വിൽക്കുന്ന ലിക്കർ, വേണമെന്നുണ്ടെങ്കിൽ ഒരു ജില്ലയിൽ മുഴുവൻ കൺസ്യൂം ചെയ്യാനുള്ളതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് പെർമിറ്റ് ഉദ്യോഗസ്ഥന്മാർ കൊടുക്കേണ്ട കമ്മിഷൻ കൊടുത്താൽ മതി. ആദ്യംതന്നെ അതിന്റെ 50 ശതമാനം. ഒരു ലോഡ് വരുന്നതിന് 200 രൂപയോ എന്തോ ആണ് നമുക്ക് തരേണ്ടത്. അത് 25,000 രൂപയായിട്ട് കൂട്ടി. ഇതിന്റെയെല്ലാം ഉദ്ദേശം അവിടേയും സാധനത്തിന്റെ വില വർദ്ധിച്ചുവരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക. നമ്മുടെ ആളുകൾ പോയി എല്ലാം അവിടെനിന്നും സ്മഗ്ൾ ചെയ്തു കൊണ്ടുവരാതിരിക്കാൻ വേണ്ടി അവിടത്തെ കാണ്ടിറ്റി റെസ്ട്രിക്ട് ചെയ്യുക എന്ന ചില പ്രാഥമിക നടപടികളാണ് എടുത്തിട്ടുള്ളത്. നമുക്ക് വീണ്ടും ആലോചിക്കാം. എന്ത് നടപടികൾ അതിനെ കൺട്രോൾ ചെയ്യുന്നതിന് എടുക്കണമെന്ന നിർദ്ദേശം വന്നാൽ അതും ഗവണ്മെന്റ് സ്വീകരിക്കാൻ തയ്യാറാണ്. മറ്റൊന്ന് സംസ്ഥാനത്തിന് ഒരു അധികാരം കൊടുത്തിട്ടുണ്ട്. Items of local importance ടാക്സിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയാണ്. വാറ്റിന്റെ പല പ്രൊവിഷനുകളും All India ലെവലിൽ ഒരേ രീതിയിലാണ് നമ്മൾ തീരുമാനിച്ചിട്ടുള്ളത്. അതിൽ മാറ്റം വരുത്താൻ നമുക്ക് അധികാരമില്ല. എങ്കിലും മാരോ സ്ഥലത്തും ചില കാര്യങ്ങൾക്ക് പ്രത്യേകമായ പരിഗണന നൽകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പത്തിനങ്ങൾക്ക് Items of local importance എക്സംപ്റ്റ് ചെയ്യാനായിട്ടുള്ളതാണ്. അതിൽ ചിലതാണ് എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ വായിച്ചത്. പത്തുണ്ടെങ്കിൽ ആറെണ്ണം മാത്രമാണ്. ബാക്കി ചില കാര്യങ്ങളിൽക്കൂടി അത് നടപ്പിലാക്കാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ട്. (1) മെഴുകുതിരി. (2) പുകയില്ലാ അടുപ്പ് (3) ലൈഫ് സേവിംഗ് ഡ്രഗ്സ് (4) കുടുംബശ്രീ ഉൽപ്പന്നങ്ങൾ. ബാംബൂ പ്രോഡക്ട്സിൽ അത് ചെയ്യണമെന്ന് ചില നിർദ്ദേശം വന്നു. ചീഫ് മിനിസ്റ്ററും പറഞ്ഞതാണ്. പക്ഷേ, അത് ഒറിജിനൽ ആക്ടിൽത്തന്നെ എക്സംപ്റ്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ ബുദ്ധിമുട്ട് വരില്ല.

ശ്രീ. കെ. സി. ജോസഫ്: ഖാദി ഗ്രാമവ്യവസായങ്ങൾ ഉണ്ടാക്കുന്ന സോപ്പ് ഉൽപ്പന്നങ്ങൾ, നേരത്തെ അത് ഷെഡ്യൂൾ ഒന്നിലായിരുന്നു. ഇപ്പോൾ അത് ഷെഡ്യൂൾ നാലിലേയക്ക് മാറ്റി. അതുകൊണ്ട് അവർക്ക് ടാക്സ് ഏതാണ്ട് മുന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായങ്ങളെ പഴയ ഷെഡ്യൂളിൽ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അത് ചെയ്യാം.

ഡോ. തോമസ് ഐസക്: രണ്ട് ചോദ്യങ്ങളുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഒഴിവാക്കുമെന്ന് പറഞ്ഞപ്പോൾ ഒരു പുതിയ വെളിച്ചമായി. ഏതെങ്കിലും ഇനം ഉൽപാദിപ്പിച്ചത്, ഏതെങ്കിലും രീതിയിൽ ഉൽപാദിപ്പിച്ചത് നമുക്ക് മാറ്റാൻ പറ്റുമോ? നമ്മുടെ സഹകരണ സംഘങ്ങൾ, ചില ചെറുകിട വ്യവസായങ്ങൾ ഇവയെ ഇപ്രകാരം എക്സംപ്റ്റ് ചെയ്യാൻ പറ്റുമോ എന്നുള്ളതാണ് ഒന്നാമത്തെ ചോദ്യം. രണ്ടാമത്തേത്, നമ്മുടെ റബ്ബർ, കുരുമുളക് ഇതുപോലെ ഫൈനൽ പോയിന്റിൽ മാത്രം ടാക്സ് കൊടുക്കുന്ന ഉൽപ്പന്നങ്ങളുണ്ട്. ഈ മാർച്ച് 31-ന് ആദ്യത്തെ പോയിന്റുകളിലേയ്ക്ക് സ്റ്റോക്ക് ഹോൾഡേഴ്സിനുമേൽ നികുതി വരും. അതിന് പൂർണ്ണമായും set off ഇല്ല. അത് എങ്ങനെ കൈകാര്യം ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: ഇതിൽ സെറ്റ് ഓഫ് ഉണ്ട്. ഉദാഹരണമായി റബ്ബറിന്റെ കാര്യം പറഞ്ഞു. റബ്ബറിന് ഇപ്പോൾ 12 ശതമാനമാണ് ടാക്സ്. ഇപ്പോൾ കച്ചവടക്കാർ 12 ശതമാനം ടാക്സ് പിരിക്കുന്നുണ്ട്. ഏപ്രിൽ ഒന്നാം തീയതി മുതൽ ഇത് 4 ശതമാനമാവുമെന്ന് അവർക്ക് ഭയമുണ്ട്. 12 ശതമാനം വരുന്നത് കയിൽ വച്ചിരുന്നാൽ അത് 4 ശതമാനത്തിനല്ലേ വിൽക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് നഷ്ടം വരുമെന്നു വിചാരിച്ച് കച്ചവടക്കാർ വാങ്ങിക്കുന്നില്ല എന്ന പരാതിയുണ്ട്. സെറ്റ് ഓഫ് കിട്ടും. അവർ 12 ശതമാനം ടാക്സിൽ ആണ് വാങ്ങിയത്. 4 ശതമാനത്തിന് വിൽക്കുമ്പോൾ ബാക്കിയുള്ള 8 ശതമാനം അവർക്ക് നൽകും. അതിന് വ്യവസ്ഥയുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, നേരത്തെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞപ്പോഴാണ് കൺഫ്യൂഷൻ വന്നത്. ഇപ്പോൾ ബഡ്ജറ്റിൽ പറഞ്ഞത് ഖാദി കമ്മീഷൻ നിർദ്ദേശിക്കുന്ന ഖാദി ഉല്പന്നങ്ങളെ മുഴുവൻ ഒഴിവാക്കുമെന്നാണ്. അപ്പോൾ ഖാദിഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിലുള്ള യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന സോപ്പിന് ഷെഡ്യൂളിന്റെ വ്യത്യാസം ബാധകമല്ലല്ലോ? മൊത്തം ഒഴിവാക്കുന്നുണ്ടല്ലോ?

ശ്രീ. വക്കം പുരുഷോത്തമൻ: I have made it very clear. ഇന്റെൻഷൻ എന്താണെന്നുവച്ചാൽ ഖാദിഗ്രാമ വ്യവസായത്തിൽ വരുന്ന കൈകൊണ്ടുണ്ടാക്കുന്ന സോപ്പ് എക്സെംപ്റ്റ് ചെയ്യുക എന്നതാണ്. അങ്ങനെയാണെങ്കിൽ പരിശോധിക്കാം. അതേസമയം മറ്റ് സോപ്പുകൾ വരില്ല.

മി.സ്പീക്കർ: Locally manufactured food items- bread, biscuits. Please explain.

ശ്രീ. വക്കം പുരുഷോത്തമൻ: ഫുഡ് ഐറ്റംസ് എല്ലാം ലോക്കലി മാനുഫാക്ചേഡ് അല്ലേ? നമുക്ക് പരിശോധിക്കാം. തിരുവനന്തപുരം തലസ്ഥാനമാണെങ്കിലും സ്വാതന്ത്ര്യത്തിനുശേഷം ആരും ഇവിടെ ഒന്നും ചെയ്തിട്ടില്ല. പല പട്ടണങ്ങളും വളരെ വികസിച്ചു. അത് ഏത് പട്ടണമാണെന്നൊന്നും പറയുന്നില്ല. അത് വികസിപ്പിച്ചതിൽ സന്തോഷമേയുള്ളൂ. പക്ഷേ തിരുവനന്തപുരത്തിന്റെ കാര്യം ആരും നോക്കിയില്ല. അത് നോക്കിയത് ശ്രീ. എ.കെ.ആന്റണിയാണ്. അദ്ദേഹം അധികാരത്തിൽ വന്നപ്പോഴാണ് തലസ്ഥാനം വികസിപ്പിക്കുന്നതിന് വികസന അതോറിറ്റി ഉണ്ടാക്കി അതനുസരിച്ച് പല വികസനവും നടപ്പാക്കിയത്. എല്ലാ സ്റ്റേറ്റുകളിലും തലസ്ഥാന വികസനത്തിന് ഒരു പ്രത്യേക പോർട്ട്ഫോളിയോയും ഒരു മന്ത്രിയുമുണ്ട്. ബാംഗ്ലൂരിലും കർണ്ണാടകയിലും ഉണ്ട്. ഇവിടെ അതൊന്നുമില്ല. ആരും ഒന്നും ചെയ്തിട്ടുമില്ല.

മി.സ്പീക്കർ: അങ്ങ് ഉണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: സർ, അതിലേക്ക് ഞാൻ വരാം. അതുകൊണ്ട് അദ്ദേഹം തുടങ്ങി വച്ച ചില നല്ല കാര്യങ്ങൾ തുടരാൻ ചില നടപടികൾ സ്വീകരിച്ചു. പക്ഷേ മറ്റുള്ള പട്ടണങ്ങളോട് ഒരു തരത്തിലുമുള്ള അവഗണനയുമില്ല. ഉദാഹരണമായി എറണാകുളം, കാലിക്കട്ട് എന്നിവിടങ്ങളിൽ തലസ്ഥാന നഗരത്തിലുണ്ടാക്കിയതു പോലുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ ഗവണ്മെന്റ് ഇതിനകം തന്നെ തീരുമാനിച്ചിട്ടുണ്ട്. അതിന് ക്യാബിനറ്റ് ഒരു കമ്മിറ്റി ഉണ്ടാക്കുന്നുണ്ട്. അവിടെ ഇപ്പോൾ തന്നെയുള്ള കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. .....മെട്രോ ട്രെയിൻ തിരുവനന്തപുരത്ത് വന്നാൽ പറ്റില്ലേ? അത് എറണാകുളത്ത് തന്നെ വേണമോ? അതുപോലുള്ള ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് എറണാകുളത്തിനും കാലിക്കട്ടിനും വികസന പദ്ധതികൾ ആരംഭിക്കാൻവേണ്ടി 2 കോടി രൂപ വീതം വകയിരുത്തുന്നു. അതുപോലെ തന്നെ മലയോര വികസന പദ്ധതിയും തീരദേശ വികസന പദ്ധതിയും നേരത്തെ ക്യാബിനറ്റ് തീരുമാനിച്ചതാണ്. പക്ഷേ അതിന്റെ നടപടികളൊന്നും എടുത്തിട്ടില്ല. അതുകൊണ്ട് മലയോര വികസന പദ്ധതിക്കും തീരദേശ വികസന പദ്ധതിക്കും 2 കോടി രൂപ വീതം ഞാൻ ബഡ്ജറ്റിൽ വകയിരുത്തുന്നു. വർക്കല വികസന അതോറിറ്റിക്കും 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇനി അങ്ങ് ഉൾപ്പെടെ, രാജി വച്ച എന്റെ സുഹൃത്ത് ശ്രീ. കെ. പി. വിശ്വനാഥൻ ഉൾപ്പെടെയുള്ള അംഗങ്ങൾ തൃശ്ശൂരിലെ പുഴയ്ക്കൽ പാടത്ത് ഒരു അപ്പാരൽ ഗോൾഡ് പാർക്ക് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസലിന് പണം വയ്ക്കണമെന്ന് എന്നോട് പറഞ്ഞിരുന്നു. അതിനായി കിൻഫ്രയുടെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റിന്റെ അസിസ്റ്റൻസോടുകൂടിയുള്ള ഒരു പ്രോജക്ട് ആരംഭിക്കുന്നതാണ്. അതിനുവേണ്ടി സംസ്ഥാന വിഹിതം എന്നുള്ള രീതിയിൽ 50 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തുന്നു. സഹോദരൻ അയ്യപ്പൻ കൊച്ചിയുടെ വികസനം സ്വപ്നം കണ്ട ആളാണ്. അദ്ദേഹം വർഷങ്ങൾക്കു മുമ്പ് പറഞ്ഞ ഒരു മുദ്രാവാക്യമുണ്ട്. കൊച്ചു കൊച്ചി ഒരു ദിവസം വിശാല കൊച്ചിയാവും എന്ന്. കൊച്ചിയുടെ വികസനം വളരെയധികം ആഗ്രഹിച്ച അദ്ദേഹത്തിന്റെ പേരിൽ തുടങ്ങിയ റോഡിന്റെ പദ്ധതി പൂർത്തിയാകാതെ കിടക്കുകയാണ്. അതുകൊണ്ട് അതിനുവേണ്ടി പ്രത്യേകമായി 1 കോടി രൂപ വകയിരുത്തുന്നു.

അടുത്തതായി ഞാൻ സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് എതിരാണെന്നും ഞാൻ അവരുടെ ശത്രുവാണെന്നുമുള്ള ഒരു പ്രചരണം എന്റെ സുഹൃത്തുക്കളായ ജീവനക്കാർ തെറ്റിദ്ധരിച്ചു വച്ചിരിക്കുകയാണ്. ഞാൻ ഒരു കാലത്തും അവർക്ക് എതിരല്ല. ഞാൻ ധനകാര്യമന്ത്രിയായിരിക്കുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിക്കണമെന്ന നിർബന്ധം മാത്രമേ എനിക്കുള്ളൂ. എല്ലാ പഠനങ്ങളും നടത്തി കാര്യങ്ങൾ ചെയ്യണമെന്നല്ലാതെ ഞാൻ അതിന് എതിരല്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പറയാത്തത് ഇതുമാത്രമല്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞ പലതും ഞാൻ ഈ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുക. അതു തന്നെ മുഴുവൻ ബഡ്ജറ്റിൽ പറയുക അങ്ങനെ ഒരു റെപ്പറ്റീഷൻ

വരുത്തുന്നത് ശരിയാണോ? അതുകൊണ്ട് അത് ചെയ്തിട്ടില്ല. ഞാൻ ഒരിക്കലും അവർക്ക് വേണ്ടി ശമ്പള കമ്മീഷൻ വയ്ക്കുന്നതിന് എതിരല്ല. എന്നുമാത്രമല്ല. ഗവർണ്ണർ പ്രസംഗിച്ചത് എന്താണ്? ഈ ഗവണ്മെന്റിന്റെ പോളിസിയാണ്. ശമ്പള കമ്മീഷൻ വയ്ക്കുമെന്നുള്ളത് ഗവണ്മെന്റിന്റെ പോളിസിയാണ്. ഞാൻ അതിനെ എങ്ങനെ എതിർക്കും? ഞാനും കൂടി ആലോചിച്ചുതല്ലേ ശമ്പള കമ്മീഷൻ വയ്ക്കാൻ തീരുമാനിച്ചത്? അതുകൊണ്ട് ശമ്പള കമ്മീഷൻ വയ്ക്കും. അതിൽ ആർക്കും യാതൊരു സംശയവും വേണ്ട. ഡി.എ.യുടെ കാര്യം ഒരു വലിയ തർക്കമാണ്. ശ്രീ. എ.കെ.ആന്റണിയുടെ ഗവണ്മെന്റ് തന്നെ 4 ശതമാനം ഡി. എ. ഏപ്രിൽ ഒന്നാം തീയതി മുതൽ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം ഓർഡർ പാസ്സാക്കിയിട്ടുണ്ട്. ഞാനാണ് ഓർഡർ പാസ്സാക്കിയതെന്ന് ഞാൻ ആരോടും പറഞ്ഞിട്ടില്ല. പക്ഷേ അദ്ദേഹം പാസ്സാക്കി. 4 ശതമാനം കൊടുക്കാൻ ഞാൻ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. 4 ശതമാനം മാത്രമല്ല. ആരുടേയും സമ്മർദ്ദവും ശുപാർശയും ഇല്ലാതെ തന്നെ ഇതിനുപുറമെ 2 ശതമാനം ഡി. എ. കൂടി അടുത്ത വർഷം കൊടുക്കാൻ ഞങ്ങൾ വകകൊള്ളിച്ചിട്ടുണ്ട്. ആഗ്രഹിക്കുകയല്ല. ബഡ്ജറ്റിൽ അതിനുള്ള പണം വകകൊള്ളിച്ചിട്ടുണ്ട്. അതുകൂടി വരുമ്പോൾ കേന്ദ്ര ഗവണ്മെന്റ് കൊടുത്ത ഡി.എ. യോട് സമമാവും. ഒരു പെർസന്റ് പോലും കുറയ്ക്കില്ല. എന്നിട്ടും ഞാൻ അവിടെ നിന്നില്ല. കേന്ദ്ര ഗവണ്മെന്റ് ഒരു ഡി.എ. വർദ്ധിപ്പിക്കുകയാണെങ്കിൽ എത്ര സാമ്പത്തിക ഞെരുക്കമുണ്ടെങ്കിലും ആ ഡി.എ. കൂടി അടുത്ത വർഷം ജീവനക്കാർക്ക് കൊടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

എം.എൽ.എ. ഫണ്ട് ഞാൻ അറുപത് ലക്ഷം രൂപയായി ഉയർത്തിയിരിക്കുകയാണ്. അതിനെ വിമർശിക്കുന്നവരും ഉണ്ട്. ഞാൻ അത് ചെയ്യാൻ കാരണം ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നിയോജകമണ്ഡലങ്ങളിൽ നടക്കുന്നത് എം.എൽ.എ. ഫണ്ടു കൊണ്ടാണ്. മറ്റ് ബഡ്ജറ്റിൽ വകയിരുത്തുന്നതെല്ലാം നാട്ടിന്റെ വികസനത്തിന് എത്തുന്നില്ല. അത് പല സ്ഥലങ്ങളിൽ ഷെയറുകളായി പോകുന്നുണ്ട്. നേരെ മറിച്ച് എം.എൽ.എ. ഫണ്ടുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടക്കുന്നത് പൊതുജന സഹകരണത്തോടുകൂടിയാണ്. ഉദാഹരണത്തിന് എന്റെ നിയോജക മണ്ഡലത്തിൽ തന്നെ സ്കൂളുകൾക്കുവേണ്ടി കൊടുക്കുന്നത് മുഴുവൻ അവിടുത്തെ പാരന്റ് ടീച്ചേഴ്സ് അസോസിയേഷനാണ്. അഞ്ച് ലക്ഷം കൊടുക്കുകയാണെങ്കിൽ അവർ ബാക്കികൂടി പിരിച്ചെടുത്ത് ആറ് ലക്ഷം, ഏഴ് ലക്ഷത്തിന് കെട്ടിടം പണിയാറുണ്ട്. പരമാവധി സർക്കാർ പണം വിജയപ്രദമായി വിനിയോഗിക്കുന്നത് എം.എൽ.എ. ഫണ്ടിലൂടെയാണ്. അതുകൊണ്ടാണ് അൻപതിൽനിന്ന് അറുപത് ലക്ഷം രൂപയാക്കി ഉയർത്തിയത്. ആ ഒരു മെറിറ്റിന്റെ അടിസ്ഥാനത്തിൽ അറുപത് ലക്ഷത്തിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷത്തുള്ള മെമ്പർമാർ എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നില്ലെങ്കിൽ അത് ഓപ്ഷൻ കൊടുത്തുകൊണ്ട് ഭരണ പക്ഷത്തുള്ളവർക്ക് കൂടി വീതിച്ചു കൊടുക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതൊന്നും ചെയ്യില്ല. ഞാൻ അവർക്കും കൊടുക്കും. അവർ വാങ്ങുകയും ചെയ്യും. കാരണം പ്രതിപക്ഷ എം.എൽ.എ. മാർ അവരുടെ പോക്കറ്റിൽ ഇടാനല്ല അത് ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ വേണ്ടിയാണ്. അതുകൊണ്ട് അവർക്കും കൊടുക്കും.

ശ്രീ. വി. കെ. ചന്ദ്രൻ: തൃത്താല-വെള്ളിയാം കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് അത് ഏതാണ്ട് 50%-ൽ കൂടുതൽ പൂർത്തീകരിച്ചിരിക്കുകയാണ്. അത് പൂർത്തികരിക്കാനാകുന്നില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: കോൺസിക്വൻസ് വോയിസുള്ള ഒരു കാര്യത്തിലേയ്ക്കും ഞാൻ ഇപ്പോൾ പോകുന്നില്ല. മുന്നുനാല് പട്ടണങ്ങളുടെ കാര്യം ഞാൻ പറഞ്ഞു എന്നുള്ളതല്ലാതെ ഈ ഭാഗത്തും, ആ ഭാഗത്തും ഉള്ള ആളുകൾ ഇത് പറയണം അത് പറയണം എന്നു പറഞ്ഞിട്ടുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. ടി. കെ. ബാലൻ: പേ റിവിഷൻ എന്തായാലും കൊണ്ടുവരും ഗവർണ്ണറുടെ പ്രസംഗത്തിൽ ഉള്ളതുകൊണ്ട് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് പറഞ്ഞത്. അതേ സമയം ഇപ്പോൾ തന്നെ ജീവനക്കാർക്ക് മുപ്പത്തിയഞ്ച് മാസം ഡ്യൂ ആയിട്ടുള്ള പേ റിവിഷൻ വൈകി. ഇത് കണക്കിലെടുത്ത് കേരളത്തിലുള്ള എല്ലാ സംഘടനകളും ഇടക്കാലാശ്വാസത്തിന് ചോദിച്ചിരിക്കുകയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: പേ റിവിഷന്റെ കാര്യത്തിൽ കഴിഞ്ഞ പേ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് അടുത്ത് പേ കമ്മീഷൻ കേന്ദ്ര ഗവൺമെന്റ് വയ്ക്കുമ്പോൾ മാത്രമേ കേരളത്തിൽ അടുത്ത പേ കമ്മീഷൻ വയ്ക്കുകയുള്ളൂ എന്നാണ്. എങ്കിലും ഞങ്ങൾ വെയിറ്റ് ചെയ്യുന്നില്ല. നമ്മൾ കമ്മീഷനെ വയ്ക്കുകയാണ്. ബാക്കി കാര്യങ്ങളൊക്കെ ഞങ്ങൾ ആലോചിക്കാം. ഇവിടെ രാഷ്ട്രീയം ആരും പറഞ്ഞില്ല. ശ്രീ. ടി.കെ. ബാലൻ മാത്രമാണ് രാഷ്ട്രീയം പറഞ്ഞത്. അച്ചുതാനന്ദനും പറഞ്ഞു. അദ്ദേഹം ബഡ്ജറ്റിനെ ക്കുറിച്ചൊന്നും പറഞ്ഞില്ല. ഞാൻ ഒരു നല്ല ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും അദ്ദേഹം ഒരു വാക്കും പറയാത്തതിൽ എനിക്ക് സങ്കടമുണ്ട്. പൂർണ്ണമായി അംഗീകരിച്ചതു കൊണ്ടായിരിക്കും. പാർലമെന്റ് ഇലക്ഷന് ഞങ്ങൾ തോറ്റുപോയി എന്നുള്ളതാണ് ശ്രീ. ടി.കെ. ബാലന്റെ സങ്കടം. പാർലമെന്റിൽ ഞങ്ങൾ തോറ്റുപോയി എന്നുകരുതി ഞങ്ങളുടെ ആളുകളൊന്നും നിങ്ങൾക്ക് വോട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ കാണിച്ച ചില കൊള്ളരുതായ്മകൊണ്ട് ഇത്തവണ ഞങ്ങൾ വീട്ടിലിരിക്കാൻ പോകുകയാണെന്ന് അവർ തീരുമാനിച്ചു. ഉദാഹരണമായി ആലപ്പുഴ എടുത്തു നോക്കൂ. സുധീരൻ മുപ്പത്തയ്യായിരം വോട്ടിന് ജയിച്ചതിനേക്കാൾ നിങ്ങളുടെ സ്ഥാനാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ഇരുപതിനായിരം വോട്ട് കുറച്ചാണ് ജയിച്ചത്. ഞങ്ങളുടെ ആളുകൾ വോട്ട് ചെയ്യാതെ വീട്ടിലിരുന്നു. ഞങ്ങൾ ഒരു പാഠം പഠിക്കട്ടെയെന്ന് അവർ തീരുമാനിച്ചു. നന്നായി വരുമോയെന്ന് അറിയണമല്ലോ? അവർ അടുത്ത അസംബ്ലി തെരഞ്ഞെടുപ്പ് വരുമ്പോൾ ഞങ്ങൾക്ക് വോട്ട് ചെയ്യും. പക്ഷെ ഞങ്ങൾക്ക് ഒരു ഭൂതം ബാധിച്ചിരുന്നു. ആ ഭൂതം ഇപ്പോൾ നിങ്ങളെ ആവേശിച്ചിരിക്കുകയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ അത് നിങ്ങളെയാണ് വിഷമിപ്പിക്കാൻ പോകുന്നത്. അടുത്ത ഗവൺമെന്റ് നമ്മുടേതായിരിക്കും എന്നുള്ളതുകൊണ്ട് ഒറ്റി ഒഴിയുന്ന രീതിയിലുള്ളതല്ലാതെ വളരെ പ്രായോഗികമായ ബഡ്ജറ്റ് അവതരിപ്പിച്ചതുതന്നെ നമ്മളാണ് അടുത്ത തെരഞ്ഞെടുപ്പിന് ശേഷവും ഗവൺമെന്റുണ്ടാക്കാൻ പോകുന്നതെന്നുള്ളതു കൊണ്ടാണ് ..... (ബഹളം).....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിക്കുന്നതുവരെ ഇന്ന് ഇങ്ങനെ ഈ സഭയിൽ എഴുന്നേറ്റ് നിൽക്കേണ്ടിവരുമെന്ന് ഞാൻ കരുതിയിരുന്നില്ല. മൂന്ന് ദിവസത്തെ ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എല്ലാ വിഭാഗങ്ങൾക്കും സ്വീകാര്യമായ രീതിയിലുള്ള മറുപടി പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ബഡ്ജറ്റിന്റെ ഒരു കാര്യത്തിലേക്കും ഞാൻ കടക്കുന്നില്ല. പ്രതിപക്ഷ നേതാവ് ബഡ്ജറ്റിനെക്കുറിച്ച് പ്രസംഗിക്കും. കാരണം മൂന്നു ദിവസം നടന്ന ചർച്ചയ്ക്ക് മന്ത്രി മറുപടി പറയുന്നതിനുമുൻപ് ബഡ്ജറ്റിനേക്കുറിച്ച് അദ്ദേഹമായിരിക്കും ചർച്ച സമാപിപ്പിക്കുകയെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. പക്ഷെ അദ്ദേഹം ബഡ്ജറ്റിലേക്കൊന്നും കടക്കാതെ പെൺവാണിഭ കേസുകളും അതിനോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും ഒക്കെയാണ് പറഞ്ഞത്. കൊട്ടിയം പെൺവാണിഭ കേസിനെ സംബന്ധിച്ച് പറഞ്ഞു. എല്ലാവരുടേയും കണ്ണ് തുറപ്പിക്കുന്ന ഒരു സംഭവമാണെന്ന് ഞാൻ ഇവിടെ പറഞ്ഞു നിർത്തി. അതിന് അപ്പുറത്തേയ്ക്ക് കാര്യങ്ങൾ ഞാൻ പറഞ്ഞില്ല. പ്രതിപക്ഷ നേതാവ് ഇന്നു വീണ്ടും അദ്ദേഹത്തിന് കൊല്ലത്ത് ചെന്നപ്പോൾ എന്തൊക്കേയോ വിവരങ്ങൾ കിട്ടിയെന്ന് പറയുകയുണ്ടായി. ഞാൻ വളരെ ഉത്തരവാദിത്വ ബോധത്തോടുകൂടി പറഞ്ഞ സാഹചര്യത്തിൽ അവിടുത്തെ എസ്.പി.-യെ വേണമെങ്കിൽ വിളിച്ച് അന്വേഷിക്കാമായിരുന്നു. പ്രതിപക്ഷ നേതാവ് ഇപ്പോൾ പല ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരേയും വിളിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. എസ്.പി. -യെ ഒന്ന് വിളിച്ച് അതിന്റെ സത്യാവസ്ഥ അറിയാൻ ശ്രമിച്ചിരുന്നെങ്കിൽ അദ്ദേഹം വീണ്ടും കുഴപ്പത്തിൽ ചാടില്ലായിരുന്നു. കുട്ടിയുടെ സഹോദരൻ തന്നെയാണ് ആ കൃത്യം ചെയ്തത്. അദ്ദേഹം സമ്മതിച്ചു എന്നു മാത്രമല്ല, സമ്മതിച്ചതു കൊണ്ട് മാത്രം ഇന്നത്തെ സാഹചര്യത്തിൽ കോടതി അംഗീകരിക്കണമെന്നില്ല. എല്ലാവിധ സയന്റിഫിക് എവിഡൻസുകളും പോലീസിന്റെ കൈയിൽ കിട്ടിയിട്ടുണ്ട്. അതെല്ലാം പൂർത്തീകരിച്ചുകൊണ്ടാണ് കേസിന്റെ അന്വേഷണം മുന്നോട്ട് പോകുന്നത്. അദ്ദേഹം ഇവിടെ പറഞ്ഞു നിമിഷങ്ങൾക്കകം കാസറ്റുകൾ കൊടുത്തയച്ചിട്ടുണ്ട്. ഏതായാലും കാസറ്റ് ഞാൻ കാണാനിരിക്കുന്നില്ല. കാരണം ഇതുപോലുള്ള കേസുകളിൽ പ്രതികളെ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിക്കാനും ഒഴിവാക്കാനും ഒരു സബ് കമ്മിറ്റിയൊന്നും എന്റെ ഓഫീസിൽ ആയിട്ടില്ല. അതുകൊണ്ട് ഈ കത്തും കാസറ്റുകളും ഇന്നുതന്നെ ഇത് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് എത്തിച്ചുകൊടുക്കും. അതിനകത്ത് എത് കുറ്റം ആർ ചെയ്യുന്നു എന്നുള്ളതിന് നിയമാനുസൃതമായിട്ടുള്ള നടപടികളിലൂടെ മുന്നോട്ട് പോകും. പ്രതിപക്ഷ നേതാവ് തന്ന ഗൗരവത്തോടുകൂടിത്തന്നെ ഇത് കൈകാര്യം ചെയ്യുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഏകദേശം ഒരു വർഷം മുമ്പാണ് പെൺകുട്ടിയെ പെൺവാണിഭ സംഘത്തിന്റെ കയ്യിൽ നിന്ന് പിടി കൂടിയത്. ഒരു കൊല്ലമായി തോന്നാത്ത അഭിമാനബോധം ഈ കുട്ടിയുടെ സഹോദരന് ഈ കേസിന്റെ കുറ്റപത്രം സമർപ്പിക്കാൻ പോകുന്ന ഘട്ടത്തിൽ തോന്നി കൊന്നതാണെന്ന് വിശ്വസിക്കുന്നത് എത്രമാത്രം ഉചിതമാണെന്ന് എനിക്ക് അറിയില്ല. ഇതിന്റെ പിന്നിൽ തെളിവ് നശിപ്പിക്കാൻ ക്രിമിനൽ പുള്ളികളായ കുറ്റവാളികളായിട്ടുള്ളവർ ശ്രമിച്ചിട്ടുണ്ടെന്നും ഈ സഹോദരൻ അവരുടെ ആയുധമായിരുന്നു എന്നും വിശ്വസിക്കുന്നതല്ലേ കൂടുതൽ ഉചിതം?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ കേസ്സിൽ ഏറ്റവും ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തി 24 പ്രതികളിൽ 20 പ്രതികളേയും അറസ്റ്റു ചെയ്തു. അറസ്റ്റു ചെയ്യാതെ കിടക്കുന്ന നാലു പ്രതികൾ ആരൊക്കെയാണെന്ന് ഞാൻ അന്നു പറഞ്ഞു. ഓട്ടോറിക്ഷാ ഡ്രൈവർ, ഒരു തൊഴിലാളി തുടങ്ങിയ വെറും സാധാരണക്കാരായ, പാവപ്പെട്ടവരായ ആളുകളാണ്. ആരേയും സ്വാധീനമുള്ളവരല്ല. അവർ ഈ കേസിൽപ്പെട്ടു എന്നു വന്നതോടുകൂടി അവർ നാട് വിട്ടുപോയിരിക്കുന്നു. അവർ ഒരു സ്വാധീനവുമില്ലാത്തവരാണ്. എല്ലാ വിധത്തിലുള്ള നടപടികളും എടുത്തിട്ടുണ്ട്. മാത്രമല്ല, പോലീസ് ഈ കേസിന്റെ അന്വേഷണം നടത്തിയപ്പോൾ എല്ലാ പഴുതുകളും അടച്ചാണ് മുമ്പോട്ടു പോയത്. അവർ ഈ കുട്ടിയെക്കൊണ്ട് മജിസ്ട്രേട്ടിന്റെ മുന്നിൽ സ്റ്റേറ്റുമെന്റ് കൊടുപ്പിച്ചിട്ടുണ്ട്. ഇനി കേസ് വിസ്താരം വരുന്ന സമയത്ത് കുട്ടി ജീവിച്ചിരുന്നുവെങ്കിൽ ഈ പ്രതികൾക്ക് രക്ഷപ്പെടുന്നതിന് ചില മാർഗ്ഗമുണ്ടാകുമായിരുന്നു. കാരണം, ഏതെങ്കിലും വിധത്തിൽ ഈ കുട്ടിയെ ക്രോസ് ചെയ്യുന്ന സമയത്ത് മൊഴിയിൽ മാറ്റമെന്തെങ്കിലും വന്നിരുന്നുവെങ്കിൽ അവർക്ക് പ്രയോജനമാകുമായിരുന്നു. പക്ഷേ സ്റ്റേറ്റ്മെന്റ് 164-ന്റെ അടിസ്ഥാന ത്തിൽ അതാണ് അവശേഷിക്കുന്ന ഏക തെളിവ്. അതുകൊണ്ട് ഈ കേസിലെ പ്രതികൾ അങ്ങനെയൊന്നും രക്ഷപ്പെടുകയില്ല. പക്ഷേ ആരാണ് തെറ്റു ചെയ്തത്, ആ തെറ്റ് ചെയ്തവരെ തെറ്റാണെന്ന് പറഞ്ഞ് ബോധ്യപ്പെടുത്തി തിരുത്താൻ ശ്രമിച്ചിരുന്നുവെങ്കിൽ ഈ ദുരവസ്ഥ ഉണ്ടാകുമായിരുന്നില്ല. ആ കാര്യം ശ്രീമതി ശ്രീമതി ടീച്ചർ അന്വേഷിക്കണം. അന്നു തോന്നാതിരുന്ന അഭിമാനമെന്നല്ല, അതിനുശേഷം പലപ്രാവശ്യം കുട്ടിയെ ഉപദേശിച്ചു. നിവൃത്തിയില്ല. വീടു മാറി താമസിച്ചു. അകന്നു നിൽക്കാൻ ശ്രമിച്ചു. അതെല്ലാം കഴിഞ്ഞശേഷം നിവൃത്തിയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് വന്നു എന്നാണ് പോലീസിൽ മൊഴി കൊടുത്തിട്ടുള്ളത്. പക്ഷേ ആ തെളിവു മാത്രമല്ല, എല്ലാവിധ സയന്റിഫിക് എവിഡൻസും എടുത്തശേഷമാണ് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഇതിലേയക്ക് നീങ്ങിയിട്ടുള്ളത്. ഏതായാലും ഈ കേസുമായി ബന്ധപ്പെട്ട ഒരു കുറ്റവാളിയേയും രക്ഷപ്പെട്ടുപോകാൻ അനുവദിക്കുകയില്ല. ഇന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കോവളം കൊട്ടാരത്തെ സംബന്ധിച്ചകാര്യങ്ങളൊക്കെ ഇവിടെ ആവർത്തിച്ചു. ഏതായാലും സ്മാർട്ട് സിറ്റിയെക്കുറിച്ച് അദ്ദേഹം പരാമർശിക്കാത്തത് എന്താണെന്നെനിക്കറിയില്ല. ഏതായാലും ആ കാര്യത്തിൽ എനിക്ക് അദ്ദേഹത്തോട് നന്ദിയുണ്ട്. ഗവൺമെന്റിന്റെ ഒരിഞ്ചു ഭൂമിപോലും പൊതുജനങ്ങളുടെ ആവശ്യത്തിനായിട്ടുള്ള ഒരിഞ്ചു ഭൂമിപോലും ആരെയെങ്കിലും കയ്യേറാനോ പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങൾ ഇല്ലാതാക്കാനോ അനുവദിക്കുകയില്ലായെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അത് ആരുതന്നെയായാലും അനുവദിക്കുകയില്ലെന്ന് ഞാൻ വ്യക്തമായിട്ട് പറഞ്ഞു. കളക്ടറോട് റിപ്പോർട്ട് ചോദിച്ചിട്ടുണ്ട്. കളക്ടറുടെ കയ്യിൽ നിന്ന് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതനുസരിച്ചുള്ള നടപടികളിലേയ്ക്ക് നീങ്ങും. പക്ഷേ പ്രതിപക്ഷനേതാവിനോട് ഞാനൊരു കാര്യം അന്നു പറഞ്ഞിരുന്നു. അതിനെക്കുറിച്ച് അന്നും മിണ്ടിയില്ല. ഇന്നും മിണ്ടിയില്ല. ഈ ഹോട്ടലിന് അനുമതി കൊടുത്തത് പ്രതിപക്ഷനേതാവിന്റെ പാർട്ടിയുടെ നേതാവ് ഭരിക്കുന്ന തിരുവനന്തപുരം നഗരസഭയാണ്. അതിനെക്കുറിച്ച് അങ്ങ് അന്നും മറുപടി പറഞ്ഞില്ല. ഇന്നും മറുപടി പറഞ്ഞില്ല. ഇവിടെ പറഞ്ഞ കെട്ടിടവും ഇതിന് ഫ്ളോട്ടിംഗ് ബോട്ടുകളിടാനുള്ള അനുമതിയും കൊടുത്തത് തിരുവനന്തപുരം നഗരസഭയാണ്. അവർ എന്തെങ്കിലും തെറ്റു ചെയ്തു എന്നല്ല ഞാൻ പറയുന്നത്. പ്രതിപക്ഷനേതാവ്...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തിരുവനന്തപുരം നഗരസഭ അംഗീകാരം കൊടുത്തതിന് വിരുദ്ധമായി അവർ കയ്യേറി എന്നുള്ളതാണ് ഇപ്പോഴത്തെ പ്രശ്നം.

ശ്രീ. ഉമ്മൻ ചാണ്ടി: നഗരസഭ കൊടുത്ത അനുമതിക്ക് വിരുദ്ധമായി പ്രവർത്തിച്ചുവെങ്കിൽ നഗരസഭയ്ക്ക് ഒരു നോട്ടീസ് കൊടുത്തുകൂടേ? നിയമപരമായ നടപടികൾ സ്വീകരിച്ചുകൂടേ? ആ നഗരസഭ എന്തുകൊണ്ട് നിയമപരമായ നടപടിയിലേയ്ക്ക് നീങ്ങിയില്ല?

ശ്രീ. പിരപ്പൻകോട് മുരളി: സർ, നിയമവിരുദ്ധമായ പ്രവർത്തനം നടത്തിയതിന് കോർപ്പറേഷൻ നോട്ടീസ് കൊടുത്തിട്ടുണ്ട്. അങ്ങ് അന്വേഷിച്ചാൽ മനസ്സിലാകും.

ശ്രീ. ഉമ്മൻ ചാണ്ടി: എന്നു കൊടുത്തു? അതു പറയണം.

ശ്രീ. പിരപ്പൻകോട് മുരളി: ഹോട്ടലിന് കൊടുത്ത ലൈസൻസ് പുർവിനിയോഗം ചെയ്യുകയും പുറമ്പോക്ക് കയ്യേറുകയും ചെയ്തതിന് നോട്ടീസ് കൊടുത്തിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: എന്നു കൊടുത്തു?

ശ്രീ. പിരപ്പൻകോട് മുരളി: അത് കൃത്യമായി എനിക്കറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതൊരു വിവാദമായ സാഹചര്യത്തിൽ ആ ഹോട്ടലിന് അനുമതി കൊടുത്തതും അവർ കയ്യേറ്റം നടത്തിയതുമെല്ലാം കൂടി അങ്ങേയ്ക്ക് അന്വേഷിച്ചുകൂടേ?

ശ്രീ. ഉമ്മൻ ചാണ്ടി: അതാണ് പറഞ്ഞത്. അതുകൊണ്ടാണ് കളക്ടറോട് അതു സംബന്ധിച്ച്...

ശ്രീ. ബി. വിജയകുമാർ: സർ, ഇവിടെ തർക്കമുണ്ടായ ഉടൻ സി. പി. എം. -ന്റെ ജില്ലാ നേതാക്കൾ രണ്ടു പേർ ആ ഹോട്ടലിന്റെ മാനേജുമെന്റുമായി conciliation talk നടത്തി ഒത്തുതീർപ്പാക്കിയതാണ്. അതിനുശേഷമാണ് അവിടെ പ്രതിപക്ഷനേതാവ് പോയി പ്രശ്നമുണ്ടാക്കിയത്. ഗ്രൂപ്പ് തർക്കമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഏതായാലും ഞാനൊരു കാര്യം തുറന്നു പറയാം. ഗവൺമെന്റിന്റെ ഒരു തുണ്ടു ഭൂമിയും കയ്യേറാൻ ആരേയും സമ്മതിക്കുകയില്ല. അതിന്മേൽ നടപടികൾ ഉണ്ടാകും. പക്ഷേ ഇതു പോലുള്ള കാര്യങ്ങൾ വരുമ്പോഴൊക്കെ നിയമപരമായ നടപടികളുമായി മുന്നോട്ടു പോകുന്നതാണ് നല്ലത്. അത് നിങ്ങൾക്ക് ചെയ്യാൻ സാധിക്കുമായിരുന്നിട്ടും.... നഗരസഭ നിങ്ങളുടെയാണ്. ഇപ്പോൾ നോട്ടീസ് കൊടുത്തു എന്നു പറയുന്നു. അങ്ങനെ നോട്ടീസ് കൊടുത്ത് നിയമപരമായ നടപടി സ്വീകരിച്ചാൽ പോരേ? അവിടെ പോയി തല്ലിപ്പൊളിക്കേണ്ട കാര്യമുണ്ടോ? അവിടെപ്പോയി വെട്ടിനിരത്തൽ നടത്തേണ്ട കാര്യമുണ്ടോ? നിയമപരമായ നടപടിയിലേയ്ക്ക് പോകാമായിരുന്നു. പ്രതിപക്ഷനേതാവിന് യാതൊരു സംശയവും വേണ്ട., ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ ഹനിക്കാൻ ആരേയും അനുവദിക്കുകയില്ല. അതുപോലെ അവിടെ നിയമം ലംഘിച്ച് അക്രമം കാണിച്ചവർക്കെതിരെ, അവർ ആരുതന്നെയായിരുന്നാലും നടപടി എടുത്തിരിക്കും. അതിൽ യാതൊരു സംശയവും വേണ്ട. സർ, ഇവിടെ ഗൾഫാർ മുഹമ്മദാലിയുടെ ഹോട്ടലിന്റെ കാര്യം പറഞ്ഞു. എത്രയോ പ്രാവശ്യം അത് വ്യക്തമാക്കി. ആ കൊട്ടാരവും കൊട്ടാരമിരിക്കുന്ന ചുറ്റുപാടുമുള്ള സ്ഥലങ്ങളും ഗവൺമെന്റ് തിരിച്ചെടുത്തിട്ടുണ്ട്. നേരത്തേ തിരിച്ചെടുത്തു. അതിന് കേസുണ്ട്. കൊട്ടാരവും ആ സ്ഥലവും ഗവൺമെന്റ് എന്തുവില കൊടുത്തും ഗവൺമെന്റിന്റെ അധീനതയിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കും. അത് കൈവശപ്പെടുത്തും. അതു സംബന്ധിച്ചുള്ള കേസ് നടന്നു കൊണ്ടിരിക്കുകയാണ്. അത് എവിടം വരെയെത്തുകയാണെങ്കിലും താൽപ്പര്യങ്ങൾ സംരക്ഷിക്കും. അതേ സമയത്ത് ഹോട്ടൽ നിയമാനുസൃതം അദ്ദേഹം വാങ്ങിയതാണ്. അതിനപ്പുറത്തുള്ള കാര്യങ്ങൾ ചെയ്യാൻ അനുവദിക്കുകയില്ലായെന്നു പറയുന്നതിനോട് യോജിപ്പില്ല. അനധികൃതമായ കെട്ടിടനിർമ്മാണത്തിന് ഗവൺമെന്റ് ആരേയും അനുവദിക്കുകയില്ല. പക്ഷേ നിയമാനുസൃതമുള്ള മെയിന്റനൻസുപോലും നടത്താൻ പറ്റില്ലായെന്നു പറഞ്ഞാൽ അതൊരിക്കലും സമ്മതിക്കുകയില്ല. ഇതുപോലുള്ള കാര്യങ്ങളിൽ നമ്മൾ ഇനിയെങ്കിലും മനസ്സ് തുറക്കണ്ടേ? സ്മാർട്ട് സിറ്റിയെക്കുറിച്ച് പ്രതിപക്ഷനേതാവ്

കഴിഞ്ഞ പ്രാവശ്യം പറഞ്ഞപ്പോൾ പറഞ്ഞു, ചൈനയുടേയും ബംഗാളിന്റേയും പേര് പറഞ്ഞുകൊണ്ട് ഇവിടെ മുഴുവൻ വിറ്റുതുലയ്ക്കാൻ ആരേയും അനുവദിക്കുകയില്ലായെന്ന്. വിറ്റുതുലയ്ക്കാൻ പോയിട്ട് ഒരു പൈസയുടെ താൽപ്പര്യം വിട്ടുവീഴ്ച ചെയ്യേണ്ട. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു താൽപ്പര്യവും വിട്ടുവീഴ്ച ചെയ്യേണ്ട. ഇവിടെ വികസനം വരണ്ടേ? ഇവിടെ ഇൻവെസ്റ്റ്മെന്റ് വരണ്ടേ? ഇത് ഏതു സാഹചര്യത്തിലാണ് നമ്മൾ പറയുന്നതെന്ന് ആലോചിക്കണം. കഴിഞ്ഞ കാലങ്ങളിൽ നമുക്ക് പറ്റിയ തെറ്റുകൾ, പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് ഉച്ചത്തിൽ നമ്മൾ സംസാരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ ഈ നിലയിൽ എത്തിയതിന്റെ ഉത്തരവാദിത്വം നമുക്കില്ലേ? ഞാൻ നിങ്ങളെ മാത്രം കുറ്റപ്പെടുത്തുകയല്ല. നമുക്കെല്ലാം ഉത്തരവാദിത്വമുണ്ട്. ഭൂപരിധി നിയമം വന്ന സമയത്ത് ഭൂപരിധിയിൽ നിന്ന് റബ്ബർ, തേയില, കാപ്പി, ഏലം എന്നിവയെ ഒഴിവാക്കിയതുപോലെ കശുവണ്ടിയെക്കൂടി ഒഴിവാക്കിയിരുന്നുവെങ്കിൽ ഇന്ന് ആഫ്രിക്കൻ രാജ്യങ്ങളിൽ തോട്ടണ്ടി അന്വേഷിച്ച് നമുക്ക് നടക്കേണ്ടി വരുമായിരുന്നോ? അന്ന് നമ്മൾ പുരോഗമനം പറഞ്ഞു, അന്ന് നമ്മൾ മൽസരിച്ചു. അതിന്റെ ഫലമെന്നു പറയുന്നത് കശുവണ്ടിത്തൊഴിലാളികൾ പട്ടിണി കിടക്കുന്ന സാഹചര്യത്തിൽ എത്തി. അതിനുത്തരവാദി ആരാണ്? നമ്മൾ സമരം ചെയ്തിട്ട് എന്താണ് കാര്യം? നിങ്ങളും ഞങ്ങളും ഒരുപോലെ ഉത്തരവാദികളുമല്ലേ?

കഴിഞ്ഞ ദിവസം ഞാനൊരു കോൺഫറൻസ് വിളിച്ചുകൂട്ടി. അതിൽ ഡോ. തോമസ് ഐസക്കും പങ്കെടുത്തിരുന്നു. കയർ വ്യവസായത്തെക്കുറിച്ച് ആലോചിക്കാൻ വേണ്ടിയുള്ള ചർച്ചയായിരുന്നു. കയർ വ്യവസായത്തിന്റെ പ്രതിസന്ധിക്ക് ഏറ്റവും അടിസ്ഥാനപരമായ പ്രശ്നം തൊണ്ടില്ലെന്നുള്ളതാണ്. 500 കോടിയിലധികം തൊണ്ടുല്പാദിപ്പിക്കുന്ന കേരളത്തിൽ അതിന്റെ നാലിലൊന്ന് തൊണ്ടുപോലും നമുക്ക് ശേഖരിക്കാൻ സാധിക്കുന്നില്ല. എത്രയോ സമരങ്ങൾ തൊഴിലാളികൾക്കുവേണ്ടി നടത്തി. എവിടെയെല്ലാം എന്തെല്ലാം നടത്തി? മനുഷ്യച്ചങ്ങല നടത്തിയില്ലേ? പക്ഷേ എന്റേയും നിങ്ങളുടേയും വീട്ടുമുറ്റത്തു കിടക്കുന്ന തൊണ്ടെടുത്ത ഈ കയർ തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കാത്തവരാണ് നമ്മളെന്നുള്ളത് ചിന്തിക്കണം. വളരെ നിസ്സാരമല്ലേ? നമ്മുടെ പിടിപ്പുകേടുകൊണ്ട് കശുവണ്ടി പോയി. ഇന്നിപ്പോൾ ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി കിട്ടിയാൽ മാത്രമേ കശുവണ്ടി ഫാക്ടറി തുറക്കുകയുള്ളൂ. അതുപോലെ ഈ പാവപ്പെട്ട തൊഴിലാളികൾക്ക് തൊണ്ടു ശേഖരിച്ചു കൊടുക്കാൻപോലും നമുക്ക് സാധിച്ചിട്ടില്ല. ആ കുറ്റബോധം നമുക്കുവേണ്ടേ?

ശ്രീ. ടി. കെ. ദേവകുമാർ: സർ, അങ്ങ് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുൻപ് യു.ഡി.എഫ്.ന്റെ കൺവീനറായിരുന്നു. ഞാനുൾപ്പെടെയുള്ള ഒരു സർവ്വകക്ഷി നിവേദക സംഘം അങ്ങയെ വന്നുകാണുകയും കയർപിരി തൊഴിലാളികളുടെ പ്രശ്നം അവതരിപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ ചില തുകകൾ വകകൊള്ളിച്ചു. ഇന്ന് അങ്ങ് മുഖ്യമന്ത്രിയാണ്. വളരെ വിനയത്തോടുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു, ഏതെങ്കിലുമൊരു തൊഴിലാളി സഹകരണ സംഘത്തിന് ഒരു രൂപ ഈ കയർവകുപ്പുമന്ത്രി കൊടുത്തോയെന്ന് അങ്ങ് അന്വേഷിക്കണം. എങ്ങനെ തൊണ്ടു സംഭരിക്കും?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: അതുതന്നെയാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്ന് എല്ലാവരെയും വിളിച്ചുകൂട്ടി ചർച്ച ചെയ്തു, ഒരു സബ് കമ്മിറ്റിയെ വച്ചു, സബ് കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യാനാണ് കഴിഞ്ഞ ആഴ്ച ഉച്ചയ്ക്ക് രണ്ടുമണിമുതൽ 5 മണിവരെ മീറ്റിംഗ് കൂടിയത്. അവിടെ നടന്ന ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ, നമുക്കെന്തുപറ്റി എന്നുള്ളത് ആലോചിക്കണ്ടേ? ഇവിടെ ഏറ്റവുമധികം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയാണ് കയർ മേഖല. നമ്മുടെ വീട്ടുമുറ്റത്തുള്ള തൊണ്ടുപോലും കയർ തൊഴിലാളികൾക്ക് പണികൊടുക്കാൻ ഉപയോഗിക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമുള്ള നമ്മുടെ നാട്ടിൽ ഇനിയും ആരും ഇങ്ങോട്ടുവരണ്ട. ഇനി ആരേയും വരാൻ അനുവദിക്കില്ല എന്നുള്ള നിലയിൽ നമ്മൾ പോയാൽ എവിടെ എത്തും ? അതുകൊണ്ട് ഒരു പുത്തൻ ശൈലി, ഒരു പുത്തൻ സമീപനം നമുക്കാവശ്യമാണ്. നമ്മൾ പല സ്ഥലത്തും പരാജയപ്പെട്ടു. നമ്മളത് തുറന്നു സമ്മതിക്കണം. നമ്മുടേതായ സമീപനവും നമ്മുടേതായ ശൈലിയും കൊണ്ട് നമ്മൾ പരാജയപ്പെട്ടു. അതിന്റെ ഫലമായി ഇവിടെയുള്ള അനേകലക്ഷം തൊഴിലാളികളും മറ്റും ബുദ്ധിമുട്ടുന്ന സാഹചര്യത്തിലാണ്. നമ്മുടെ പുതിയ തലമുറയ്ക്കെങ്കിലും അവസരങ്ങൾ കൊടുക്കണം. അതിനു വേണ്ടിയുള്ള ശ്രമങ്ങളിൽ സഹകരിക്കണം. സംസ്ഥാനത്തിന്റെ ഒരു താല്പര്യവും ബലികഴിക്കില്ല. പക്ഷേ സംസ്ഥാനത്തിന് മൊത്തത്തിൽ പ്രയോജനം ചെയ്യുന്ന പരിപാടികളുമായി നമുക്ക് മുന്നോട്ടു പോകാൻ സാധിക്കണം. അതിനുവേണ്ടിയുള്ള പ്രായോഗികമായ നിർദ്ദേശങ്ങളും സമീപനവുമാണ് നമുക്ക് ആവശ്യം. ആ ഒരു പ്രായോഗികമായ സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.35-ന് പിരിഞ്ഞു.)